## മോൺ. ജോസഫ് കണിയാമറ്റത്തിൽ അച്ചന്



# മാനന്തവാടി രൂപതയുടെ

# ആദരാഞ്ജലികൾ

## പൗരോഹിത്യ ശുശ്രൂഷയിൽ 25 വർഷങ്ങൾ പിന്നിടുന്ന ബഹു. വൈദികർക്ക് ആശംസകൾ. പ്രാർത്ഥനാമംഗളങ്ങൾ



**Rev. Fr. Sebastian Keezheth**
**Ordination: 28-12-89**



**Rev. Fr. George Padinjarayil**
**Ordination: 30-12-89**

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 05 ഫെബ്രുവരി–2014 ലക്കം 2**

ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


മോൺ. ജോസഫ് കണിയാമറ്റം അച്ചന്
ആദരാഞ്ജലികൾ ...................................... 07
തിരുബാലസഖ്യദിനം (സർക്കുലർ) ...................................... 11
സർക്കുലർ ...................................... 15
സർക്കുലർ ...................................... 20
ലോകരോഗീദിന സന്ദേശം ...................................... 23
കർഷകദിനം (സർക്കുലർ) ...................................... 27
മദ്യവിമുക്തവർഷം ...................................... 31
രൂപതാകച്ചേരി വാർത്തകൾ ...................................... 35
വിദ്യാഭ്യാസ സഹായനിധി ...................................... 39
മേജർസെമിനാരിക്കാർ നയിക്കുന്ന
അവധിക്കാല ക്യാമ്പുകളും ധ്യാനങ്ങളും ...................................... 41
ദൈവവിളി ക്യാമ്പുകൾ ...................................... 42
മതബോധനരംഗം ...................................... 44
ചെറുപുഷ്പമിഷൻലീഗ് ...................................... 48
കെ.സി.വൈ.എം. ...................................... 57
കുടുംബപ്രേഷിതത്വം ...................................... 63
സീയോൻ വാർത്തകൾ ...................................... 68
ജീസസ് യൂത്ത് ...................................... 71
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ...................................... 72
വിൻസെന്റ് ഡി പോൾ സൊസൈറ്റി ...................................... 74
സാമൂഹ്യ സേവനരംഗം (WSSS) ...................................... 78
കേരളാ ലേബർ മൂവ്മെന്റ് ...................................... 83
*Mary Matha arts & science college* ...................................... 84
അറിയിപ്പുകൾ ...................................... 87
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ...................................... 90
ബിഷപ്സ് പ്രോഗ്രാം ...................................... 91

# മോൺ. ജോസഫ് കണിയാമറ്റം അച്ചന് ആദരാഞ്ജലികൾ

മോൺ. ജോസഫ് കണിയാമറ്റം 2014 ജനുവരി 17-ന് രാവിലെ കർത്താവിൽ നിദ്ര പ്രാപിച്ചു. 1940 ഓഗസ്റ്റ് 24-ന് കോതമംഗലം രൂപതയിൽപ്പെട്ട ചെപ്പുകുളം ഇടവകയിൽ ആഗസ്തി-ബ്രിജീത്താ ദമ്പതികളുടെ 5-ാമത്തെ മകനായി അച്ചൻ ജനിച്ചു. കുടുംബം മലബാറിൽ കുടിയേറിയതിനെ തുടർന്ന് സെന്റ് മേരീസ് യു.പി. സ്കൂൾ കൂടത്തായി, സെന്റ് ജോസഫ് ഹൈസ്കൂൾ കോടഞ്ചേരി എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനുശേഷം 1957-ൽ തലശ്ശേരി രൂപതയ്ക്കുവേണ്ടി കുന്നോത്ത് മൈനർ സെമിനാരിയിൽ ചേർന്നു. ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്രവും 2 വർഷം ദൈവശാസ്ത്രവും പഠിച്ചു. തുടർന്ന് റോമിലെ ഊർബൻ യൂണിവേഴ്സിറ്റിയിൽ ദൈവശാസ്ത്രപഠനം പൂർത്തിയാക്കി ദൈവശാസ്ത്രത്തിൽ ഡോക്ടർ ബിരുദം സമ്പാദിച്ചു. 1966 ജനുവരി 6-ന് റോമിൽ വച്ച് പരിശുദ്ധ പിതാവ് പോൾ ആറാമൻ മാർപ്പാപ്പയിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. റോമിലെ പഠനത്തിനുശേഷം നാട്ടിൽ തിരിച്ചെത്തിയ അച്ചനെ അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവ് പേരാവൂർ പള്ളിയുടെ അസി. വികാരിയായി നിയമിച്ചു. 1970 മുതൽ 1972 വരെ തലശ്ശേരി രൂപതയുടെ ചാൻസലർ, അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ സെക്രട്ടറി, രൂപതാ അസി. പ്രൊക്കുറേറ്റർ, സോഷ്യൽ സർവ്വീസ് ഡയറക്ടർ, വളയം, വാഴമല ഇടവകകളുടെ വികാരി എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. തുടർന്ന് പെരുമ്പുന്ന ഇടവകയിൽ വികാരിയായും തലശ്ശേരി രൂപതാകോടതി ജഡ്ജിയായും സേവനം ചെയ്തു. മാനന്തവാടി രൂപത നിലവിൽ വന്ന 1973 മെയ് 1 മുതൽ 1989 മെയ് 11 വരെ രൂപതാ പ്രൊക്യുറേറ്ററായി സേവനം ചെയ്തു. ഈ കാലയളവിൽ ഏതാനും വർഷങ്ങൾ സോഷ്യൽ സർവ്വീസ് ഡയറക്ടർ, വിയാനി ഭവൻ ഡയറക്ടർ, മാനന്തവാടി സെന്റ് ജോസഫ് ആശുപത്രി, കല്പറ്റ ഡീ പോൾ സ്കൂൾ, കയ്യൂന്നി സേക്രട്ട് ഹാർട്ട് സ്കൂൾ എന്നിവയ്ക്കുവേണ്ടിയുള്ള ട്രസ്റ്റുകളുടെ ചെയർമാൻ ആയും കാട്ടിക്കുളം, കമ്മന എന്നീ പള്ളികളിൽ വികാരിയായും സേവനം ചെയ്തു.

1989 മെയ് 11 മുതൽ 1995 ജൂലൈ 27 വരെ മാനന്തവാടി രൂപതയുടെ രണ്ടാമത്തെ വികാരി ജനറാളായും ജുഡീഷ്യൽ വികാരിയായും 1995 ജൂലൈ 27 മുതൽ 1997 ജനുവരി 26 വരെ രൂപതാ അഡ്മിനി

സ്ട്രേറ്ററായും സേവനം അനുഷ്ഠിച്ചു. 1997 മുതൽ 2001 വരെ തരിയോട്, 2001–2006 വരെ പുൽപ്പള്ളി ടൗൺ പള്ളി, 2006–2008 വരെ അമ്പലവയൽ മാർട്ടിൻ ഡീ പോറസ് പള്ളി എന്നിവയുടെ വികാരിയായും സേവനം ചെയ്തു. 2008 മെയ് മാസം മുതൽ ചുണ്ടക്കര ഇടവകയിൽ വികാരിയായി സേവനം ചെയ്തുവരികയായിരുന്നു. കഠിനമായ ന്യൂമോണിയ ബാധയെത്തുടർന്ന് 2013 ഡിസംബർ 27 ന് കൽപറ്റ ഫാത്തിമാ ആശുപത്രിയിലും തുടർന്ന് 2014 ജനുവരി 1–ന് കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിലും പ്രവേശിപ്പിച്ചു. രോഗം മൂർച്ഛിച്ച് മോൺ. ജോസഫ് കണിയാമറ്റം 2014 ജനുവരി 17–ന് രാവിലെ 11 മണിയ്ക്ക് കർത്താവിൽ നിദ്ര പ്രാപിച്ചു.

അച്ചന്റെ മൃതദേഹം അന്ന് ഉച്ചയ്ക്ക് 2 മണിയോടെ 93 വയസ്സുള്ള അച്ചന്റെ ജ്യേഷ്ഠസഹോദരനും മറ്റു കുടുംബാംഗങ്ങൾക്കും അന്തിമോപചാരമർപ്പിക്കാൻ കൂടരഞ്ഞിയിലുള്ള അച്ചന്റെ സഹോദരന്റെ വീട്ടിൽ എത്തിച്ചു. കൂടരഞ്ഞി ഇടവകയിലെ ബഹു. വികാരിയച്ചനും മറ്റ് ഏതാനും വൈദികരും അനേകം സമർപ്പിതരും അയൽക്കാരും ഇടവകാംഗങ്ങളുമായി ഏറെപ്പേർ അന്തിമോപചാരം അർപ്പിക്കുവാൻ വീട്ടിൽ എത്തിയിരുന്നു. താമരശ്ശേരി രൂപതയുടെ ബിഷപ്പ് എമരിറ്റസ് അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവ് വീട്ടിൽ വന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

തുടർന്ന് അച്ചന്റെ മൃതദേഹം അച്ചൻ വികാരിയായി സേവനം ചെയ്തുകൊണ്ടിരുന്ന ചുണ്ടക്കര സെന്റ് ജോസഫ് ഇടവക ദേവാലയത്തിൽ പൊതുദർശനത്തിനായി വൈകുന്നേരം 6 മണിയോടെ എത്തിച്ചു. മാനന്തവാടി രൂപതാ മെത്രാൻ മാർ ജോസ് പൊരുന്നേടം പിതാവും അനേകം വൈദികരും സമർപ്പിതരും ദൈവജനവും അച്ചന്റെ ഭൗതീക ദേഹം ദർശിക്കാനും പ്രാർത്ഥിക്കാനുമായി ദേവാലയത്തിൽ എത്തിയിരുന്നു. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും അനുശോചന സന്ദേശം നൽകുകയും ചെയ്തു. കർത്താവിന്റെ വഴികൾ നിഗൂഢങ്ങളാണെന്നും അവിടുത്തെ തിരുഹിതത്തോടെ സമ്മതം പറയുമ്പോഴാണ് ക്രൈസ്തവർ എന്ന നിലയിൽ നമ്മുടെ ജീവിതത്തിന് അർത്ഥമുണ്ടാവുക എന്ന് പിതാവ് സൂചിപ്പിച്ചു. അച്ചൻ മാനന്തവാടി രൂപതയ്ക്ക് ചെയ്ത സേവനങ്ങൾ അതുല്യമാണെന്നും ശുശ്രൂഷയിൽ ആയിരിക്കുമ്പോൾ നിത്യ സമ്മാനത്തിനായി വിളിക്കപ്പെടുന്നത് വലിയ ഭാഗ്യമാണെന്നും പിതാവ് പറഞ്ഞു.

തുടർന്ന് 7 മണിക്ക് മാനന്തവാടി രൂപതാ വികാരിജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേലിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. ബലി

യർപ്പിച്ച് പ്രാർത്ഥിച്ചു. തുടർന്ന് തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത അഭിവന്ദ്യ ജോർജ് വലിയമറ്റം പിതാവ് അച്ചന് അന്തിമ ഉപചാരം അർപ്പിക്കുകയും ഒപ്പീസു ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. പിതാവിനോടൊപ്പം ചാൻസലറച്ചനും സെക്രട്ടറിയച്ചനും ഉണ്ടായിരുന്നു.

മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗത്തിനുശേഷം രാത്രി 10 മണിക്ക് മൃതദേഹം അനേകം വാഹനങ്ങളുടെ അകമ്പടിയോടെ ദ്വാരക പാസ്റ്ററൽ സെന്ററിൽ എത്തിച്ചു. ധാരാളം വൈദികരും സമർപ്പിതരും അത്മായ സഹോദരങ്ങളും അച്ചന്റെ ഭൗതീക ശരീരം ദർശിക്കാനും പ്രാർത്ഥിക്കാനുമായി കാത്തുനിൽക്കുന്നുണ്ടായിരുന്നു. ബത്തേരി രൂപതാ വികാരി ജനറാൾ മോൺ. തോമസ് ചാമക്കാലാ അച്ചൻ, സഹവികാരി ജനറാൾ മോൺ. താന്നിക്കാക്കുഴി അച്ചൻ, ചാൻസലർ അച്ചൻ, ശ്രേയസ് ഡയറക്ടർ എന്നിവർ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

പുലർച്ചെ 6 മണിക്ക് രൂപതാ പ്രൊക്കുറേറ്റർ ബഹു. ബെന്നി മുതിരക്കാലായിലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ അച്ചനുവേണ്ടി വിശുദ്ധ ബലിയർപ്പിച്ചു. രാവിലെ 9.30 ന് ബഹു. ജനറാളച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടാംഭാഗം നടത്തുകയും തുടർന്ന് സീയോൻ ഹാളിലേയ്ക്ക് മൃതദേഹം പ്രദക്ഷിണമായി സംവഹിക്കപ്പെടുകയും ചെയ്തു.

11 മണിക്ക് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അച്ചനുവേണ്ടി വി. ബലിയർപ്പിച്ചു. വി. ബലിയുടെ ആരംഭത്തിൽ മേജർ ആർച്ച്ബിഷപ്പ് കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ അനുശോചന സന്ദേശം രൂപതാ ചാൻസലർ ഫാ. ജോസഫ് പരുവുമ്മേൽ വായിച്ചു. അച്ചന്റെ നിര്യാണത്തിലൂടെ ഉത്തമനായ ഒരു വൈദികനാണ് നമ്മോട് വിടപറഞ്ഞിരിക്കുന്നതെന്നും പരിശുദ്ധ പിതാവിന്റെ ഭാഷയിൽ ആടുകളുടെ ഗന്ധമുള്ള ഒരു അജപാലകനായിരുന്നുവെന്നും പിതാവ് സന്ദേശത്തിൽ ചൂണ്ടിക്കാട്ടി.

മാനന്തവാടി രൂപതയുടെ പ്രഥമമെത്രാനും തൃശൂർ അതിരൂപതയുടെ ആർച്ചുബിഷപ്പ് എമരിറ്റസുമായ മാർ ജേക്കബ് തൂങ്കുഴി വചന സന്ദേശം നൽകി. കഠിനാദ്ധ്വാനവും ലളിത ജീവിതവും കൈമുതലാക്കിയ മാതൃകാ വൈദികനായിരുന്നു എല്ലാവരും വാത്സല്യത്തോടെ കുഞ്ഞേപ്പച്ചൻ എന്നു വിളിച്ചിരുന്ന മോൺ. ജോസഫ് കണിയാമറ്റം അച്ചൻ എന്ന് പിതാവ് പറഞ്ഞു. മാനന്തവാടി രൂപതയുടെ വികസനത്തിനു മാത്രമല്ല, ഒരു പരിധിവരെ വയനാടിന്റെ വികസനത്തിനും അച്ചൻ നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ടെന്നും പിതാവ് സൂചിപ്പിച്ചു. ഇന്നുവരെ

മാനന്തവാടി രൂപതയുടെ കേന്ദ്രത്തിൽ ആയിരുന്നുകൊണ്ട് ഏറ്റവും അധികം സേവനം ചെയ്തിട്ടുള്ളത് അച്ചനായിരുന്നുവെന്നും തലശ്ശേരി രൂപത മാനന്തവാടി രൂപതയ്ക്ക് നൽകിയ ഏറ്റവും വലിയ സമ്മാനമാണെന്നും സേവനരംഗത്തായിരിക്കുമ്പോൾ മരിക്കുക എന്നത് അച്ചന്റെ ആഗ്രഹമായിരുന്നുവെന്നും അച്ചന്റെ ആ ആഗ്രഹം സാധിച്ചുവെന്നും പിതാവ് പറഞ്ഞു. മണ്ഡ്യ രൂപതാ മെത്രാൻ മാർ ജോർജ് ഞരളക്കാട്ട്, ഭദ്രാവതി രൂപതാ മെത്രാൻ മാർ ജോസഫ് അരുമച്ചാടത്ത്, തലശ്ശേരി അതിരൂപതാ വികാരി ജനറാൾ മോൺ. അബ്രാഹം പോണാട്ട്, താമരശ്ശേരി രൂപതാ വികാരിജനറാൾ മോൺ. മാത്യു മാവേലി, മാനന്തവാടി രൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ, സിഞ്ചെല്ലൂസ് മോൺ. ജെയിംസ് കുറ്റിമാക്കൽ, മണ്ഡ്യ രൂപതാ ചാൻസലർ റവ.ഫാ.പോൾ വാഴപ്പിള്ളി, കണിയാമറ്റം അച്ചന്റെ ബന്ധു റവ.ഫാ. ജസ്റ്റിൻ വടക്കയിൽ, ചുണ്ടക്കര അസി. വികാരി റവ. ഫാ. രാജേഷ് പുഞ്ചത്തലയ്ക്കൽ എസ്.ജെ. എന്നിവർ സഹകാർമ്മികരായിരുന്നു. ജനറാളച്ചൻ രൂപതയുടെ പേരിൽ എല്ലാവർക്കും നന്ദി അറിയിച്ചു.

വി. കുർബാന്ക്ക് ശേഷം ശവസംസ്കാര ശുശ്രൂഷയുടെ അവസാനഭാഗം ആരംഭിച്ചു. സന്നിഹിതരായിരുന്ന അഭിവന്ദ്യ പിതാക്കന്മാരും താമരശ്ശേരി രൂപതയുടെ മെത്രാൻ മാർ റെമിജിയോസ് ഇഞ്ചനാനിയിലും ശവസംസ്കാരകർമ്മത്തിൽ പങ്കെടുത്തു. അനേകം വൈദികരും സമർപ്പിതരും വിശ്വാസികളും കണിയാമറ്റം അച്ചന്റെ സഹപാഠിയായ മോൺ. തോമസ് ചരിവുപുരയിടവും (ബത്തേരി രൂപത) കർമ്മങ്ങൾക്ക് സാക്ഷികളായി. 1.45 ന് അച്ചന്റെ മൃതദേഹം ദ്വാരക വൈദികർക്കുവേണ്ടിയുള്ള സിമിത്തേരിയിൽ സംസ്കരിച്ചു.

മാനന്തവാടി രൂപതയ്ക്ക് ദൈവം കനിഞ്ഞു നൽകിയ സമ്മാനമായിരുന്നു മോൺ. ജോസഫ് കണിയാമറ്റം. രൂപതയുടെ ആരംഭം മുതൽ അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിനോട് ചേർന്ന് രൂപതയുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുള്ള അച്ചന്റെ പാവന സ്മരണയ്ക്കു മുൻപിൽ മാനന്തവാടി രൂപതാകുടുംബം നിറമിഴികളോടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

●

# തിരുബാലസഖ്യദിനം

## 2014 ഫെബ്രുവരി 9

### കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ ഏറ്റവും പ്രിയപ്പെട്ട മാതാപിതാക്കന്മാരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

1. ഫെബ്രുവരിയിലെ രണ്ടാമത്തെ ഞായറാഴ്ചയാണല്ലോ എല്ലാവർഷവും തിരുബാലസഖ്യദിനമായി ആഗോള കത്തോലിക്കാസഭ ആചരിക്കുന്നത്. ബാല്യം മുതലേ ഈശോ മാതാപിതാക്കന്മാർക്ക് വിധേയനായി ജീവിച്ചുവെന്ന കാര്യം ഈ സുദിനത്തിൽ നമ്മുടെ യെല്ലാം പരിചിന്തനത്തിനു വിധേയമാകണം. 1843-ൽ ഫ്രാൻസിലെ നാൻസി രൂപതാദ്ധ്യക്ഷൻ ബിഷപ് ചാൾസ് ഡി ഫോർബിൻ ജാക്സൺ തിരുബാലസഖ്യത്തിന് രൂപം കൊടുക്കുകയും 1922-ൽ 10-ാം പീയൂസ് പാപ്പ, ഇതിനെ പൊന്തിഫിക്കൽ പദവിയിലേയ്ക്ക് ഉയർത്തുകയും ചെയ്തു. 11-ാം പീയൂസ് മാർപാപ്പ, 1950-ലാണ് ഫെബ്രുവരി രണ്ടാം ഞായറാഴ്ച തിരുബാലസഖ്യദിനമായി ആഗോളസഭ ആചരിക്കണ മെന്ന് നിഷ്കർഷിച്ചത്.

2. നസ്രത്തിൽ യൗസേപ്പുപിതാവും പരിശുദ്ധ കന്യകാമറിയവും ഉണ്ണിയേശുവിൽ തിരുബാലനെ കണ്ടെത്തുന്നത് അവരുടെ ദൈവപദ്ധതിയുമായുള്ള പങ്കുചേരലിലാണ്. ഇന്നത്തെ മാതാപിതാക്ക ന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. “ശുഭമായ ഭാവിക്കു” വേണ്ടിയുള്ള ദൈവികപദ്ധതിക്ക് കൂട്ടുനിൽക്കുവാൻ മാതാപിതാക്കന്മാർ ചിലകാര്യങ്ങൾ ശ്രദ്ധിക്കേണ്ട തുണ്ട്.

3. ഒന്നാമത്, കുട്ടികൾ "പാറമേൽ പണിത ഭവനങ്ങൾ" പോലെയാകണം. മാതാപിതാക്കന്മാരുടെ വിശ്വാസ തീക്ഷ്ണതയും ആഴപ്പെട്ട ബോധ്യങ്ങളും ദൃഢമായ സ്നേഹവുമുള്ള പാറമേൽ വേണം ബാല്യങ്ങളും കൗമാരങ്ങളും രൂപപ്പെടുവാൻ. രക്ഷകനായ യേശുവിൽ ദൃഢമായി വിശ്വസിക്കുകയും കത്തോലിക്കാ സഭാചൈതന്യത്തിൽ ആയിരിക്കുകയും സാമൂഹിക പ്രതിജ്ഞാ ബദ്ധതയോടെ ജീവിക്കുകയും ചെയ്യുക എന്നത് ഈ ആഴപ്പെട്ട ജീവിതത്തിന് ആവശ്യമാണ്. ദൈനംദിന കുടുംബപ്രാർത്ഥനയും കൗദാശിക ജീവിതവും കുട്ടികളുടെ മതബോധനവും ഒക്കെ പ്രത്യേകം ശ്രദ്ധിക്കേണ്ട മേഖലകളാണ്.

4. രണ്ടാമത്, ഒരു സമർപ്പണ ചിന്തയാണ്. "വളർത്തുന്നവൻ ദൈവമാണ്" എന്ന സത്യം തിരിച്ചറിയുമ്പോൾ പരിശുദ്ധ അമ്മ ചെയ്തതുപോലെ ഓരോ കുഞ്ഞിനെയും ദൈവാലയത്തിൽ കൊണ്ടു ചെന്ന് ദൈവത്തിന് കാഴ്ചവയ്ക്കും. അതായത്, ദൈവപദ്ധതിക്ക് പൂർണ്ണമായും കുട്ടികളെ വിട്ടുകൊടുക്കും. അവരുടെ ജീവിതപാതകളെ മെനയുന്ന കർത്താവിന് അവരെ വിട്ടുകൊടുക്കുമ്പോൾ വിടുതലിന്റെ സ്വാതന്ത്ര്യവും നല്ല ദൈവത്തിലുള്ള കൂടുതലായ ആശ്രയബോധവും അവർക്ക് സ്വന്തമാകും. പൗരോഹിത്യ സന്ന്യാസ ജീവിതാന്തസിലേക്കു നീങ്ങാനാഗ്രഹിക്കുന്ന കുട്ടികളുടെ മാതാപിതാക്കന്മാരും ബന്ധുക്കളും സുഹൃത്തുക്കളും അവരെ അതിന് അനുയോജ്യമായ രീതിയിൽ കൈപിടിക്കേണ്ടതാണ്. അതിനു തയ്യാറാവാതെ അവരുടെ സ്വപ്നങ്ങളെ വിലയിടിച്ചുകാണിക്കുകയും അവരെ അതിൽ നിന്ന് പിന്തിരിപ്പിക്കുകയും ചെയ്യുന്നവർ ദൈവപദ്ധതിയോട് പടപൊരുതുകയാണ് ചെയ്യുന്നത്. "കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ, അവരെ തടയരുത്" എന്നത് ഒരു ദൈവകല്പനയായി നാം തിരിച്ചറിയണം.

5. ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തിരഞ്ഞെടുക്കുവാൻ മാതാപിതാക്കന്മാരും അവരോടു ചേർന്ന് അധ്യാപകരും കുട്ടികളെ പരിശീലിപ്പിക്കേണ്ടതുണ്ട്. ഒരു വൈകാരിക വിസ്ഫോടനത്തിനു ശേഷമോ, മാതാപിതാക്കളുടെയും മുതിർന്നവരുടെയും പ്രീതിക്കുവേണ്ടിയോ ആവരുത് ഈ തിരഞ്ഞെടുപ്പുകൾ കുട്ടികൾ നടത്തുന്നത്. സമാധാനപൂർണ്ണവും സർഗ്ഗാത്മകവുമായ ഭാവിക്ക് ശരിയായ തിരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കുവാൻ

വൈദികരും, സന്യസ്തരും മറ്റ് ആദ്ധ്യാത്മിക ഗുരുക്കന്മാരും മുന്നോട്ടു വരണം. മക്കളെ നന്നായി വളർത്തുകയെന്നത് കുഞ്ഞുങ്ങൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽ നിന്നു വരുന്ന ഉത്തരവാദിത്വമാണ്. ഇത് കൂടുതൽ തെളിയേണ്ട സാമൂഹിക സാഹചര്യങ്ങളുമാണ് ഇന്നുള്ളത്.

6. കുട്ടികളുടെ സുരക്ഷിതത്വ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. ശാരീരികവും ആദ്ധ്യാത്മികവുമായ അപകടമേഖലകൾ കൂടിവരുന്നത് നാം തിരിച്ചറിയണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വിൽക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. മുതിർന്നവർ ലൈംഗികമായി കുട്ടികളെ ദുരുപയോഗം ചെയ്യാതിരിക്കാനും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്ക് കുട്ടികൾ കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കന്മാർ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. സോഷ്യൽ മീഡിയയിലൂടെയും ടെലിഫോൺ ഉപയോഗത്തിലൂടെയും കുട്ടികൾ വഴിതെറ്റാതിരിക്കു വാനും പ്രത്യേക ശ്രദ്ധ ആവശ്യമാണ്. കുട്ടികളുടെ അസാധാരണമായ പെരുമാറ്റങ്ങളും നിശ്ശബ്ദതകളും ഒക്കെ തിരിച്ചറിഞ്ഞ് മക്കളെ സുരക്ഷിതമായി നയിക്കുവാൻ എല്ലാ മാതാപിതാക്കന്മാരും ശ്രദ്ധിക്കണം.

7. സഭയോടൊത്തു ചിന്തിക്കാനും പ്രവർത്തിക്കാനും കുട്ടികളെ പഠിപ്പിക്കുകയും വേണം. പൈശാചികവും തെറ്റിക്കുന്നതുമായ മേഖലകളിൽ നിന്ന് കുട്ടികളെ ഒഴിവാക്കി നിറുത്തുവാൻ സഭയോടും സഭാതനയരോടും ചേർന്നു നില്ക്കുക, പ്രവർത്തിക്കുക അത്യാ വശ്യമാണ്. കുടുംബയൂണിറ്റുകളുടെയും സഭാസംഘടനകളുടെയും പ്രവർത്തനങ്ങളിൽ പങ്കെടുക്കാനും സഭാധികാരികളോട് സ്നേഹവും പരിഗണനയും ഉള്ളവരുമായി വളരാനും കുട്ടികളെ പ്രോത്സാ ഹിപ്പിക്കണം. സഭാചൈതന്യത്തിൽ കുട്ടികളെ വളർത്തുന്ന എല്ലാ മാതാപിതാക്കന്മാരേയും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പേരിൽ ഞങ്ങളുടെ സ്നേഹവും നന്ദിയും അറിയിക്കുന്നു.

8. തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ നമ്മുടെ കുഞ്ഞുങ്ങളെ 'തിരുബാല്യ'ത്തിലേക്ക് ഉയർത്തുവാൻ സഭയുടെ എല്ലാ ഘടകങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ ഇടയാകണം. അതിനാൽ

പ്രിയ സഹോദരങ്ങളേ, നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്രനന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസംഖ്യ ദിനത്തിൽനമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിൻ മുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ.

സ്നേഹപൂർവ്വം,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് യൂഹാനോൻ മാർ ക്രിസോസ്റ്റോം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

---

NB:- ഈ സർക്കുലർ ഫെബ്രുവരി 9-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

# സർക്കുലർ

***Circular Letter No. 02/2014***
***Prot. No. 14516/2014***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ലഹരിവസ്തുക്കളുടെ ഉപയോഗം നമ്മുടെ സമൂഹത്തിൽ വളരെയേറെ വർദ്ധിച്ചിരിക്കുന്നു എന്നത് ഒരു വസ്തുതയാണ്. മദ്യവും മയക്കുമരുന്നുകളും സമൂഹത്തിലുണ്ടാക്കുന്ന നഷ്ടത്തെപ്പറ്റി മാദ്ധ്യമങ്ങളിലൂടെ വരുന്ന വാർത്തകൾ നമ്മെ നിരന്തരം ഓർമ്മപ്പെടുത്തുന്നുണ്ട്. തന്റെ ഉപയോഗത്തിനായി സ്വന്തം പിതാവ് വാങ്ങി വച്ചിരുന്ന മദ്യം അമിതമായി കുടിച്ചതിന്റെ ഫലമായി ഒരു ഒമ്പത് വയസ്സുകാരൻ മരണമടഞ്ഞ വാർത്ത പത്രങ്ങളിൽ വായിച്ചത് നിങ്ങൾ ഓർമ്മിക്കുമല്ലോ. അതേത്തുടർന്ന് ഒന്നിലധികം പത്രങ്ങൾ അതേപ്പറ്റി എഡിറ്റോറിയലുകൾ എഴുതുകയും ചെയ്തു. ഇതെല്ലാം എത്ര പേർ വായിക്കുന്നുണ്ടെന്നും ലഹരിയുടെ ഉപയോഗം സൃഷ്ടിക്കുന്ന പ്രശ്നങ്ങളെപ്പറ്റി ബോധ്യം വന്ന് അതിൽ നിന്ന് പിന്തിരിയുന്നു എന്നതും വലിയൊരു ചോദ്യമായി ഇനിയും അവശേഷിക്കുന്നു.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ മദ്യം കഴിക്കുന്നവർ കേരളത്തിലാണ് എന്ന വസ്തുത നമുക്ക് ഒട്ടും അഭിമാനിക്കാവുന്ന കാര്യമല്ല. മദ്യപരുടെ കുറഞ്ഞ പ്രായം കേരളത്തിൽ കേവലം പതിമൂന്ന് ആണ് എന്നതും ഞെട്ടിപ്പിക്കുന്ന വസ്തുതയാണ്. സ്കൂൾ-കോളേജ് വിദ്യാർത്ഥികളുടെ ഇടയിൽ മയക്കുമരുന്നിന്റെ ഉപയോഗം വളരെ വ്യാപകമാണ് എന്ന് പല സർവ്വേകളും സൂചിപ്പിക്കുന്നു. കുട്ടികൾതന്നെ മയക്കുമരുന്ന് വിൽപനയിൽ കണ്ണികളാകുന്നതും സാധാരണമാണിന്ന്.

മദ്യത്തിനും മയക്കുമരുന്നിനും അടിപ്പെട്ട ഒരു തലമുറയാണ് വളർന്ന് വരുന്നത് എന്നത് നമ്മെയെല്ലാം പേടിപ്പെടുത്തേണ്ട വസ്തുതയാണ്. അതിന് അതിഭയാനകവും ഭീകരവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകും എന്നതും നാം മനസ്സിലാക്കേണ്ടതാണ്. ഇതിന് തടയിടാൻ ആവശ്യമായ നടപടികൾ നമ്മൾ സ്വീകരിച്ചില്ലെങ്കിൽ വലിയ വില നമ്മൾ കൊടുക്കേണ്ടിവരും.

കഴിഞ്ഞകാലങ്ങളിൽ ലഹരിയുടെ ഉപയോഗം വളരെ രഹസ്യമായിട്ടാണ് നടന്നിരുന്നതെങ്കിൽ ഇന്നത് പരസ്യമായിട്ടാണ് നടക്കുന്നത്. ലഹരി ഉപയോഗം തെറ്റായതും മാന്യതയുള്ളവർക്ക് ചേരാത്തതുമായ പ്രവർത്തിയാണ് എന്ന ബോദ്ധ്യം സമൂഹത്തിൽ നിലനിന്നിരുന്നതുകൊണ്ടാണ് അന്ന് അങ്ങനെ ചെയ്തിരുന്നത്. എന്നാൽ ഇന്ന് ആ സ്ഥിതി മാറിക്കഴിഞ്ഞു. പ്രത്യേകിച്ച് മദ്യപാനം സമൂഹത്തിൽ മാന്യത കൊടുക്കുന്ന ഒന്നായി മാറിക്കഴിഞ്ഞു. അതുപോലെ തന്നെ കുട്ടികളുടെ ഇടയിൽ പരസ്പരം അംഗീകാരം കിട്ടണമെങ്കിൽ മയക്കുമരുന്നിന്റെ ഉപയോഗത്തിൽ പങ്ക് ചേരണം എന്ന നിലയും ആയിക്കഴിഞ്ഞു. പണം ഉണ്ടാക്കാൻ മയക്കുമരുന്ന് വില്പന ഉൾപ്പെടെയുള്ള കാര്യങ്ങളിൽ വ്യാപൃതരാകുന്നത് തെറ്റല്ല എന്ന ബോധ്യവും വളരെയധികം യുവാക്കളെ ഗ്രസിച്ചിരിക്കുന്നു.

ടെലിവിഷൻ സീരിയലുകളിലും സിനിമകളിലും മദ്യപാനത്തിന്റേയും മയക്കുമരുന്നുപയോഗത്തിന്റേയും രംഗങ്ങൾ അവ തെറ്റല്ല എന്ന രീതിയിൽ അവതരിപ്പിക്കപ്പെടുന്നുണ്ട്. ഇവയിൽ അഭിനയിക്കുന്ന നടന്മാർ സമൂഹം ഏറെ ബഹുമാനിക്കുന്നവർ കൂടിയാകുമ്പോൾ അവരുടെ ദുസ്വാധീനം സമൂഹത്തിൽ എന്തുമാത്രം ഉണ്ടാകും എന്നത് ഊഹിക്കാവുന്ന വസ്തുതയാണ്.

സമൂഹത്തെ സ്വാധീനിക്കുന്നതിൽ അതിന്റെ തലപ്പത്തുള്ളവർക്ക് വലിയ പങ്കുണ്ട്. സഭയുടെ ആയാലും പൊതുസമൂഹത്തിന്റെ ആയാലും നേതൃത്വത്തിൽ ഉള്ളവർ ഇക്കാര്യത്തിൽ മാതൃക ആയിരിക്കണം എന്നതിൽ തർക്കമില്ലല്ലോ. നിർഭാഗ്യവശാൽ അവരുടെ നല്ല മാതൃക അധികമൊന്നും ഇന്ന് കാണുന്നില്ല എന്നതാണ് സത്യം.

മാത്രമല്ല, ഏതൊരാഘോഷത്തിന്റേയും അവശ്യഘടകമായി മദ്യം ഇന്ന് മാറിക്കഴിഞ്ഞു. മാമ്മോദീസായ്ക്കും വിവാഹത്തിനും എന്തിനേറെ മരിച്ചടക്കിനും മരണാനന്തരകർമ്മങ്ങൾക്കും എല്ലാം മദ്യം അവശ്യവസ്തുവായിക്കഴിഞ്ഞു. മദ്യം കൊടുക്കുന്നില്ലെങ്കിൽ ചടങ്ങുകൾക്ക് പലരും പങ്കെടുക്കാൻ മടിക്കുന്ന സ്ഥിതിയിൽവരെ കാര്യങ്ങൾ എത്തിനിൽക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ പ്രധാനമായും പുരുഷന്മാർ മാത്രമാണ് മദ്യപിച്ചിരുന്നതെങ്കിൽ ഇന്ന് സ്ത്രീകളും ഈ തിന്മയ്ക്ക് വർദ്ധിച്ചതോതിൽ അടിപ്പെടുന്നുണ്ട്. സാമൂഹ്യമായ വിലക്കുകൾ ഇക്കാര്യത്തിൽ മാറിക്കൊണ്ടിരിക്കുന്നു എന്നാണിത് സൂചിപ്പിക്കുന്നത്. മെച്ചപ്പെട്ട സാമ്പത്തിക സാദ്ധ്യതകളും പട്ടണവാസവും അണുകുടുംബവും എല്ലാം ഇതിന്റെ പിന്നിൽ കാരണങ്ങളായി ഉണ്ട്.

എന്നാൽ യഥാർത്ഥത്തിൽ ലഹരി, അത് മദ്യമാകട്ടെ മയക്കുമരുന്നാകട്ടെ, ഉപയോഗിക്കുന്നത് മാന്യതയുടെ അടയാളമാണോ? അല്ല എന്നതാണ് യാഥാർത്ഥ്യം. യഥാർത്ഥത്തിൽ മദ്യപാനം ബലഹീനതയുടെയും അപകർഷതാ ബോധത്തിന്റേയും മറ്റും അടയാളങ്ങളാണ്. മദ്യപൻ മറ്റുള്ളവരെ ചീത്ത വിളിക്കുമ്പോൾ കേൾവിക്കാർ പറയും *ഓ പോകട്ടെ, അവൻ കള്ളു കുടിച്ചിട്ട് പറയുന്നതാണ്* എന്ന്. അതായത് മദ്യപിച്ച് ലക്കുകെട്ടാൽ ഇങ്ങനെയൊക്കെ പറയും എന്ന് സമൂഹത്തിനൊരു മുൻവിധിയുണ്ട്. അതിനെ മുതലെടുക്കുകയാണ് മദ്യപർ ചെയ്യുന്നത്. എന്നാൽ മദ്യപാനം ബോധത്തെ കെടുത്തുന്നില്ല എന്നതിന് തെളിവാണല്ലോ പോലീസിനെ കാണുമ്പോൾ മദ്യപർ ഓടിയൊളിക്കുന്നതും അധികാരികളുടെ മുമ്പിൽ മദ്യപിച്ച് പ്രത്യക്ഷപ്പെടാതിരിക്കുന്നതും മറ്റും. പരസ്യമായി പറയാൻ പേടിയുള്ളതും ചെയ്യാൻ ലജ്ജ തോന്നുന്നതുമായ കാര്യങ്ങൾ പറയാനും ചെയ്യാനും പേടിയുള്ളവർ ആ പേടിയെ മറികടക്കാൻ കണ്ടെത്തുന്ന ഒരു തന്ത്രമായിട്ടേ മദ്യപാനത്തെയും മയക്കുമരുന്നുപയോഗത്തെയും മറ്റും കാണാൻ കഴിയുകയുള്ളൂ. മറ്റു വാക്കുകളിൽ പറഞ്ഞാൽ ഭീരുത്വത്തിന്റേയും അപകർഷതാ ബോധത്തിന്റേയും അടയാളമാണ് ലഹരിയുടെ ഉപയോഗം. ലഹരികൾക്കടിപ്പെടുന്ന കുട്ടികളുടെ കാര്യത്തിൽ ഇത് ഏറെ ശരിയാണ്.

ലഹരിയുടെ ഉപയോഗത്തിലേയ്ക്ക് ഓരോരുത്തരും കടന്നു വരുന്നത് ഓരോ കാരണത്താലാകാം. കുറേപ്പേരെങ്കിലും കൂട്ടുകാരുടേയും സമപ്രായക്കാരുടേയും നിർബന്ധം മൂലവും കളിയാക്കൽ ഭയന്നും കൂട്ടുകാരെ നഷ്ടപ്പെടുമോ എന്ന ഭയത്താലും മറ്റുമാണ് ലഹരിക്ക് അടിപ്പെടുന്നത്. ആദ്യം വെറും തമാശയ്ക്ക് ആരംഭിച്ച് പിന്നീട് അതിന് അടിപ്പെടുന്ന കാഴ്ചയാണ് പലപ്പോഴും കണ്ടു വരുന്നത്. ജീവിതത്തിൽ പ്രയാസങ്ങളും പ്രതിസന്ധികളും ഉണ്ടാകുമ്പോൾ അതിൽ നിന്ന് ഓടിയൊളിക്കാൻ ഉള്ള ഒരു മാർഗ്ഗമായി ലഹരിയുടെ ഉപയോഗത്തെ മറ്റ് ചിലർ കാണുന്നു. ലഹരിയുടെ ശക്തിയിൽ നിന്ന് മോചിതരാകുമ്പോൾ ആദ്യത്തേതിലും കൂടുതൽ പ്രയാസവും പ്രതിസന്ധിയും ഉണ്ടാകുന്നു എന്നതാണ് ഇവിടെ സംഭവിക്കുന്നത്. അപ്പോൾ വീണ്ടും ലഹരിയിലേക്ക് തന്നെ തിരിയും. ദൈവം, സ്വർഗ്ഗം, നരകം, പരലോകജീവിതം തുടങ്ങിയ കാര്യങ്ങളിലുള്ള വിശ്വാസം നഷ്ടപ്പെടുന്നതിന്റെ അടയാളമായി ഇതിനെ കാണാം. തനിക്ക് പ്രതിസന്ധികളുണ്ടാകുമ്പോൾ താങ്ങി നിർത്താൻ ദൈവമുണ്ട് എന്ന വിശ്വാസമുള്ളവർക്ക് ആശ്വാസം കിട്ടാൻ മദ്യത്തിൽ അഭയം തേടേണ്ടിവരുകയില്ല. ഈ ലോകത്തിന് അപ്പുറത്ത് മറ്റൊരു ജീവിതമുണ്ട് എന്നും ഇവിടെ നമ്മൾ ചെയ്യുന്ന പ്രവർത്തികൾക്ക്

അനുസരിച്ചാണ് വരും ലോകത്തിൽ പ്രതിഫലം കിട്ടാൻ പോകുന്നത് എന്നുമുള്ള വിശ്വാസവും ക്ഷയിക്കുമ്പോൾ ലഹരിയിൽ അഭയം തേടാനുള്ള സാദ്ധ്യത ഏറെയാണ്. ധാർമ്മികമായ മൂല്യങ്ങൾക്ക് വിലകൊടുക്കാത്ത വ്യക്തികളുടെ എണ്ണം സമൂഹത്തിൽ വർദ്ധിച്ചു വരുന്നു എന്നതും ഇത്തരം അപചയങ്ങൾക്ക് കാരണമാണ്.

മദ്യപൻ സ്വർഗ്ഗരാജ്യം അവകാശപ്പെടുത്തുകയില്ല (1 കൊറിന്ത്യർ 6,10) എന്ന് നാം വിശുദ്ധഗ്രന്ഥത്തിൽ വായിക്കുന്നുണ്ട്. എന്നാൽ മദ്യപാനത്തെ സാധൂകരിക്കുന്നു എന്ന തോന്നൽ ഉളവാക്കുന്ന വചനങ്ങളും കണ്ടെത്താൻ കഴിയും. നിർഭാഗ്യവശാൽ അവയേ മാത്രം എടുത്ത് വളച്ചൊടിച്ച് വ്യാഖ്യാനിച്ച് മദ്യപാനത്തിന് സാധൂകരണം കണ്ടെത്തുന്നവരും ഉണ്ട്. ഈ വചനഭാഗങ്ങളെ അവ എഴുതപ്പെട്ട പശ്ചാത്തലത്തെ മനസ്സിലാക്കി വ്യാഖ്യാനിക്കാൻ പഠിക്കേണ്ടതും ആവശ്യമാണ്. ഇത്തരുണത്തിൽ താഴെപ്പറയുന്ന വചനഭാഗങ്ങൾ നമ്മുടെ ധ്യാനത്തിന് വിഷയമാകട്ടെ: സുഭാ. 23,21; സുഭാ. 20,1; സുഭാ. 26,29; ഏശയ്യാ 5,11; 22; നാഹും 1,10; ജോയേൽ 1,5; നിയമാ. 21,20; 1 കൊറി. 5,11; 1 കൊറി. 8,9; ഏഫേ. 5, 18–20; ഗലാ. 5,19–21; തീത്തൂസ് 2, 3; റോമ 13,13; റോമ 1, 26–27; കൊളോ 3, 5; 1 യോഹ. 1,9; ലൂക്ക 17, 28–29.

ക്രൈസ്തവർ എന്ന നിലയിൽ നമുക്ക് നമ്മുടെ സമൂഹത്തെ മദ്യത്തിൽ നിന്നും മയക്കുമരുന്നിൽ നിന്നും മോചിപ്പിക്കാൻ വളരെയധികം ചെയ്യാൻ കഴിയും. ഒന്നാമതായി ഇതൊരു ക്രൈസ്തവദൗത്യം ആണെന്നുള്ള ബോദ്ധ്യം നമുക്കുണ്ടാകുക എന്നതാണ് പ്രധാനം. അപ്പോൾ നമ്മൾ തന്നെ ഈ തിന്മയിൽ ചെന്ന് പെടാതിരിക്കാൻ ശ്രമിക്കും. രണ്ടാമതായി തന്നേപ്പോലെ തന്നെ തന്റെ അയൽക്കാരനേയും സ്നേഹിക്കുക എന്ന പ്രമാണം ജീവിക്കുന്നതിന്റെ ഭാഗമായി മറ്റുള്ളവരെ ഈ തിന്മയിൽ വീഴാതെ നോക്കേണ്ടതും വീണവരെ അതിൽ നിന്ന് കരകയറ്റേണ്ടതും നമ്മുടെ കടമയാണ് എന്ന ബോധ്യമുണ്ടാകണം. അങ്ങനെ വന്നു കഴിയുമ്പോൾ നമ്മുടെ സമയത്തിന്റേയും സമ്പത്തിന്റേയും അറിവിന്റേയുമൊക്കെ ഒരു ഭാഗം ഈ പ്രവർത്തനങ്ങൾക്ക് നീക്കി വയ്ക്കാൻ നമ്മൾക്ക് മനസ്സ് വരും.


മേൽപ്പറഞ്ഞ കാര്യങ്ങളിൽ നിന്നെല്ലാം പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ രൂപതയിൽ 2014 മാർച്ച് 1 മുതൽ ഒരു വർഷത്തേക്ക് ലഹരിവിമുക്ത വർഷമായി ആചരിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. മാർച്ച് രണ്ടാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും ലഹരിവിമുക്ത വർഷാചരണം ഔദ്യോഗികമായി ആരംഭിക്കണം.

ലഹരിവിമുക്ത വർഷാചരണത്തിനായി നമ്മൾ പല തലങ്ങളിലായി സമിതികളും മറ്റും രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ച് കഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട് ചെയ്യേണ്ട കാര്യങ്ങൾ ഈ ബുള്ളറ്റിനിൽ അന്യത്ര കൊടുത്തിട്ടുണ്ട്.

ബഹുമാനപ്പെട്ട ഫൊറോനാ വികാരിമാർ, മറ്റ് ഇടവക വികാരിമാർ, അസേന്തിയച്ചന്മാർ എന്നിവർ ഈ വർഷാചരണം വിജയിപ്പിക്കാൻ ആത്മാർത്ഥമായി മുന്നിട്ടിറങ്ങണം എന്ന് അഭ്യർത്ഥിക്കുന്നു. അവരോടൊത്ത് രൂപതയിലെ സമർപ്പിതരും സംഘടനാപ്രവർത്തകരും മറ്റെല്ലാവരും സഹകരിക്കുകയും വേണം. ഇടവകകളും സമർപ്പിത ഭവനങ്ങളും കുടുംബങ്ങളും എല്ലാം ഈ വർഷം തങ്ങൾക്ക് കിട്ടുന്ന പണത്തിന്റെ ഒരു നിശ്ചിതശതമാനം ലഹരിവിമുക്ത പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുന്നത് ഏറ്റവും ഉചിതമാണ്.

രൂപതാ ലഹരിവിരുദ്ധ സമിതിയുടെ ദീർഘകാലമായുള്ള ഒരാവശ്യമായിരുന്നു ലഹരിവിമുക്തവർഷാചരണം. സമിതിയുടെ പ്രവർത്തകർ ഏറെ ഉർജ്ജസ്വലരാണെങ്കിലും അവരുടെ തീക്ഷ്ണതയ്ക്ക് ആനുപാതികമായ രീതിയിൽ എല്ലാവരിൽ നിന്നും പിൻബലവും സഹകരണവും സഹായവും ലഭിക്കുന്നില്ല എന്നത് ഒരു ദു:ഖസത്യമാണ്. കാരണം മദ്യപാനം ഒരു തിന്മയാണ് എന്ന് വിശ്വസിക്കുന്നവർ ഇന്ന് വളരെ ചുരുക്കമാണ് എന്നതാണ്. കാര്യങ്ങൾ ഇങ്ങനെയാണെങ്കിലും തങ്ങളുടെ ആത്മവിശ്വാസം നഷ്ടപ്പെടാതെ ലഹരിവിരുദ്ധ പ്രവർത്തനങ്ങളുമായി മുന്നോട്ട് നയിക്കുന്ന സമിതിയുടെ നേതൃത്വത്തേയും അംഗങ്ങളേയും അനുമോദിക്കാനും നന്ദി പറയാനും കൂടി ഈ അവസരം ഞാൻ വിനിയോഗിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2014 ജനുവരി മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ ഫെബ്രുവരി മാസം 9-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

*Circular Letter No. 03/2014*
*Prot. No. 14517/2014*

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,

കത്തോലിക്കാ വിശ്വാസ ജീവിതത്തിൽ വൈദികരുടെ പങ്കിനെപ്പറ്റി ഞാൻ പറയാതെ തന്നെ നിങ്ങൾക്കറിയാം. നമ്മുടെ വിശ്വാസജീവിതത്തിന്റെ ഒരു പ്രധാന ഘടകമാണ് കൂദാശകൾ. കൂദാശകളിൽ തന്നെ എല്ലാ ദിവസവും ആവർത്തിക്കപ്പെടുകയും നമ്മുടെ വിശ്വാസജീവിതത്തെ ശക്തിപ്പെടുത്തുകയും പുഷ്ഠിപ്പെടുത്തുകയും ചെയ്യുന്നവയാണ് കുമ്പസാരവും വിശുദ്ധ കുർബാനയും. ഇവയുടെയെല്ലാം പരികർമ്മത്തിന് ശുശ്രൂഷാപൗരോഹിത്യം കൂടിയേതീരൂ.

നിർഭാഗ്യവശാൽ പൗരോഹിത്യത്തിന് മുമ്പുണ്ടായിരുന്ന മാന്യതയ്ക്ക് ഇന്ന് പല കാരണങ്ങളാൽ മങ്ങലേറ്റിട്ടുണ്ട്. അതിനാൽ തന്നെ ഈ രംഗത്തേയ്ക്ക് കടന്നുവരുന്നവരുടെ എണ്ണവും വളരെ കുറഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ നല്ല പുരോഹിതരെ സഭയ്ക്ക് ധാരാളമായി ലഭിക്കാൻ നിങ്ങളെല്ലാവരും പ്രാർത്ഥിക്കണം. മാത്രമല്ല, നിങ്ങളുടെ മക്കളെ പൗരോഹിത്യജീവിതം തെരഞ്ഞെടുക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

കുടുംബങ്ങളിൽ മക്കളുടെ എണ്ണം കുറയുകയും പൗരോഹിത്യജീവിതത്തിന്റെ പ്രഭ മങ്ങുകയും ചെയ്തതോടെ ഏറെപ്പേരും ചിന്തിക്കുന്നത് തങ്ങളുടെ മക്കൾ പഠിച്ച് മിടുക്കരായി നല്ല ജോലിയിൽ പ്രവേശിച്ച് ധാരാളം പണം സമ്പാദിച്ച് സുഖമായി ജീവിക്കണം എന്നായിരിയ്ക്കും. എന്നാൽ ഇതിൽ മറഞ്ഞിരിക്കുന്ന അപകടത്തെപ്പറ്റിയും നമ്മൾ അവബോധമുള്ളവരായിരിയ്ക്കേണ്ടതാണ്.

2013 ൽ മൂന്ന് നവവൈദികരെയാണ് മാനന്തവാടി രൂപതയ്ക്ക് ലഭിച്ചിരിക്കുന്നത്. നമ്മുടെ രൂപതയ്ക്കായി ഈ വർഷം 39 മൈനർ സെമിനാരിക്കാരും 47 മേജർ സെമിനാരിക്കാരും ആണ് ഉള്ളത്. അതുപോലെ 18 പേർ തങ്ങളുടെ ബിരുദാനന്തരബിരുദപഠനവും നടത്തു

ന്നുണ്ട്. അവരിൽ 6 പേർ അടുത്ത സ്കൂൾ വർഷത്തിൽ തിരികെ വന്ന് ദൈവശാസ്ത്ര പഠനത്തിനായി ഒരുങ്ങുന്നുണ്ട്. ഇപ്പോൾ മൈനർ സെമിനാരി പഠനം കഴിഞ്ഞ 13 പേർ ബിരുദപഠനം നടത്തുന്നുണ്ട്. നമ്മുടെ രൂപതയുടെ തന്നെ വിവിധ സ്ഥാപനങ്ങളിലും ഇടവകകളിലും നിന്നുകൊണ്ട് വിവിധ കോളേജുകളിലാണ് അവർ പഠനം നടത്തുന്നത്. ഡിഗ്രി പൂർത്തിയാക്കി 3 പേർ ഈവർഷം തത്വശാസ്ത്ര പഠനത്തിനായി വരുന്നുണ്ട്. ഈ വർഷം മൈനർ സെമിനാരിയിൽ നിന്ന് ബിരുദ പഠനത്തിന് 4 പേരാണ് പോകാനുള്ളത്. അങ്ങനെ ആകെ 127 സെമിനാരി വിദ്യാർത്ഥികളാണ് നമുക്കുള്ളത്. ആലുവാ, കോട്ടയം, തൃശൂർ, കുന്നോത്ത് (തലശ്ശേരി), പൂന, ഏലൂർ (ആന്ധ്ര പ്രദേശ്) എന്നിവിടങ്ങളിലുള്ള മേജർ സെമിനാരികളിലാണ് നമ്മുടെ വൈദിക വിദ്യാർത്ഥികൾ പഠിക്കുന്നത്. അവർക്കെല്ലാം വേണ്ടി നിങ്ങളുടെ പ്രാർത്ഥനകൾ അഭ്യർത്ഥിക്കുന്നു.

2013–2014 സ്കൂൾ വർഷം തീരാൻ പോകുകയാണല്ലോ. പത്താം ക്ലാസ്സിൽ പഠിക്കുന്ന സത്സ്വഭാവികളും മിടുക്കരുമായ ആൺകുട്ടികളെ നമ്മുടെ രൂപതയുടെ മൈനർ സെമിനാരിയിലേയ്ക്ക് പറഞ്ഞു വിടുന്ന കാര്യത്തിൽ മാതാപിതാക്കൾ ശ്രദ്ധിക്കണം. രൂപതാ മൈനർ സെമിനാരിയിലേയ്ക്ക് ഇപ്പോൾ തന്നെ അപേക്ഷ അയയ്ക്കാവുന്നതാണ്. അതിനായി പത്താം ക്ലാസ്സ് പരീക്ഷ തീരാൻ കാത്തിരിക്കേണ്ടതില്ല. അപേക്ഷകൾ ബഹുമാനപ്പെട്ട റെക്ടറച്ചന്റെ പേരിൽ അയയ്ക്കുക. അദ്ദേഹത്തിന്റെ വിലാസം Rev. Fr. Thomas Kachirayil, Mount Mary College, PB No. 1., Mananthavady 670 645. നിങ്ങൾക്ക് അച്ചനെ ഫോണിലും ബന്ധപ്പെടാവുന്നതാണ്. നമ്പർ: 9446892434. അപേക്ഷകൾ വെള്ളക്കടലാസിൽ എഴുതി നിങ്ങളുടെ ഇടവക വികാരിയച്ചന്റെ സാക്ഷ്യത്തോടുകൂടി അയയ്ക്കണം. അതവിടെ കിട്ടികഴിയുമ്പോൾ വിശദമായ മറ്റൊരു അപേക്ഷാഫോറം അയച്ചുതരും. അത് പിന്നീട് അയച്ചുകൊടുത്താൽ മതി. സ്കൂൾ അടച്ചു കഴിയുമ്പോൾ ദൈവവിളി ക്യാമ്പും മറ്റും ഉണ്ടാകും. അതിലും കുട്ടികൾ പങ്കെടുക്കണം.

നമ്മുടെ വൈദികവിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിന് വരുന്ന ഏകദേശ ചെലവുകൾ താഴെപ്പറയും പ്രകാരമാണ്: മൈനർ സെമിനാരിയിൽ ഒരു കുട്ടിയ്ക്ക് 30,000 രൂപയും മേജർ സെമിനാരിയിൽ 40,000 രൂപയും ചെലവാകുന്നു. അങ്ങനെ ഒരു വർഷം നമുക്കാവശ്യം ഇരുപത്തിഎട്ട്ലക്ഷത്തി അൻപത്തിഅയ്യായിരം (28,55,000) രൂപയാണ്. ഏതാനും വ്യക്തികളും ഇടവകകളും ഇപ്പോൾ തന്നെ കുട്ടികളുടെ ചെലവിലേയ്ക്ക് സംഭാവനകൾ തരുന്നുണ്ട്. അതുപോലെ ഏതാനും ചില

സന്യാസിനീസമൂഹങ്ങളും അങ്ങനെ ചെയ്യുന്നുണ്ട്. അവരെയെല്ലാം ഏറെ നന്ദിയോടെ ഓർക്കുന്നു. എന്നാൽ അവർ തരുന്നതുകൊണ്ട് ഭാഗി കമായി മാത്രമേ ചെലവുകൾ നടത്താൻ കഴിയുന്നുള്ളൂ എന്നതുകൊണ്ട് നാം ഇനിയും ഇക്കാര്യത്തിൽ കൂടുതൽ ഉദാരമതികളാകേണ്ടിയിരി ക്കുന്നു.

വൈദികവിദ്യാർത്ഥികളുടെ പഠന ചെലവിലേയ്ക്കായി നാം ഒരു പൊതുസംഭാവന സമാഹരണം ഏതാനും വർഷമായി നടത്തുന്നു ണ്ടല്ലോ. ഈ വർഷം അത് ഫെബ്രുവരി മാസം 23 ന് ആണ് നടത്തേ ണ്ടത്. ഇക്കാര്യം ബഹുമാനപ്പെട്ട വികാരിയച്ചന്മാർ മുൻകൂട്ടി പള്ളിയിൽ പറയുകയും അന്നേദിവസം കിട്ടുന്ന തുക എത്രയും വേഗം രൂപതാ കേന്ദ്രത്തിൽ എത്തിയ്ക്കാൻ ശ്രമിക്കുകയും ചെയ്യണം എന്നഭ്യർത്ഥി ക്കുന്നു. നിങ്ങളുടെ സംഭാവനകൾക്ക് മുൻകൂട്ടി നന്ദി പറയുന്നു. നിങ്ങൾ കൊടുക്കുന്ന സംഭാവനകൾ ദൈവാനുഗ്രഹമായി നിങ്ങളിലേയ്ക്ക് മടങ്ങി വരും എന്നത് നിസംശയമാണ്. നിങ്ങളുടെ ആദ്ധ്യാത്മികാവശ്യ ങ്ങൾ നിറവേറ്റാൻ ആവശ്യത്തിന് വൈദികർ ഉണ്ടാകുകയും ചെയ്യും. ഉദാരമായി ഏവരും സംഭാവന ചെയ്യുക. കർത്താവിന്റെ കൃപ നിങ്ങ ളോടു കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2014 ജനുവരി മാസം 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ ഫെബ്രുവരി മാസം 16–ാം തീയതി ഞായ റാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# ലോകരോഗീദിന സന്ദേശം

## 11 ഫെബ്രുവരി 2014

### ഇരുപത്തിരണ്ടാം ലോകരോഗീദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് മാർപാപ്പാ നല്കുന്ന സന്ദേശം

### വിശ്വാസവും പരസ്നേഹവും: "സഹോദരർക്കുവേണ്ടി ജീവൻ പരിത്യജിക്കാൻ നാം തയ്യാറായിരിക്കണം" (1 യോഹ 3:16)

പ്രിയ സഹോദരീസഹോദരന്മാരേ,

1. ഇരുപത്തിരണ്ടാമത്തെ ലോകാരോഗ്യദിനാചരണം നടത്തുന്ന സന്ദർഭമാണിത്. ഈ വർഷം അതിന്റെ പ്രമേയം വിശ്വാസവും പരസ്നേഹവും: "സഹോദരർക്കുവേണ്ടി ജീവൻ പരിത്യജിക്കാൻ നാം തയ്യാറായിരിക്കണം" (1 യോഹ 3:16) എന്നതാണ്. ഈ സന്ദർഭത്തിൽ രോഗികളെയും അവരെ പരിചരിക്കുന്നവരെയും ഞാൻ പ്രത്യേകമായി ഓർമ്മിക്കുന്നു. രോഗികളേ, സഹിക്കുന്ന ക്രിസ്തുവിന്റെ സവിശേഷ സന്നിധ്യം സഭ നിങ്ങളിൽ കണ്ടെത്തുന്നുണ്ട്. ഇത് സത്യമാണ്. നമ്മുടെ സഹനത്തിൽ ക്രിസ്തുവിന്റെ സഹനവുമുണ്ട്. സഹനഭാരം അവിടുന്ന് വഹിക്കുന്നു. അതിന്റെ അർത്ഥം നമുക്കു വെളിപ്പെടുത്തുകയും ചെയ്യുന്നു. ദൈവപുത്രൻ ക്രൂശാരോഹണം ചെയ്തപ്പോൾ അവിടുന്ന് സഹനത്തിന്റെ ഏകാന്തത അവസാനിപ്പിച്ചു. അതിന്റെ ഇരുട്ടിൽ വെളിച്ചം പരത്തുകയും ചെയ്തു. അങ്ങനെ ദൈവസ്നേഹമെന്ന രഹസ്യത്തിന്റെ മുമ്പിൽ നാം നമ്മെത്തന്നെ കണ്ടെത്തുന്നു. അതു നമുക്ക് പ്രത്യാശയും ധൈര്യവും നല്കുന്നു. ദൈവസ്നേഹത്തിന്റെ പദ്ധതിയിൽ വേദനയുടെ രാത്രിപോലും ഈസ്റ്ററിന്റെ പ്രകാശത്തിനു വഴിമാറുന്നുവെന്നതുകൊണ്ട് പ്രത്യാശ നല്കുന്നു. അവിടുന്നുമായുള്ള ഐക്യം ഏതു പ്രയാസത്തെയും നേരിടാൻ നമ്മെ ശക്തരാക്കുന്ന ധൈര്യവും നല്കുന്നു.

2. മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ രോഗവും സഹനവും മാനുഷികാനുഭവത്തിൽ നിന്ന് മാറ്റിക്കളഞ്ഞില്ല. എന്നാൽ അവ സ്വയം ഏറ്റെടുത്തുകൊണ്ട് അവയ്ക്ക് പുതിയ അർത്ഥം നല്കി. കാരണം,

അവ ഇനിമേൽ അവസാനവാക്കല്ല. നവീനവും സമൃദ്ധവുമായ ജീവനാണ്. അവയെ അവിടുന്ന് പരിവർത്തനം ചെയ്യിച്ചു. കാരണം, ക്രിസ്തുവിനോടൊപ്പമായിരിക്കുമ്പോൾ അവ നിഷേധാത്മകമല്ല. ഭാവാത്മകമാണ്. യേശു മാർഗമാണ്. അവിടുത്തെ ആത്മാവിനോടു കൂടെ നമുക്ക് അവിടുത്തെ അനുഗമിക്കാൻ കഴിയും. പിതാവ് സ്നേഹം മൂലം നമുക്ക് പുത്രനെ നല്കി. പുത്രൻ അതേ സ്നേഹംമൂലം തന്നെ ത്തന്നെ നമുക്കു നല്കി. അതുകൊണ്ട് ദൈവം നമ്മെ സ്നേഹിച്ചതു പോലെ മറ്റുള്ളവരെ സ്നേഹിക്കാൻ നമുക്കു സാധിക്കും. പരസ്പരം ജീവൻ നല്കികൊണ്ട് അങ്ങനെ ചെയ്യാൻ കഴിയും. ദൈവത്തിലുള്ള വിശ്വാസം നന്മയായിത്തീരുന്നു. ക്രൂശിതനായ ക്രിസ്തുവിലുള്ള വിശ്വാസം ശത്രുക്കളെപ്പോലും അവസാനം വരെ സ്നേഹിക്കാനുള്ള ശക്തിയായിത്തീരുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നതിന്റെ യഥാർത്ഥ തെളിവ് ആത്മദാനം നടത്തുന്നതും അയൽക്കാരിൽ, പ്രത്യേകിച്ച് അർഹതയില്ലാത്തവരിലും സഹിക്കുന്നവരിലും പാർശ്വവത്കരിക്ക പ്പെട്ടവരിലും സ്നേഹം വ്യാപിപ്പിക്കുന്നതുമാണ്.

3. മാമ്മോദീസയുടെയും സ്ഥൈര്യലേപനത്തിന്റെയും ശക്തിയാൽ നാം ക്രിസ്തുവിനോട് അനുരൂപപ്പെടാൻ വിളിക്ക പ്പെട്ടിരിക്കുന്നു. അവിടുന്ന് സഹിക്കുന്ന സകലർക്കും നല്ല സമരായനാണ്. "ക്രിസ്തു സ്വന്തം ജീവൻ നമുക്കുവേണ്ടി പരിത്യജിച്ചു എന്നതിൽ നിന്ന് സ്നേഹം എന്തെന്ന് നാം അറിയുന്നു. നമ്മളും സഹോദരർക്കുവേണ്ടി ജീവൻ പരിത്യജിക്കാൻ കടപ്പെട്ടിരിക്കുന്നു (1യോഹ3:16). ശുശ്രൂഷ ആവശ്യമുള്ളവരിലേക്ക് മൃദുല സ്നേഹ ത്തോടെ നാം അടുക്കുമ്പോൾ ലോകത്തിന്റെ വൈരുധ്യങ്ങളിലേക്ക് പ്രത്യാശയും ദൈവത്തിന്റെ പുഞ്ചിരിയും നാം കൊണ്ടുവരുകയാണ്. മറ്റുള്ളവർക്കായി ചെയ്യുന്ന ഉദാരതാപൂർണമായ പ്രവൃത്തി നമ്മുടെ മുഖമുദ്രയായിരിക്കുമ്പോൾ നാം ക്രിസ്തുവിന്റെ ഹൃദയത്തിനു വഴിയൊരുക്കുന്നു. അതിന്റെ പ്രകാശത്തിൽ ചൂടുള്ളതാകുന്നു. അങ്ങനെ ദൈവരാജ്യ സമാഗമനത്തിന് സഹായം ചെയ്യുന്നു.

4. മൃദുലസ്നേഹത്തിലും ആദരപൂർവകവും സംവേദനക്ഷമ വുമായ പരസ്നേഹത്തിലും വളരുന്നതിന് വേണ്ടി ധ്യാനിക്കാനുള്ള സുനിശ്ചിതമായ ഒരു ക്രൈസ്തവമാതൃകയുണ്ട്. യേശുവിന്റെ അമ്മയും നമ്മുടെ അമ്മയുമായ മറിയമാണത്. ദൈവത്തിന്റെ ശബ്ദവും തന്റെ മക്കളുടെ ആവശ്യങ്ങളും ക്ലേശങ്ങളും എല്ലായ്പ്പോഴും ശ്രദ്ധിച്ചു കൊണ്ടിരിക്കുന്നവളാണ് മറിയം. അവൾ തന്റെ ഉദരത്തിൽ മനുഷ്യ

ശരീരംപൂണ്ട ദൈവകരുണയാൽ നിർബന്ധിക്കപ്പെട്ട് തന്റെ ചാർച്ചക്കാരിയായ എലിസബത്തിനെ കാണാനും അവളെ സഹായിക്കാനും വേണ്ടി ഗലീലിയിൽ നിന്ന് യൂദായിലേക്ക് നിസ്വാർത്ഥതയോടെ പോയി. കാനായിലെ കല്യാണവിരുന്നിൽ വീഞ്ഞുതീർന്നുപോയെന്നറിഞ്ഞപ്പോൾ അവൾ തന്റെ മാധ്യസ്ഥ്യം യാചിച്ചു. ഒരു വാൾ അവളുടെ ഹൃദയത്തിൽ തുളച്ചുകയറുമെന്ന് വൃദ്ധനായ ശിമയോൻ പറഞ്ഞ വാക്കുകൾ അവൾ ജീവിതതീർത്ഥാടനത്തിൽ മുഴുവനും ഹൃദയത്തിൽ വഹിച്ചു. അവൾ സുസ്ഥിര ശക്തിയോടെ യേശുവിന്റെ കുരിശിൻചുവട്ടിൽ നിന്നു. അവൾക്ക് മാർഗം അറിയാം. ഇക്കാരണത്താൽ രോഗികളും സഹിക്കുന്നവരുമായ എല്ലാവരുടെയും അമ്മയാണവൾ. ആത്മധൈര്യത്തോടും മക്കൾക്കടുത്ത ഭക്തിയോടും കൂടി അവളിലേക്കു തിരിയാം. നമ്മെ അവൾ സഹായിക്കുകയും പിന്താങ്ങുകയും ചെയ്യുമെന്നും നമ്മെ ഒരിക്കലും ഉപേക്ഷിക്കുകയില്ലെന്നും തീർച്ചപ്പെടുത്തിക്കൊണ്ട് അങ്ങനെ ചെയ്യാം. ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവിന്റെ അമ്മയാണ് അവൾ. അവൾ നമ്മുടെ കുരിശുകളുടെ അരികേ നില്ക്കുന്നു. ഉയിർപ്പിലേക്കും ജീവന്റെ പൂർണതയിലേക്കുമുള്ള നമ്മുടെ യാത്രയിൽ അവൾ നമ്മോടൊപ്പം സഞ്ചരിക്കുന്നു.

5. കുരിശിൻ ചുവട്ടിൽ മറിയത്തോടൊപ്പം നിന്ന ശിഷ്യനായ വിശുദ്ധ യോഹന്നാൻ വിശ്വാസത്തിന്റെയും പരസ്നേഹത്തിന്റെയും ഉറവിടത്തിലേക്ക് നയിക്കുന്നു. സ്നേഹമാകുന്ന (1 യോഹ 4:8,16) ദൈവത്തിന്റെ ഹൃദയത്തിലേക്കു നയിക്കുന്നു. നമ്മുടെ സഹോദരീ സഹോദരന്മാരെ നാം സ്നേഹിക്കുന്നില്ലെങ്കിൽ നമുക്ക് ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ലെന്ന് അദ്ദേഹം നമ്മെ ഓർമ്മിപ്പിക്കുന്നു. മറിയത്തോടൊപ്പം കുരിശിൻചുവട്ടിൽ നില്ക്കുന്നവർ യേശു സ്നേഹിച്ചതുപോലെ സ്നേഹിക്കാൻ പഠിക്കുന്നു. കുരിശ് "ദൈവത്തിനു നമ്മോടുള്ള വിശ്വസ്ത സ്നേഹത്തെക്കുറിച്ചുള്ള ഉറപ്പാണ്. മഹത്തായ ആ സ്നേഹം നമ്മുടെ പാപത്തിലേക്കു പ്രവേശിക്കുകയും അതു ക്ഷമിക്കുകയും ചെയ്യുന്നു. അത് നമ്മുടെ സഹനത്തിലേക്കു പ്രവേശിക്കുകയും സഹിക്കാനുള്ള ശക്തി നമുക്കു നല്കുകയും ചെയ്യുന്നു. മരണത്തിലേക്കു പ്രവേശിക്കുകയും അതിനെ കീഴടക്കുകയും നമ്മെ രക്ഷിക്കുകയും ചെയ്യുന്ന സ്നേഹമാണത്. ക്രിസ്തുവിന്റെ സ്നേഹത്താൽ കീഴടക്കപ്പെടുന്നതിന് സ്വയം

അനുവദിക്കാൻ അവിടുത്തെ കുരിശു നമ്മെ ക്ഷണിക്കുന്നു. മറ്റുള്ളവരെ പ്രത്യേകിച്ച് സഹിക്കുന്നവരെയും സഹായം ആവശ്യമുള്ളവരെയും കരുണയോടും വാത്സല്യത്തോടും കൂടി എപ്പോഴും നോക്കാൻ നമ്മെ പഠിപ്പിച്ചുകൊണ്ട് അങ്ങനെ ചെയ്യുന്നു" (യുവജനങ്ങളോടൊപ്പമുള്ള കുരിശിന്റെ വഴി, റിയോഡി ജനീറോ 26 ജൂലൈ 2013).

ഇരുപത്തിരണ്ടാം ലോകരോഗീദിനാചരണം കന്യകാമറിയത്തിന്റെ മധ്യസ്ഥതയ്ക്കു ഞാൻ സമർപ്പിക്കുന്നു. ക്ലേശങ്ങൾ യേശുവിനോടൊപ്പം സഹിക്കാൻ രോഗികളെ സഹായിക്കുന്നതിന് ഞാൻ അവളോടു പ്രാർത്ഥിക്കുന്നു. രോഗികളെ പരിചരിക്കുന്ന എല്ലാവരെയും സഹായിക്കാനും ഞാൻ അവളോട് പ്രാർത്ഥിക്കുന്നു. എല്ലാ രോഗികൾക്കും രോഗികളെ ശുശ്രൂഷിക്കുന്ന എല്ലാവർക്കും, അവരെ സഹായിക്കുന്ന സന്നദ്ധസേവകർക്കും ഞാൻ ഹൃദയപൂർവ്വം അപ്പസ്തോലികാഹ്വാനം നല്കുന്നു.

വത്തിക്കാനിൽ നിന്ന് 6 ഡിസംബർ 2013

**ഫ്രാൻസിസ് മാർപാപ്പാ**

# കർഷകദിനം

## 2014 ജനുവരി 15

## കെസിബിസി ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഇൻഫാം എന്ന കർഷക സംഘടന രൂപീകരിച്ചിട്ട് ഒരു പതിറ്റാണ്ടിലേറെയായി. കർഷകരും കാർഷികമേഖലയും വലിയ പ്രതിസന്ധികളിലൂടെ കടന്നുപോയ ഒരു കാലഘട്ടത്തിലാണ് ഇൻഫാം രൂപം കൊണ്ടത്. കർഷകരുടെ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരം കണ്ടെത്താൻ ഈ സംഘടനയുടെ ഇന്നിതുവരെയുള്ള പ്രവർത്തനത്തിലൂടെ സാധിച്ചിട്ടുണ്ട് എന്നത് നമുക്ക് അഭിമാനകരമാണ്. എങ്കിലും പരിഹരിക്കപ്പെടാത്ത നിരവധി പ്രശ്നങ്ങൾ ഇനിയും കർഷകർക്ക് മുമ്പിലുണ്ട്. അതിനാൽ ഇൻഫാമിന്റെ പ്രസക്തി ഇന്ന് ഏറെ വർദ്ധിച്ചിരിക്കുന്നു.

ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ സഹകാരികളാണ് കർഷകർ. അവരുടെ അദ്ധ്വാനഫലങ്ങളാണ് മാനവരാശിയെ നിലനിറുത്തുന്നത്. കർഷകൻ മണ്ണിൽവിളയിക്കുന്ന ധാന്യങ്ങളും ഇതര ഫലങ്ങളുമാണ് ഭക്ഷ്യസുരക്ഷയുടെ അടിസ്ഥാനം. ഭക്ഷ്യസുരക്ഷയെക്കുറിച്ച് ആശങ്കപ്പെടുന്ന ഇന്നത്തെ കാലഘട്ടത്തിൽ കർഷകരുടെ സംരക്ഷണവും പ്രോത്സാഹനവും മാനവരാശിയുടെ നിലനിൽപ്പിനു തന്നെ അത്യന്താപേക്ഷിതമാണ്. നിർഭാഗ്യവശാൽ, കർഷകരെ അവഗണിക്കുകയും കാർഷികമേഖലയെ അവമതിക്കുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്. കർഷകരെ അങ്ങേയറ്റം ചൂഷണത്തിനും പീഡനത്തിനും ഇരയാക്കുന്ന തരത്തിൽ ഇന്നത്തെ കമ്പോള വ്യവസ്ഥ മാറ്റപ്പെട്ടിരിക്കുന്നു. കർഷകരുടെ ഉത്പന്നങ്ങൾക്ക് ഉത്പാദനചെലവിനനുസരിച്ചുള്ള വിലപോലും നല്കാതെ ഇടനിലക്കാരും വൻകിട കച്ചവടക്കാരും വ്യവസായികളും നിർദ്ദാക്ഷിണ്യം അവരെ

കൊള്ളയടിക്കുന്നു. കർഷകർക്ക് സഹായികളാകേണ്ട ഭരണകൂടമാകട്ടെ, ഈ ചൂഷണവ്യവസ്ഥയെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയുമാണ് ചെയ്യുന്നത്.

നാളികേരം, റബർ, കുരുമുളക്, ഏലം, കൊക്കോ തുടങ്ങി സകല ഉല്പന്നങ്ങളുടെയും വിലയിടിവ് കർഷകരെ പ്രതിസന്ധിയിലാഴ്ത്തിയിരിക്കുകയാണ്. കാലാവസ്ഥ വ്യതിയാനം സാരമായി ബാധിച്ചതിനുപുറമെ ഗവൺമെന്റുകളുടെ നിരുത്തരവാദിത്വപരവും നിഷേധാത്മകവുമായ നിലപാടുകളും കാർഷികമേഖലയുടെ നടുവൊടിച്ചിരിക്കുകയാണ്.

വൻവ്യവസായികളുടെ താളത്തിനൊത്ത് തുള്ളിക്കൊണ്ട് കേന്ദ്ര ഗവണ്മന്റ് നടത്തിയ റബ്ബർ ഇറക്കുമതി സാധാരണക്കാരായ കർഷകരോട് ചെയ്തത് കൊടുംക്രൂരതയും വൻചതിയുമാണ്. 2011–2012 കാലത്ത് കിലോയ്ക്ക് 260 രൂപ ലഭ്യമായിരുന്ന റബ്ബറിന് 150 രൂപയിൽ താഴെ വിലയിടിച്ചതുവഴി 90 ലക്ഷം ടൺ റബ്ബർ ഉത്പാദിപ്പിക്കുന്ന ചെറുകിട റബ്ബർ കർഷകർക്ക് ഒൻപതിനായിരം കോടി രൂപ ഇതിനകംതന്നെ നഷ്ടപ്പെട്ടുകഴിഞ്ഞു. 2002–ലെ കേന്ദ്ര സർക്കാരിന്റെ കാലത്ത് ഏർപ്പെടുത്തിയ ഇറക്കുമതിക്കുള്ള തുറമുഖ നിയന്ത്രണവും ഗുണനിലവാരപരിശോധനയും 20% ഇറക്കുമതി തിരുവയും എടുത്തുകളഞ്ഞതാണ് ഇന്നത്തെ പ്രതിസന്ധിക്ക് കാരണം. ഏലം കർഷകരും ദീർഘകാലമായി വൻ വിലത്തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്നു. ഉത്പന്നങ്ങൾ വില്ക്കുമ്പോൾ ഉത്പാദനച്ചെലവുപോലും ലഭിക്കാത്ത പരിതാപകരമായ അവസ്ഥയിലാണ് ഏലം കർഷകർ. നീണ്ടകാലം അഭിമുഖീകരിക്കേണ്ടിവന്ന വിലയിടിവും ചെടികളെ ബാധിച്ച രോഗങ്ങളും കാലാവസ്ഥപ്രശ്നങ്ങളും കാർഷിക വൃത്തിയെത്തന്നെ ഉപേക്ഷിക്കാൻ കർഷകരെ നിർബന്ധിക്കുന്നു. കാർഷിക വിളനിലങ്ങൾ ഇന്ന് തരിശുനിലങ്ങളായി മാറ്റപ്പെടുമ്പോൾ കർഷകരെ മാത്രം പഴിചാരിയിട്ട് യാതൊരു കാര്യവുമില്ല. നാളികേരം, നെല്ല്, പച്ചക്കറികൾ, മറ്റു കാർഷിക വിളകളുടെ ഉത്പാദനം ഇവ മനുഷ്യന്റെ നിലനില്പിന് അത്യന്താപേക്ഷിതമാകയാൽ ആ മേഖലയെ പാടെ ഉപേക്ഷിച്ചുകൊണ്ട് ഒരു ഭരണകൂടത്തിനോ ജനതതിക്കോ മുന്നോട്ടു പോകാനാവില്ല. കാർഷികമേഖലയുടെ സമഗ്രവളർച്ചയിലും കർഷകരുടെ ഉന്നമനത്തിലും ഗവൺമെന്റിന്റെ സത്വരശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

ഗാഡ്ഗിൽ കസ്തൂരിരംഗൻ റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ വിയർപ്പൊഴുക്കി പടുത്തുയർത്തിയ സ്വപ്നഭൂമിയിൽ ആശങ്കയോടെ ജീവിക്കേണ്ട അവസ്ഥയിലാണ് മലയോരകർഷകർ എത്തിനിൽക്കു

ന്നത്. പശ്ചിമഘട്ടത്തിന്റെ സംരക്ഷണത്തിന്റെ ഭാഗമായി മഹാരാഷ്ട്ര, ഗോവ, കർണ്ണാടക, തമിഴ്നാട് പ്രദേശങ്ങളിലെ വനഭൂമിയുടെ (നാച്ചുറൽ ലാന്റ് സ്കേപ്പ്) 5 മുതൽ 10 ശതമാനം വരെ സ്ഥലം ഇ.എസ്.എ. പരിധിയിൽനിന്നും ഒഴിവാക്കപ്പെട്ടപ്പോൾ കേരളത്തിൽ വനഭൂമിയോടൊപ്പം കൃഷിസ്ഥലത്തിന്റെ 7% കൂടി ഇ.എസ്.എ. യുടെ പരിധിയിൽപ്പെടുത്താൻ ബാഹ്യ ഇടപെടലിലൂടെ ഇടവന്നു എന്നതാണ് കേരളത്തിലെ ജനങ്ങളുടെ ദുരിതം വർദ്ധിപ്പിച്ചത്. ഇതിലൂടെ കഷ്ടത്തിലായത് 22 ലക്ഷത്തോളം വരുന്ന സാധാരണ കർഷകരാണ്. മലനാട്, ഇടനാട്, തീരപ്രദേശം ഇവ ചേർന്നതാണ് കേരളം. ഇ.എസ്.എ. ആയി പ്രഖ്യാപിക്കുമ്പോൾ, മലനാടും തീരദേശസംരക്ഷണത്തിന്റെ പേരിൽ തീരപ്രദേശവാസികളും, പുഴ, റോഡ് ഇവയുടെ സംരക്ഷണത്തിന്റെ പേരിൽ ഇടനാടും കൂടുതൽ ഞെരുക്കപ്പെടുന്നു. മൊത്തത്തിൽ കേരളത്തിന്റെ മുഴുവൻ ശാപമായി മാറുന്നു ഈ റിപ്പോർട്ടുകൾ. പുൽമേടുകൾ നിറഞ്ഞ ഹൈറേഞ്ച് പ്രദേശങ്ങളെ മനുഷ്യാദ്ധ്വാനംകൊണ്ട് വനതുല്യമാക്കിയതാണോ കർഷകർ ചെയ്ത തെറ്റ്? കേരള സർക്കാർ നിയോഗിച്ചിരിക്കുന്ന കമ്മീഷൻ ഇക്കാര്യങ്ങൾ മനസ്സിലാക്കി ഉചിതമായ നിർദ്ദേശങ്ങൾ സർക്കാരിന് നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

വനവും പരിസ്ഥിതിയും സംരക്ഷിക്കപ്പെടുകതന്നെ വേണം. മലയോര കർഷകരെ വിശ്വാസത്തിലെടുക്കാതെ വനഭൂമി സംരക്ഷിക്കപ്പെടുകയില്ല; പരിസ്ഥിതിയും സംരക്ഷിക്കപ്പെടുകയില്ല. ഇക്കാര്യം നന്നായി അറിയാവുന്നവരാണ് ജനങ്ങളും സർക്കാരുകളും പരിസ്ഥിതി പ്രവർത്തകരും. സമ്പന്ന രാജ്യങ്ങളുടെ കാർബൺഡെപ്പോസിറ്റിന് സാമ്പത്തിക പിന്നോക്കരാജ്യങ്ങളെ സമ്മർദ്ദത്തിലാക്കി ചൂഷണം ചെയ്യുന്ന കാര്യത്തെക്കുറിച്ച് ഇവിടുത്തെ ജനങ്ങൾ അജ്ഞരല്ല. അതിന് എല്ലാ ഒത്താശകളും ചെയ്തുകൊടുക്കുന്ന ജനപ്രതിനിധികളെയും ജനം തിരിച്ചറിയുന്നുണ്ട്. ജലസ്രോതസ്സുകൾ നികത്തി വികസനപ്രവർത്തനങ്ങൾ നടത്തുന്നവരെ തിരിച്ചറിയാതെ പോകുന്ന പരിസ്ഥിതി പ്രവർത്തകരുടെ കപടതയും ജനം മനസ്സിലാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ കർഷകകൂട്ടായ്മകളും ഇൻഫാം പോലെയുള്ള കാർഷികസംഘടനകളും ഉണർന്ന് പ്രവർത്തിക്കുന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

നമ്മുടെ സഹോദരങ്ങൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധിയുടെ അവസ്ഥകൾ നാം എല്ലാവരും തിരിച്ചറിയണം. അറിയാനും പ്രതികരിക്കാനും തയ്യാറാകുമ്പോഴേ അവരുടെ പ്രതിസന്ധികളിൽ നാം സഹായികളായി മാറുകയുള്ളൂ. തൃശ്ശൂർ, എറണാകുളം, കോട്ടയം, പത്തനംതിട്ട ജില്ലകൾ ഉൾക്കൊള്ളുന്ന ഇൻഫാംമദ്ധ്യമേഖലയുടെ കർഷക

കൺവെൻഷൻ 2014 ഫെബ്രുവരി 12 ന് തൊടുപുഴയിൽവച്ച് നടക്കുന്ന താണ്. അതിന് മുന്നോടിയായി പ്രാദേശിക കർഷക കൂട്ടായ്മകൾ വിവിധ പ്രദേശങ്ങളിലായി സംഘടിപ്പിച്ച് വിശദീകരണങ്ങൾ നൽകാനുള്ള പദ്ധതികൾ ഇൻഫാം ജില്ലാ, രൂപതാ സമിതികൾ ആവിഷ്കരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ പ്രാദേശിക കർഷകസംഗമങ്ങളെയും അതെത്തുടർന്നുള്ള തൊടുപുഴയിലെ കർഷക കൺവെൻഷനെയും കർഷക അവകാശ സംരക്ഷണത്തിനുള്ള ഒത്തുചേരലായി മാറ്റണമെന്ന് ആഹ്വാനം ചെയ്യുന്നു.

ഒരു പതിറ്റാണ്ടിലേറെയായി കാർഷികമേഖലയുടെ സമഗ്രമായ ഉന്നമനം ലക്ഷ്യമാക്കി സഭയുടെ നേതൃത്വത്തിൽ ആരംഭിച്ച കർഷകരുടെ കൂട്ടായ്മയായ ഇൻഫാമിന്റെ ഭരണസാരഥ്യം വളരെ സ്തുത്യർഹമായി നിർവഹിച്ച തലശ്ശേരി ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് വലിയമറ്റം പിതാവിന് കർഷകരുടെ പേരിൽ ഒരായിരം നന്ദിയും ആദരവിന്റെ പൂച്ചെണ്ടുകളും അർപ്പിക്കുന്നു. ഇൻഫാമിന്റെ പ്രവത്തനങ്ങൾ സജീവമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് എല്ലാവരുടെയും ആത്മാർത്ഥമായ സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ എല്ലാ നല്ല ഉദ്യമങ്ങളെയും ദൈവം അനുഗ്രഹിക്കട്ടെ.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**ബിഷപ്പ് മാർ മാത്യു അറയ്ക്കൽ**
എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം

## ലഹരിവിമുക്ത വർഷാചരണം മാനന്തവാടി രൂപത

"നവീകരിക്കപ്പെടേണ്ട സമൂഹത്തിന് നവീകൃതമാകുന്ന സഭ" എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള പഠനങ്ങളും ചർച്ചകളുമായി 12-10-2013 ന് ചേർന്ന മാനന്തവാടി രൂപത പാസ്റ്ററൽ കൗൺസിൽ 2014 വർഷം രൂപതയിൽ ലഹരി വിമുക്ത വർഷമായി ആചരിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ഇക്കാര്യം തുടർന്നു വന്ന രൂപതാ കൂരിയാ മീറ്റിംഗിലും, രൂപതാ ആലോചനാ സമിതിയിലും, വൈദിക സമിതി മീറ്റിം ഗിലും ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്തതിന്റെ വെളിച്ച ത്തിൽ മദ്യം, മയക്കുമരുന്ന്, എന്നീ വിപത്തുകളിൽ നിന്ന് വ്യക്തിക ളെയും കുടുംബങ്ങളെയും സമൂഹത്തെതന്നെയും മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മാനന്തവാടി രൂപത ലഹരി വിമുക്ത വർഷം ആചരി ക്കുവാൻ തീരുമാനിക്കുകയാണ്. മാനന്തവാടി രൂപതാ പ്രഖ്യാപന വാർഷികദിനമായ 2014 മാർച്ച് 1 മുതൽ ഒരു വർഷമായിരിക്കും ഈ ആചരണം.

പാസ്റ്ററൽ കൗൺസിലിന്റെ നേതൃത്വത്തിൽ രൂപതയിൽ പ്രവർത്തിക്കുന്ന കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ സജീവ പങ്കാ ളിത്തത്തോടെയും ഫൊറോന കൗൺസിലുകൾ, പാരീഷ് കൗൺസി ലുകൾ, വാർഡ് കൂട്ടായ്മകൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ടും രൂപത, ഫൊറോന, ഇടവക, വാർഡ്തല കമ്മിറ്റികൾ രൂപീകരിച്ച് ലഹരി വിമുക്ത വർഷാചരണ പ്രവർത്തനങ്ങൾ നടത്താനാണ് മേൽപറഞ്ഞ സമിതികൾ നിർദ്ദേശിച്ചത്. രൂപതാതലത്തിൽ, ചെയർമാനായി പ്രോട്ടോ സിഞ്ചെല്ലൂസ് ബഹു. മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ അച്ചനും, വൈസ് ചെയർമാനായി സിഞ്ചെല്ലൂസ് ബഹു. മോൺ. ജെയിംസ് കുറ്റി മാക്കൽ അച്ചനും, വർക്കിംഗ് ചെയർമാനായി കെ.സി.ബി.സി മദ്യവി രുദ്ധ സമിതി ഡയറക്ടർ ബഹു. തോമസ് കുറ്റിക്കാട്ടുകുന്നേൽ അച്ചനും, കൺവീനറായി പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിലും, സെക്രട്ടറിയായി കെ.സി.ബി.സി. മദ്യവിരുദ്ധസമിതി പ്രസിഡന്റ് ശ്രീ. ജോൺസൺ തൊഴുത്തിങ്കലും, ആനിമേറ്ററായി മദ്യ വിരുദ്ധസമിതി ആനിമേറ്റർ സിസ്റ്റർ ബഹു. ജോവിറ്റ എഫ്.സി.സി.യും,

പാസ്റ്ററൽ കൗൺസിൽ സ്റ്റിയറിംഗ് കമ്മിറ്റി, സംഘടനകൾ, ഫൊറോന കൾ എന്നിവയുടെ പ്രതിനിധികളായി വരുന്ന കമ്മിറ്റി അംഗങ്ങൾ എന്നി വരും ഉൾക്കൊള്ളുന്ന 55 അംഗങ്ങൾ വരുന്ന രൂപതാതല കമ്മിറ്റിയായി രിക്കും നേതൃത്വം വഹിക്കുക. ഇവരിൽ നിന്ന് 20 അംഗ സെന്ററൽ കമ്മി റ്റിയും 8 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപപ്പെടുത്തുന്നതാണ്. ഈ രൂപതാ ബുള്ളറ്റിനിൽ പിതാവ് വർഷം പ്രഖ്യാപിക്കുന്നതോടെ രൂപതാതല കമ്മറ്റി നിലവിൽവരുന്നതാണ്.

2014 മാർച്ച് ഒന്നിന് തുടങ്ങുന്ന ലഹരി വിമുക്ത വർഷാചരണ ത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം എല്ലാ ഇടവകകളിലും മാർച്ച് രണ്ടാം തീയതി ഞായറാഴ്ച നടത്തേണ്ടതാണ്. വലിയ നോമ്പിന്റെ ആരംഭ ത്തിൽ തന്നെ ഇങ്ങനെ ഒരു വർഷാചരണം ഉദ്ഘാടനം ചെയ്യപ്പെടു ന്നത് ദൈവനിയോഗമായി കരുതാം. രൂപതാതല ഉദ്ഘാടനം കത്തീഡ്രൽ ഇടവകയിൽ വച്ച് അഭിവന്ദ്യ പിതാവ് നിർവ്വഹിക്കുന്ന താണ്.

ഫലപ്രദമായ ഒരു വർഷാചരണം ലക്ഷ്യം വച്ചുകൊണ്ട് വാർഡ് തലത്തിലും ഇടവകതലത്തിലും ഫൊറോനതലത്തിലും കമ്മിറ്റികൾ ഫെബ്രുവരി മാസത്തിൽ തന്നെ രൂപപ്പെടുത്തണം എന്ന് നിർദ്ദേശി ക്കുന്നു. പാരിഷ് കൗൺസിലിലേയ്ക്ക് വാർഡ്തലത്തിൽ നിലവിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള മൂന്ന് അംഗങ്ങൾക്കു പുറമേ 2 ലഹരി വിമുക്ത സജീവ പ്രവർത്തകരെക്കൂടി ഉൾപ്പെടുത്തി, ഒരു സിസ്റ്ററിനെ ആനിമേറ്റർ ആയി ചുമതലപ്പെടുത്തി വാർഡ്കമ്മിറ്റി രൂപപ്പെടുത്തുകയും ഇവരിൽ പാരീഷ് കൗൺസിൽ അംഗമായിരിക്കുന്ന ഒരാളെ വാർഡ് കൺവീനർ ആയി നിശ്ചയിക്കുകയും വേണം.

ഇടവക ലഹരിവിമുക്ത വർഷാചരണ കമ്മിറ്റി പാരിഷ് കൗൺസിൽ തന്നെയാണ് എങ്കിലും വികാരിയച്ചന്റെ നേതൃത്വത്തിൽ വാർഡ് കൺവീനർമാർ ഫൊറോന കൗൺസിൽ/പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, സംഘടനാ പ്രതിനിധികൾ, സന്യാസഭവന ങ്ങളിലെ പ്രതിനിധികൾ, ആനിമേറ്റർ സിസ്റ്റർമാർ എന്നിവരടങ്ങുന്ന ഒരു ഇടവകാതല പ്രവർത്തക സമിതി രൂപപ്പെടുത്തണം. ഈ പ്രവർത്തക സമിതി കൺവീനറായി ഫൊറോന കൗൺസിലിൽ അംഗമായിട്ടുള്ള ആരെയെങ്കിലും തെരഞ്ഞെടുക്കേണ്ടതാണ്.

ഫൊറോനതലത്തിൽ ഒരു വൈദികനെ ഫൊറോന ഡയറക്ട റായി തെരഞ്ഞെടുക്കണം. ഫൊറോനയിലെ ഒരു സിസ്റ്ററിനെ ഫൊറോന ആനിമേറ്റർ ആയും നിയോഗിക്കണം. ഫൊറോന തലത്തിൽ ഫൊറോന

കൗൺസിൽ തന്നെയാണ് ലഹരിവിമുക്ത വർഷാചരണകമ്മിറ്റി. ഇതിൽ നിന്ന് ഫൊറോന വികാരി, ഫൊറോന ഡയറക്ടർ, ഇടവക കൺവീനർമാർ, ഫൊറോന ആനിമേറ്റർ ഇവരടങ്ങുന്ന ഒരു പ്രവർത്തക സമിതി രൂപപ്പെടുത്തേണ്ടതാണ്. പാസ്റ്ററൽ കൗൺസിലിൽ ഫൊറോനയിൽ നിന്ന് പ്രതിനിധികളായിരിക്കുന്നവരിൽ ഏതെങ്കിലും അത്മായനെ ഫൊറോന കൺവീനർ ആയി തെരഞ്ഞെടുക്കണം.

ഫൊറോന വികാരിമാർ, ഫൊറോന കൺവീനർമാർ, ഫൊറോന ഡയറക്ടർമാർ എന്നിവർ രൂപതാതല കമ്മിറ്റിയിൽ അംഗങ്ങൾ ആയിരിക്കും. വാർഡ്, ഇടവക, ഫൊറോന, രൂപതാ കമ്മറ്റി അംഗങ്ങളിൽ ആരുടെയെങ്കിലും പാരിഷ് കൗൺസിൽ/ഫൊറോന കൗൺസിൽ കാലാവധി ഈ വർഷാചരണത്തിനിടെ പൂർത്തിയായാൽ പകരം തെരഞ്ഞെടുക്കപ്പെടുന്നവർ ഈ സേവനം നിർവ്വഹിക്കേണ്ടതാണ്.

ലഹരിവിമുക്ത വർഷാചരണത്തിന്റെ വാർഡ് കമ്മറ്റികളുടെ വിവരങ്ങൾ ഇടവക കൺവീനർ ഫയൽ ചെയ്യുകയും, അതിന്റെ പകർപ്പും ഇടവക കമ്മറ്റി വിവരങ്ങളും ഫൊറോന കൺവീനർക്ക് കൈമാറുകയും ചെയ്യണം. ഫൊറോന കൺവീനർ ഇടവകയിൽ തനിക്ക് ലഭ്യമായ വിവരങ്ങളും ഫൊറോന കമ്മറ്റിയുടെ വിശദാംശങ്ങളും രൂപതാ കൺവീനർക്ക് കൈമാറുകയും വേണം.

ലഹരിവിമുക്ത വർഷാചരണത്തിന്റെ കർമ്മപരിപാടികൾ യഥാസമയം രൂപപ്പെടുത്തുന്നതാണ്. എന്നിരുന്നാലും ഏതാനും നിർദ്ദേശങ്ങൾ പാസ്റ്ററൽ കൗൺസിലും, ആലോചനാസമിതിയും വൈദീക സമിതിയും മുന്നോട്ടു വച്ചിട്ടുണ്ട്.

1) വർഷാചരണത്തിന്റെ ഊന്നൽ ബോധവൽക്കരണ മേഖലയായിരിക്കണം.
2) സമര പരിപാടികൾക്ക് മുൻഗണന നൽകേണ്ടതില്ല.
3) വാർഡ് തലങ്ങളിലും ഇടവക തലങ്ങളിലുമാണ് കർമ്മപരിപാടികൾ രൂപപ്പെടുത്തേണ്ടത്.
4) രൂപതയിലെ എല്ലാ സംഘടനകളും പ്രസ്ഥാനങ്ങളും സന്യസ്ത സമൂഹങ്ങളും ഈ വർഷം തങ്ങളുടെ പ്രവർത്തന പരിപാടികളിൽ ലഹരിവിരുദ്ധ ബോധവത്കരണത്തിന് പ്രാമുഖ്യം നൽകേണ്ടതാണ്.
5) നമ്മുടെ രൂപതാ അതിർത്തിയിലുള്ള എല്ലാ ധ്യാനകേന്ദ്രങ്ങളിലും ഈ വർഷത്തെ ധ്യാനത്തിന് ഈ വിഷയം പ്രത്യേകമായി പ്രതി

പാദിക്കേണ്ടതാണ്. അതുപോലെതന്നെ ഈ വർഷത്തെ ഇടവക ധ്യാനങ്ങളിലും സെമിനാറുകളിലും കോഴ്സുകളിലും ഈ വിഷയം പ്രത്യേകമായി പ്രതിപാദിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

6) 2014-15 വർഷത്തെ ഇടവക ബഡ്ജറ്റിൽ ലഹരിവിമുക്ത വർഷാചരണ ചിലവുകൾക്കായി ആവശ്യമായി വരുന്ന തുക വകകൊള്ളിക്കണം.

7) ഫൊറോന, രൂപതാ കമ്മറ്റികളുടെ പ്രധാന ദൗത്യം പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുക, പ്രവർത്തനങ്ങളെ നിരന്തരമായി വിലയിരുത്തുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്നിവയായിരിക്കും.


മാർച്ച് ഒന്നിനു മുൻപ് ദേവാലയങ്ങളിലും, സ്ഥാപനങ്ങളിലും കുടുംബങ്ങളിലും ഈ വർഷം ചെയ്യേണ്ട പ്രാർത്ഥനാ കാർഡുകളും, പ്രദർശിപ്പിക്കേണ്ട കലണ്ടറുകൾ, സ്റ്റിക്കറുകൾ മുതലായവയും മേൽപറഞ്ഞ കമ്മിറ്റികൾ വഴി ലഭ്യമാക്കുന്നതാണ്. മാർച്ച് രണ്ടിന് ഇടവകാതല ഉദ്ഘാടനം, പ്രസ്തുത പ്രാർത്ഥന, ലഹരി വസ്തുക്കളുടെ ഉപയോഗം മൂലം സമൂഹത്തിൽ ഉണ്ടാകുന്ന അന്ധകാരം നീക്കുന്ന ക്രിസ്തുവിന്റെ പ്രതീകമായി, പ്രകാശം പരത്തുന്ന തിരി കൈകളിലേന്തി ചൊല്ലിയും ലഹരിവിമുക്തവർഷ ബോർഡ് സ്ഥാപിച്ചും നിർവ്വഹിക്കേണ്ടതാണ്.

മാർച്ച് രണ്ടാം തീയതി ഓരോ വീടുകളിലും ഇതേവിധത്തിൽ തന്നെ വർഷാചരണം സമാരംഭിക്കുന്നു എന്ന് വാർഡ് തല കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ

# രൂപതാകച്ചേരി വാർത്തകൾ

## സുക്കോളച്ചന് ആദരാഞ്ജലികൾ



മലബാറിലെ ആയിരങ്ങൾക്ക് വീടു വെച്ചുകൊടുത്തും ജീവിത മാർഗ്ഗങ്ങൾ ഒരുക്കിയും ആറര പതിറ്റാണ്ടിലേറെ ക്കാലം അതുല്യവും നിസ്തുലവുമായി പ്രവർത്തിച്ച ഇറ്റാലിയൻ മിഷണറി ഫാ. ലീനസ് മരിയ സുക്കോൾ എസ്.ജെ. എന്ന സുക്കോളച്ചന് മാനന്തവാടി രൂപത യുടെ ആദരാഞ്ജലികൾ.

ഇറ്റലിയിലെ സർനോനിക്കോ എന്ന കൊച്ചുഗ്രാമത്തിൽ ജൂസെപ്പെ-ബാർബെരാ ദമ്പതികളുടെ നേർച്ച പുത്ര നായി 1916 ഫെബ്രുവരി 8-ന് ജനിച്ച സുക്കോളച്ചൻ 12-ാം വയസ്സിൽ വൈദിക പഠനാർത്ഥം സെമിനാരിയിൽ ചേർന്നു. പിന്നീട് തിരുപ്പട്ടം സ്വീകരിച്ച ശേഷം ഈശോസഭയിൽ ചേർന്നു. ആഫ്രിക്കയിലും ജപ്പാനിലും ഏതാനും വർഷം പ്രവർത്തിച്ച ശേഷം 1948-ൽ മിഷൻ പ്രവർത്തനാർത്ഥം മുംബെയിലും തുടർന്ന് കേര ളത്തിലുമെത്തി. രണ്ട് മാസത്തിനുള്ളിൽതന്നെ മലയാളവും ഇംഗ്ലീഷും സ്വന്തമാക്കിയ അച്ചന് കാലിക്കറ്റ് മിഷന്റെ കീഴിലുള്ള വി.യൂദാ തദേ വൂസ് ഇടവകയിലായിരുന്നു ആദ്യ നിയമനം. ചുണ്ടേൽ മുതൽ സുൽത്താൻ ബത്തേരിവരെയായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തന മേഖല. 1951 ൽ പള്ളിക്കുന്നിലേക്ക് മാറ്റം കിട്ടി.

മാനന്തവാടി രൂപതയിൽ തെനേരി ഇടവകയിൽ ആദ്യകാല വികാ രിയായും, ബത്തേരി ഇടവകയിൽ ഒരുവർഷം വി.കുർബാനയർപ്പിച്ചു കൊണ്ടും കൊളവയൽ ഇടവകയുടെ സ്ഥാപകനായും കണിയാ മ്പറ്റയിൽ ആദ്യമായി കുർബാനയർപ്പിച്ച വൈദീകനായും സേവനം

ചെയ്തിട്ടുണ്ട്. കൂടാതെ വയനാട്ടിലേക്ക് വന്ന അക്കാലത്തെ കുടിയേറ്റക്കാർക്ക് എല്ലാംതന്നെ അച്ചന്റെ സേവനം ലഭ്യമായിട്ടുണ്ട്.

തുടർന്ന് മാടായി, പഴവങ്ങാടി, പട്ടുവം എന്നിവിടങ്ങളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ചെയ്തശേഷം അവസാനത്തെ നാല് പതിറ്റാണ്ടുകൾ മരിയാപുരം ഇടവകയുടെ വികാരിയായിരുന്നു. കണ്ണൂർ രൂപതയുടെ കീഴിൽ ഈ വൈദിക ശ്രേഷ്ഠൻ 30 ഇടവകകൾ സ്ഥാപിച്ചു. അവിടെയെല്ലാം പള്ളികളും പണികഴിച്ചു. പട്ടുവം കേന്ദ്രമാക്കി സ്ഥാപിതമായ ദീനസേവന സഭയുടെ സ്ഥാപനത്തിൽ മദർ പേത്രയോടൊപ്പം ശ്രദ്ധേയമായ പങ്ക് അച്ചൻ വഹിച്ചിട്ടുണ്ട്. 1980 ൽ ഇന്ത്യൻ പൗരത്വം സ്വന്തമാക്കിയ സുക്കോളച്ചൻ ജീവിതലാളിത്യത്തിന്റെ ഏറ്റവും ഉയരങ്ങളിലാണ് അവസാനകാലംവരേയും കഴിഞ്ഞിരുന്നത്. സന്യാസിമാരുടെ കാഷായ വസ്ത്രം ധരിച്ച് പാവങ്ങളുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ഇടയിൽ ആറര പതിറ്റാണ്ടിലേറെക്കാലം അദ്ദേഹം നടത്തിയ മിഷണറി പ്രവർത്തനം സമാനതകളില്ലാത്തതായിരുന്നു. സുക്കോളച്ചന്റെ ഭൗതികശരീരം വിടപറഞ്ഞെങ്കിലും പാവപ്പെട്ട ആയിരങ്ങളുടെ മനസ്സിൽ അദ്ദേഹം എന്നും അനശ്വരനായി ജീവിക്കും.

**തിരുബാലസഖ്യം ഫെബ്രുവരി 9**

ഫെബ്രുവരി 9-ാം തീയതി തിരുബാലസഖ്യദിനമായി ആചരിക്കുന്നു. അന്നേദിവസത്തെ സ്തോത്രക്കാഴ്ച തിരുബാലസഖ്യ പ്രവർത്തനങ്ങൾക്കായി അയച്ചുകൊടുക്കാനായി എത്രയും നേരത്തെ രൂപതാ കേന്ദ്രത്തിലെത്തിക്കണമെന്ന് താത്പര്യപ്പെടുന്നു.

**സ്നേഹസ്മരണ**

ഫെബ്രുവരി 7-ാം തീയതി ബഹു. പീറ്റർ ചെറുകരമുട്ടം അച്ചന്റെയും 15-ാം തീയതി ബഹു. ജെയിംസ് കരോട്ടച്ചന്റെയും മരണവാർഷിക ദിനങ്ങളാണ്. ഇരുവരേയും നമ്മുടെ പ്രാർത്ഥനകളിൽ അനുസ്മരിക്കാം. ഫെബ്രുവരി 7-ന് രാവിലെ 7 മണിക്ക് ദ്വാരക വിയാനി ഭവൻ ചാപ്പലിൽ വിശുദ്ധ കുർബാനയും തുടർന്ന് ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്.

**യുവവൈദികർക്കുവേണ്ടിയുള്ള കോഴ്സ്**

യുവവൈദികർക്കുവേണ്ടിയുള്ള കോഴ്സ് 2014 ഫെബ്രുവരി 24-ാം തീയതി വൈകുന്നേരം 7 മുതൽ 27-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് ഒരു മണിവരെയായിരിക്കും. പങ്കെടുക്കേണ്ട എല്ലാവരുടെയും ലിസ്റ്റ് കഴിഞ്ഞ മാസത്തെ ബുള്ളറ്റിനിൽ കൊടുത്തിട്ടുണ്ട്. കൂടാതെ അവർക്ക് കത്തുകളും അയച്ചിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ കത്ത് കിട്ടാതെ

വന്നാൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. 2003 നവംബർ 30-ാം തീയതിക്കുശേഷം പട്ടം സ്വീകരിച്ചവരാണ് വരേണ്ടത്. രൂപതാനിയമാവലി സംബന്ധമായ പരീക്ഷയ്ക്ക് ഒരുങ്ങിവരുവാനും ശ്രദ്ധിക്കേണ്ടതാണ്.

**എല്ലാ സംഘടനകളുടെയും ഭാരവാഹികളുടെ മീറ്റിംഗ്**

എല്ലാ സംഘടനകളുടെയും ഭാരവാഹികളുടെ ഒരു മീറ്റിംഗ് 2014 മാർച്ച് 1-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുവാൻ തീരുമാനിച്ചിരുന്നെങ്കിലും അവിചാരിതമായി ചില കാരണങ്ങളാൽ അന്ന് മീറ്റിംഗ് ഉണ്ടായിരിക്കുന്നതല്ല. പുതിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

**സന്യാസ സമൂഹങ്ങളിലെ സുപ്പീരിയർമാരുടെ മീറ്റിംഗ്**

സന്യാസിനി സമൂഹങ്ങളിലെ മേജർ സുപ്പീരിയേഴ്സിന്റെയും ലോക്കൽ സുപ്പീരിയേഴ്സിന്റെയും ഒരു മീറ്റിംഗ് മാർച്ച് 6-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നതാണ്.

സന്യാസ സമൂഹങ്ങളിലെ മേജർ സുപ്പീരിയേഴ്സിന്റെയും ലോക്കൽ സുപ്പീരിയേഴ്സിന്റെയും ഒരു മീറ്റിംഗ് മാർച്ച് 10-ാം തീയതി ബിഷപ്സ് ഹൗസിൽ വച്ച് ചേരുന്നതാണ്. എല്ലാ മേജർ സുപ്പീരിയേഴ്സും ലോക്കൽ സുപ്പീരിയേഴ്സും പ്രസ്തുത യോഗത്തിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

**പാസ്റ്ററൽ കൗൺസിൽ**

രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ഒരു സമ്മേളനം 2014 മാർച്ച് 8-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നതാണ്. എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും യോഗത്തിൽ സംബന്ധിക്കുവാൻ തക്കവിധം തങ്ങളുടെ പ്രോഗ്രാം ക്രമീകരിക്കുമല്ലോ.

**വൈദിക സമ്മേളനം**

രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം മാർച്ച് 12-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നതാണ്. എല്ലാ വൈദികരും അതിൽ സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. രാവിലെ 10 മണി മുതൽ 3 മണി വരെ ആയിരിക്കും മീറ്റിംഗ്.

**നന്ദിയും സ്വാഗതവും**

നമ്മുടെ രൂപതയിൽ സ്തുത്യർഹമായ വിധം സേവനം ചെയ്തശേഷം തങ്ങളുടെ സന്യാസ സമൂഹങ്ങളിലേയ്ക്ക് തിരികെ പോകുന്ന

റവ.ഫാ. ജോസ് മരിയദാസ് പാലയ്ക്കാത്തടത്തിൽ O.Praem (പയ്യം പള്ളി), റവ.ഫാ. തോമസ് പൊരിയംവേലിൽ La Salette (ബത്തേരി), റവ.ഫാ. രാജേഷ് പുഞ്ചത്തലയ്ക്കൽ SJ (ചുണ്ടക്കര), റവ.ഫാ. തോമസ് പുതുമനകുന്നത്ത് MCBS (ചെറുകാട്ടൂർ), റവ.ഫാ. ആന്റണി പാറയ്ക്കൽ SDV (അമ്പലവയൽ) എന്നിവർക്ക് രൂപത മുഴുവന്റേയും ഹൃദയപൂർവ്വകമായ നന്ദി അറിയിക്കുന്നു.

അജപാലന ശുശ്രൂഷയ്ക്കായി രൂപതയിലേക്ക് കടന്നു വരുന്ന റവ.ഫാ. ജോവിയൽ ജോസഫ് വടക്കേൽ O.Praem (ബത്തേരി), റവ. ഫാ. പ്രിൻസ് ചിറയത്ത് La Salette (ചെറുകാട്ടൂർ), റവ. ഫാ. ലിന്റോ കണിച്ചായി SJ (കല്ലോടി), റവ.ഫാ. ആഷിഷ് അഗസ്റ്റ്യൻ മുകളത്ത് OSFS (അമ്പലവയൽ), റവ.ഫാ. ജോസഫ് പരത്തനാൽ OFM. Cap (തരിയോട്), റവ.ഫാ. തോമസ് തെന്നാട്ടിൽ -മണ്ഡ്യ രൂപത (ചുണ്ടക്കര) എന്നിവർക്ക് ഹൃദ്യമായ സ്വാഗതവും ഫലദായകമായ ശുശ്രൂഷയും ആശംസിക്കുന്നു.

**പ്രാർത്ഥനയ്ക്കു ക്ഷണിക്കുമ്പോൾ ശ്രദ്ധിക്കുക**

മറ്റു രൂപതകളിൽ നിന്നും അൽമായരെ പ്രാർത്ഥനാ ശുശ്രൂഷയ്ക്കോ ധ്യാനത്തിനോ ക്ഷണിക്കുമ്പോൾ അവർ ഉത്തമ ക്രൈസ്തവ ജീവിതം നയിക്കുന്നവരാണെന്നും അവരുടെ പ്രബോധനങ്ങൾ ക്രൈസ്തവ വിശ്വാസത്തോടു ചേർന്നു പോകുന്നതാണെന്നും ഉറപ്പു വരുത്തേണ്ടതാണ്. അങ്ങനെ ഉറപ്പുലഭിക്കാനായി ആ രൂപതയിലെ അഭിവന്ദ്യ പിതാവിൽ നിന്നോ രൂപതയിലെ ധ്യാനകേന്ദ്രം ഡയറക്ടറുടെ പക്കൽ നിന്നോ ആ വ്യക്തിയെക്കുറിച്ച് ഒരു സാക്ഷ്യപത്രവും കൂടി ആവശ്യപ്പെടേണ്ടതാണ്.

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ

# *വിദ്യാഭ്യാസ സഹായനിധി*

മാനന്തവാടി രൂപത വിദ്യാഭ്യാസ സഹായനിധിയിലേക്കുള്ള ഈ വർഷത്തെ അപേക്ഷകൾ സ്വീകരിക്കുന്നു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2014 മാർച്ച് 30 ആണ്. അതിനുശേഷം യാതൊരു കാരണവശാലും അപേക്ഷകൾ സ്വീകരിക്കുന്നതല്ല. അപേക്ഷാഫോറം ലഭിക്കാതെ വന്നാൽ വികാരിയച്ചന്മാർ ബിഷപ്സ് ഹൗസിൽ നിന്ന് പ്രസ്തുത ഫോറം വാങ്ങിക്കുമല്ലോ.

**അപേക്ഷകൾ അയയ്ക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക**

1) അയച്ചു തരുന്ന ഫോറമാണ് പൂരിപ്പിച്ച് അയയ്ക്കേണ്ടത്. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കോപ്പിയെടുത്ത് ഓരോ കുട്ടിക്കും, ഓരോ ഫോറമാണ് പൂരിപ്പിച്ച് അയയ്ക്കേണ്ടത്.
2) വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ ഇടവക കമ്മറ്റിയാണ് കുട്ടികളെ തിരഞ്ഞെടുക്കേണ്ടത്.
3) 2014-2015 അധ്യയനവർഷത്തിൽ 8, 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്നവരും പഠനത്തിൽ മികവു പുലർത്തുന്നവരുമായവരുടെ ലിസ്റ്റാണ് അയയ്ക്കേണ്ടത്.
4) കുട്ടിയുടെ പേര്, മാമ്മോദീസ പേര്, വീട്ടുപേര്, എന്നിവ ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം.
5) ഓരോ ഇടവകയിൽ നിന്നും അഞ്ചു കുട്ടികളുടെ പേരുകൾ മുൻഗണനാക്രമത്തിൽ ബഹു. വികാരിയച്ചന്റെ ഒപ്പോടു കൂടിയാണ് നൽകേണ്ടത്. അപേക്ഷിക്കുന്ന എല്ലാവർക്കും സ്കോളർഷിപ്പ് ലഭിക്കണമെന്നില്ല. പണലഭ്യത അനുസരിച്ച് മാത്രമായിരിക്കും സഹായം ലഭിക്കുന്നത്.
6) 12-ാം ക്ലാസ് കഴിയാത്ത വിദ്യാർത്ഥികളെ പരിഗണിക്കുമ്പോൾ മുൻവർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിച്ചവരെ ഉൾപ്പെടുത്താവുന്നതാണ്.

*അയയ്ക്കേണ്ട വിലാസം:-* **The Secretary**
**Diocesan Education Aid Fund**
**Bishop's House, P. B. No.1**
**Mananthavady - 670 645**

NB:- Education Aid Fund - ലേക്കുള്ള പിരിവ് ദയവായി എത്രയുംവേഗം രൂപതാകേന്ദ്രത്തിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

## START COURSE ലേക്ക് സ്കോളർഷിപ്പ്

താമരശ്ശേരി രൂപതയുടെ കീഴിൽ കോഴിക്കോട് പ്രവർത്തിക്കുന്ന START (St. Thomas Academy for Research and Training) എന്ന പരിശീലന കേന്ദ്രത്തിൽ ഉപരിപഠനത്തിന് ഒരുക്കമായിട്ടുള്ള ഒരു വർഷത്തെ അടിസ്ഥാന പരിശീലനത്തിൽ സംബന്ധിക്കുവാൻ രൂപതാ വിദ്യാഭ്യാസ സഹായനിധിയുടെ സഹായത്തോടെ പഠിക്കുകയും ഈ വർഷം പ്ലസ്ടു പാസ്സാകുകയും ചെയ്യുന്ന 10 പേർക്ക് അവസരമൊരുക്കുന്നു. **രൂപതാ വിദ്യാഭ്യാസ സഹായനിധി സെക്രട്ടറിയുമായി ബന്ധപ്പെട്ട് സ്റ്റാർട്ടിൽ കോഴ്സിന് പോകുന്നവർക്ക് മാത്രമേ ഈ സഹായം ലഭ്യമാവുകയുള്ളൂ.** ഇംഗ്ലീഷ്, കണക്ക്, ധനതത്വശാസ്ത്രം, ലോകചരിത്രം, സോഷ്യോളജി, പരിസ്ഥിതി പഠനം, വ്യക്തിത്വ വികാസം, നിയമം എന്നീ വിഷയങ്ങളിലാണ് പ്രധാനമായും പരിശീലനം. അതോടൊപ്പം ധാർമ്മികതയിലും, ക്രിസ്ത്യൻ മൂല്യങ്ങളിലും അധിഷ്ഠിതമായ പരിശീലനമാണ് ഇവിടെ ലഭിക്കുന്നത്. ഈ കോഴ്സിനുശേഷം ലോ യൂണിവേഴ്സിറ്റികൾ, കേന്ദ്രഗവൺമെന്റിന്റെ ഹൈദരാബാദിലും, പോണ്ടിച്ചേരിയിലുമുള്ള സെൻട്രൻ യൂണിവേഴ്സിറ്റികൾ, മൈസൂറിലുള്ള ഓഡിയോളജി ഇൻസ്റ്റിറ്റ്യൂട്ട്, ഫൂഡ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്, ഇൻടഗ്രേറ്റഡ് BEd, എന്നീ കോഴ്സുകൾക്കുള്ള എൻട്രൻസ് പരീക്ഷകൾ, NDA, NID, IIT, VIT, IAS, IPS, ICAR, മെഡിസിൻ, എൻജിനിയറിംങ്, ജേർണ്ണലിസം എന്നിവയുടെ എൻട്രൻസുകൾക്കും ഈ കോഴ്സ് ഉപകരിക്കുന്നു. താൽപര്യമുള്ളവർ താഴെ പറയുന്ന നിബന്ധനകൾ വായിച്ച് മാർച്ച് 30–ന് മുൻപായി വിദ്യാഭ്യാസ സഹായനിധി സെക്രട്ടറിയുടെ പേരിൽ ബിഷപ്സ് ഹൗസിലേയ്ക്ക് അപേക്ഷ അയയ്ക്കുകയും കൂടുതൽ വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുക.

മേൽവിലാസം :– Secretary, Diocesan Education Aid Fund
Bishop's House, P.B. No. 1, Mananthavady - 670 645

**നിബന്ധനകൾ:**

1. അപേക്ഷകർ മാനന്തവാടി രൂപതാ വിദ്യാഭ്യാസ സഹായനിധിയുടെ സ്കോളർഷിപ്പ് സ്വീകരിച്ച് പഠിച്ചവരായിരിക്കണം.
2. ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങൾ എളുപ്പമുള്ളവരും പ്ലസ് ടു പാസ്സാകുമെന്ന് ഉറപ്പുള്ളവരുമായിരിക്കണം.
3. 10–ാം ക്ലാസ് മതബോധന ഡിപ്ലോമ കരസ്ഥമാക്കിയവരോ, പ്ലസ്ടു കഴിയാത്തവരാണെങ്കിൽ ഇപ്പോൾ മതബോധനത്തിൽ പ്ലസ് ടു പഠിച്ചുകൊണ്ടിരിക്കുന്നവരോ ആയിരിക്കണം.
4. ബഹു. വികാരിയച്ചന്റെ ശുപാർശ നിർബന്ധമാണ്.
5. അപേക്ഷകർക്ക് interview ഉണ്ടായിരിക്കുന്നതാണ്.

**ഫാ. മനോജ് കവലക്കാടൻ** - രൂപതാ വിദ്യാഭ്യാസ സഹായനിധി സെക്രട്ടറി

# മേജർസെമിനാരിക്കാർ നയിക്കുന്ന അവധിക്കാല ക്യാമ്പുകളും ധ്യാനങ്ങളും

മാനന്തവാടി രൂപതയിലെ മേജർസെമിനാരിക്കാരുടെ നേതൃത്വത്തിൽ ഇടവകകളിൽ അവധിക്കാലക്യാമ്പുകളും ധ്യാനങ്ങളും ഈ വർഷം സംഘടിപ്പിക്കുന്നു. മേജർസെമിനാരികളുടെ അവധിക്കാലങ്ങളായ മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലാണ് സെമിനാരിക്കാരുടെ സേവനം ലഭ്യമാകുക. ക്യാമ്പുകൾ, ധ്യാനങ്ങൾ, സെമിനാറുകൾ, ഏകദിനക്ലാസുകൾ, ആദ്യകുർബാന–സ്ഥൈര്യലേപനം എന്നിവയ്ക്കുള്ള ഒരുക്കക്ലാസുകൾ എന്നിവയ്ക്കെല്ലാം ഇടവകകളിൽ സഹായിക്കുന്നതിലൂടെ രൂപതയെയും വൈദികരെയും തങ്ങളുടെ ഭാവിപ്രവർത്തന മേഖലകളെയും കൂടുതൽ പരിചയപ്പെടുകയും ചെയ്യും. പ്രോഗ്രാമുകൾ നടത്താൻ താത്പര്യമുള്ള വികാരിയച്ചന്മാർ മേജർ സെമിനാരിക്കാരുടെ ലീഡർ ആയ ബ്ര. നോബിൾ പാറയ്ക്കലിന്റെ താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ ഇ–മെയിൽ അയയ്ക്കുകയോ, ബഹുമാനപ്പെട്ട ജനറാളച്ചൻവഴി ക്രമീകരണങ്ങൾ ചെയ്യുകയോ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫോൺ : 9447219652 (Very Rev. Fr. Mathew Madappallikkunnel, Vicar General), E-Mail : noblethomasp@gmail.com

**ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
വികാരിജനറാൾ

# ദൈവവിളി ക്യാമ്പുകൾ

മാനന്തവാടിരൂപത വൊക്കേഷൻ ബ്യൂറോയിൽ നിന്നും സ്നേഹാശംസകൾ!

ദൈവവിളിയെക്കുറിച്ചും അതിന്റെ പ്രത്യുത്തരങ്ങളെക്കുറിച്ചും കൂടുതലായി ചിന്തിക്കുകയും, ധ്യാനിക്കുകയും, പ്രാർത്ഥിക്കുകയും കണ്ടെത്തുകയും ചെയ്യുന്നതിന് സഹായകമായി നമ്മുടെ രൂപതാ വൊക്കേഷൻ ബ്യൂറോ ദൈവവിളി ക്യാമ്പ് സംഘടിപ്പിക്കുന്നു. ക്യാമ്പിന്റെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

**ആൺകുട്ടികൾക്കായുള്ള ക്യാമ്പ്**

**ക്യാമ്പ് I : പങ്കെടുക്കേണ്ട ഫൊറോനകൾ**

ചുങ്കക്കുന്ന്, കല്ലോടി, മാനന്തവാടി, പയ്യമ്പള്ളി, തരിയോട്

**ക്യാമ്പ് നടക്കുന്ന സ്ഥലം**

മൗണ്ട്മേരി കോളേജ്, മാനന്തവാടി (രൂപത മൈനർസെമിനാരി)

**തീയതി**

2014 മാർച്ച് 26-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4 മണി മുതൽ 28-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണി വരെ.

**ക്യാമ്പ് II : പങ്കെടുക്കേണ്ട ഫൊറോനകൾ**

കല്പറ്റ, മുള്ളൻകൊല്ലി, നടവയൽ, സുൽത്താൻബത്തേരി

**ക്യാമ്പ് നടക്കുന്ന സ്ഥലം**

മൗണ്ട് മേരി കോളേജ് മാനന്തവാടി

**തീയതി**

2014 മാർച്ച് 28-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 4 മണി മുതൽ 30-ാം തീയതി ഞായറാഴ്ച രാവിലെ 10 മണിവരെ.

* മണിമൂളി, നിലമ്പൂർ ഫൊറോനകളിലെയും നീലഗിരി റീജിയനിലേയും ദൈവവിളി ക്യാമ്പിന്റെ വിശദവിവരങ്ങൾ മാർച്ച് മാസത്തെ രൂപതാബുള്ളറ്റിനിൽ ചേർക്കുന്നതാണ്.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. പേന, നോട്ടുബുക്ക്, ബെഡ്ഷീറ്റ്, പുതപ്പ്, ടോയ്ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരണം.

2. ക്യാമ്പവസരത്തിൽ വൊക്കേഷൻ പ്രൊമോട്ടേഴ്സ് കുട്ടികളെ കാണാനാഗ്രഹിക്കുന്നെങ്കിൽ മുൻകൂട്ടി അനുവാദം വാങ്ങിയിരിക്കണം.

അവരുടെ സന്ദർശനസമയം ക്യാമ്പുകളുടെ രണ്ടാമത്തെ ദിവസം ഉച്ച കഴിഞ്ഞ് 2 മണിമുതൽ 2.30 വരെയാണ്.

3. ക്യാമ്പിന്റെ രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 150 രൂപ ആയിരിക്കും.

**പ്രത്യേക അറിയിപ്പ്**

1. കഴിഞ്ഞ വർഷത്തേതുപോലെ ഈ വർഷവും പെൺകുട്ടികൾക്കായുള്ള രൂപതാക്യാമ്പ് ഉണ്ടായിരിക്കുന്നതല്ല.

2. നമ്മുടെ രൂപതയിൽ നിന്ന് മറ്റ് സ്ഥലങ്ങളിലേക്ക് ദൈവവിളി സ്വീകരിച്ചുപോകുന്ന ആൺകുട്ടികളും പെൺകുട്ടികളും N.O.C. വാങ്ങുന്നതിനായി രൂപതാ വൊക്കേഷൻ പ്രമോട്ടറെ സമീപിക്കേണ്ടതാണ്.

3. ദൈവവിളി ക്യാമ്പുകളിലേക്ക് കഴിയുന്നത്ര കുട്ടികളെ പറഞ്ഞയയ്ക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ.

സഹകരണത്തിന് മുൻകൂട്ടി നന്ദി അറിയിച്ചുകൊണ്ട്,

**ഫാ. ബിനു പൈനുങ്കൽ**
വൊക്കേഷൻ പ്രമോട്ടർ

<u>**അഡ്രസ്സ്**</u>

മൗണ്ട്മേരി കോളേജ് (മൈനർസെമിനാരി)
ബിഷപ്സ് ഹൗസ്, പി.ബി. നമ്പർ 1
മാനന്തവാടി, വയനാട് - 670645
ഫാ. തോമസ് കച്ചിറയിൽ, മൊബൈൽ: 9446892434
ഫാ. ബിനു പൈനുങ്കൽ, മൊബൈൽ: 9446254036

## Come and See

നമ്മുടെ രൂപതാ മൈനർസെമിനാരിയിൽ ചേരുവാൻ താത്പര്യമുള്ള കുട്ടികൾക്കായി മാത്രം നടത്തപ്പെടുന്ന Come and See പ്രോഗ്രാം 2014 ഏപ്രിൽ 9-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4 മണിമുതൽ 11-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണിവരെ രൂപതാ മൈനർ സെമിനാരിയായ മൗണ്ട്മേരി കോളേജിൽ വച്ച് നടത്തപ്പെടുന്നു. നമ്മുടെ സെമിനാരിയിൽ ചേരുവാനുള്ള കുട്ടികളെ ഈ പ്രോഗ്രാമിലേക്ക് പറഞ്ഞയയ്ക്കുവാൻ അച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ! സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

**ഫാ. തോമസ് കച്ചിറയിൽ**
മൈനർസെമിനാരി റെക്ടർ

# മതബോധനരംഗം

### ആദരാഞ്ജലികൾ

ജനുവരി 17 ന് കർത്താവിൽ നിദ്ര പ്രാപിച്ച മാനന്തവാടി രൂപതയുടെ മുൻ വികാരി ജനറാളും രൂപതാ അഡ്മിനിസ്ട്രേറ്ററുമായിരുന്ന മോൺ. ജോസഫ് കണിയാമറ്റം അച്ചന് മാനന്തവാടി രൂപതാ മതബോധന കേന്ദ്രത്തിന്റെ ആദരാഞ്ജലികൾ. രൂപതയുടെ ആരംഭ കാലഘട്ടം മുതൽ ചുണ്ടക്കര വികാരിയായിരുന്ന ഈ സമയം വരെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് കുഞ്ഞേപ്പച്ചൻ നൽകിയ പ്രോത്സാഹനവും പിന്തുണയും നന്ദിയോടെ അനുസ്മരിക്കുകയും അച്ചന്റെ ആത്മശാന്തിക്കായി രൂപതാ കുടുംബം ഒന്നുചേർന്ന് പ്രാർത്ഥനാ മലരുകൾ അർപ്പിക്കുകയും ചെയ്യുന്നു.

രൂപതാ മതബോധന ടീം അംഗമായിരുന്ന ശ്രീ. പി. ഒ. മാത്യു പുതിയാപുറം ജനുവരി 13 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. രൂപതയുടെ പ്രാരംഭകാലഘട്ടം മുതൽ രൂപതാ ടീം അംഗമായും ദീർഘകാലം HM, PP Conference പ്രസിഡന്റ് ആയും തന്റെ നിസ്തുലമായ സേവനം മാനന്തവാടി രൂപതയ്ക്കും വളരെ പ്രത്യേകമായി മതബോധന കേന്ദ്രത്തിനും നൽകിയ മാത്യു സാറിനെ നന്ദിയോടെ അനുസ്മരിക്കുകയും രൂപതാ കേന്ദ്രത്തിന്റെ ആദരാഞ്ജലികളും അനുശോചനവും പുതിയാപറമ്പിൽ കുടുംബത്തെയും പ്രിയപ്പെട്ടവരെയും അറിയിക്കുകയും ചെയ്യുന്നു. സത്യദൈവത്തെ അനേകം മക്കൾക്ക് പരിചയപ്പെടുത്തിയ മാത്യു സാറിനെ ദൈവം തന്റെ നിത്യഭവനത്തിൽ സന്തോഷപൂർവ്വം സ്വീകരിക്കട്ടെ. മാത്യു സാറിന്റെ ആത്മശാന്തിക്കായി നമുക്കും പ്രാർത്ഥിക്കാം.

### HDC പരീക്ഷകൾ

കാലിക്കറ്റ് യൂണിവേഴ്സിറ്റി, ചെയർ ഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസ്

നടത്തുന്ന HDC കോഴ്സിന്റെ എഴുത്തു പരീക്ഷ ഫെബ്രുവരി 8 ന് ശനിയാഴ്ച രാവിലെ 10.00 മണി മുതൽ 1.00 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു. വാചാ പരീക്ഷ ഫെബ്രുവരി 22, 23, മാർച്ച് 1 തീയതികളിൽ ദ്വാരകയിൽ വെച്ച് നടത്തപ്പെടുന്നതാണ്.

**HCC (Plus One, Plus Two) പരീക്ഷകൾ**

Plus One, Plus Two പരീക്ഷകൾ നിശ്ചയിക്കപ്പെട്ട സെന്ററുകളിൽ ഫെബ്രുവരി 9-ാം തീയതി രാവിലെ 10.00 മണി മുതൽ 1.00 മണിവരെ നടത്തുന്നു. ഫൊറോന ഡയറക്ടറുടെ നേതൃത്വത്തിൽ ഫൊറോന ടീം അംഗങ്ങളും, പരീക്ഷാ സെന്ററിലുള്ളവരും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുമല്ലോ. പരീക്ഷകൾ സുഗമമായി നടത്തുവാൻ ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**ഇന്റേണൽ അസ്സസ്മെന്റ്**

XI, XII ക്ലാസ്സുകളിലെ കുട്ടികളുടെ ഇന്റേണൽ അസ്സസ്മെന്റ് മാർക്ക്, രൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന നിശ്ചിത ഫോറത്തിൽ തയ്യാറാക്കി, പരീക്ഷ നടക്കുന്ന ദിവസം തന്നെ ഫൊറോന സെക്രട്ടറിയെ ഏൽപ്പിക്കണം.

**ചോദ്യപേപ്പർ**

HCC പരീക്ഷയുടെ ചോദ്യപേപ്പർ, എഴുതുവാനുള്ള പേപ്പർ എന്നിവ ഫെബ്രുവരി 7-ാം തീയതി ഫൊറോന സെക്രട്ടറിമാർ രൂപതാ ഓഫീസിൽ നിന്നും എടുക്കുവാൻ ശ്രദ്ധിക്കണം.

**HDC ക്ലാസ്**

HDC ഒന്നാം വർഷക്കാരുടെ ക്ലാസ് ഫെബ്രുവരി 8, 22 തീയതികളിൽ ദ്വാരകയിലും മാർച്ച് 1-ാം തീയതി മണിമൂളി പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നതാണ്. ഫെബ്രുവരി 15-ന് മണിമൂളിയിൽ വച്ച് നടത്തപ്പെടേണ്ടിയിരുന്ന ക്ലാസ് മാർച്ച് 1 ലേയ്ക്ക് മാറ്റിയത് ശ്രദ്ധിക്കുമല്ലോ.

**SMCC പ്രതിഭാ സംഗമം**

സീറോ മലബാർ മതബോധന കേന്ദ്രം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തിയ XII -ാം ക്ലാസ്സ് കുട്ടികളുടെ പ്രതിഭാസംഗമത്തിൽ രൂപതയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മെൽവിൻ വടക്കേക്കുടി (വിളമ്പുകണ്ടം), അർജുൻ പോൾ ശൗര്യാംതടത്തിൽ (ശിശുമല), അഭിന മാത്യു മൂലക്കര (ചെന്നലോട്), ആരതി നരിമറ്റത്തിൽ (ചുങ്കക്കുന്ന്)

എന്നിവർ പങ്കെടുത്തു. സീറോ മലബാർ സഭയിലെ 13 രൂപതകളിൽ നിന്നും എത്തിച്ചേർന്ന 52 പ്രതിഭകളുടെ മൂന്നുദിവസത്തെ ക്യാമ്പിനൊടുവിൽ അവരിൽ നിന്നും 10 പ്രതിഭകളെ തിരഞ്ഞെടുത്തു. നമ്മുടെ രൂപതയിലെ മെൽവിൻ വടക്കേക്കുടി 10 പ്രതിഭകളിലെ ഒരു പ്രതിഭയായി. മെൽവിന് രൂപതയുടെ അഭിനന്ദനങ്ങൾ. അതോടൊപ്പം പ്രതിഭാ സംഗമത്തിൽ പങ്കെടുക്കുവാൻ തെരഞ്ഞെടുക്കപ്പെട്ട അർജ്ജുനും, അഭിനയ്ക്കും, ആരതിയ്ക്കും അനുമോദനങ്ങൾ.

രൂപതാ പ്രതിഭകളെ തിരഞ്ഞെടുക്കുവാൻ സഹായിച്ച ശ്രീ. ജോൺസൺ വടക്കേക്കര, സി. ആൻസി CMC എന്നിവരുടെ നേതൃത്വത്തിലുള്ള രൂപതാ ടീം അംഗങ്ങളെയും പ്രതിഭകളുടെ മാതാപിതാക്കൾ, അധ്യാപകർ, ഫൊറോനാ ടീം അംഗങ്ങൾ, വികാരിയച്ചന്മാർ, ഫൊറോന തലത്തിൽ നിന്നും രൂപതാ തലത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട പ്രതിഭകൾ... ഏവരെയും പ്രത്യേകം അനുമോദിക്കുന്നു. നന്ദി പറയുന്നു.

**പ്രധാനാധ്യാപക സമ്മേളനം**

2013-14 അധ്യയന വർഷത്തിലെ രണ്ടാമത്തെ HM, PP സമ്മേളനം 2014 ജനുവരി 11-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തി. രാവിലെ 10.00 മണിയ്ക്ക് ആരംഭിച്ച സമ്മേളനത്തിന് രൂപതാ മതബോധന ഡയറക്ടർ ബഹു. റോയി വട്ടക്കാട്ട് അച്ചൻ സ്വാഗതം ആശംസിച്ചു. 'ദേവാലയത്തിന്റെ പ്രധാന കവാടം പോലെ മുഴുവൻ സമയവും തുറന്നിട്ടിരിക്കുന്ന വാതിലായിരിക്കണം സഭ' എന്നുള്ള പാപ്പായുടെ ആഹ്വാനമനുസരിച്ച് കുട്ടികളുടെ മുമ്പിലെ തുറന്ന വാതിലാവണം പ്രധാനാധ്യാപകർ എന്ന് ഡയറക്റച്ചൻ ഓർമ്മപ്പെടുത്തി.

ആധുനിക കാലഘട്ടത്തിൽ മാതൃകയായിത്തീരേണ്ട മതാധ്യാപക ജീവിതത്തെക്കുറിച്ച് നിർമ്മലഗിരി കോളേജ് പ്രൊഫസറും തലശ്ശേരി അതിരൂപത വൈദികനുമായ റവ. ഫാ. ഫിലിപ്പ് കാരക്കാട്ട് ക്ലാസ്സ് നയിച്ചു. മതാധ്യാപക ജീവിതം ദൈവത്തിന്റെ പ്രത്യേകമായ തിരഞ്ഞെടുപ്പാണെന്നും മറ്റ് മതാധ്യാപകരേക്കാൾ കൂടുതൽ ഉത്തരവാദിത്വം പ്രധാനാധ്യാപകർ എന്ന നിലയിൽ തങ്ങളിൽ നിക്ഷിപ്തമാണെന്നും ലളിതവും അർത്ഥപൂർണ്ണവുമായ ക്ലാസ്സിലൂടെ ഫിലിപ്പ് അച്ചൻ അവതരിപ്പിച്ചു.

രൂപതാ മതബോധന സെക്രട്ടറി ശ്രീ. ബേബി ജോസഫ് സാർ ഫിലിപ്പച്ചന് നന്ദി പറഞ്ഞു. തുടർന്ന് മേഖല ഡയറക്റ്റേഴ്സ് മീറ്റിംഗിന്റെ തീരുമാനങ്ങളും ഇടവകയിൽ നിന്നുള്ള നിർദ്ദേശങ്ങളും

കോൺഫ്രൻസിൽ അറിയിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. വിവിധ വിഷയങ്ങളുടെ അവതരണത്തെ തുടർന്ന് രൂപതാ ടീം അംഗം ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ നന്ദി പ്രകാശിപ്പിച്ചു. രൂപതാ ഗാന ത്തോടെ യോഗം അവസാനിച്ചു.

**ഫൊറോന സെക്രട്ടറിമാരുടെ സംഗമം**

ഫൊറോന സെക്രട്ടറിമാരുടെ സംഗമം ജനുവരി 11 ന് രൂപതാ മതബോധന കേന്ദ്രത്തിൽ നടത്തി. അടുത്തുവരുന്ന HCC പരീക്ഷകൾ അവയുടെ നടത്തിപ്പ് എന്നിവയായിരുന്നു ചർച്ചാ വിഷയങ്ങൾ.

**ഫാ. റോയി വട്ടക്കാട്ട്**
രൂപതാ മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

## രൂപതാവാർഷികവും, പ്രേഷിതറാലിയും

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെയും സംസ്ഥാന സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ വാർഷികാഘോഷം 2014 ജനുവരി 11 ന് ശനിയാഴ്ച മാനന്തവാടി സെന്റ് പാട്രിക് സ്കൂളിൽ വെച്ച് സമുചിതമായി ആഘോഷിച്ചു. ആയിരത്തിഅഞ്ഞൂറോളം മിഷൻലീഗ് അംഗങ്ങൾ പങ്കെടുത്ത വാർഷികം രാവിലെ 9 മണിയോടുകൂടെ മാർട്ടിൻനഗർ പള്ളിയിൽ നിന്നും ആരംഭിച്ച റാലിയോടുകൂടി തുടക്കമായി. പയ്യമ്പള്ളി മേഖല ഡയറക്ടർ റവ.ഫാ. സണ്ണി മഠത്തിൽ റാലി ഉദ്ഘാടനം ചെയ്തു. വാദ്യമേളങ്ങളുടെ അകമ്പടിയോടുകൂടി നടന്ന റാലിയിൽ പ്രേഷിതതീക്ഷ്ണത നിറഞ്ഞുനിൽക്കുന്ന മിഷൻലീഗ് അംഗങ്ങൾ പങ്കെടുത്തു.

9.45 ന് റാലി സെന്റ് പാട്രിക് സ്കൂളിൽ എത്തിച്ചേർന്നു. തുടർന്ന് സംസ്ഥാന പ്രസിഡന്റ് ശ്രീ. ജോസ് പുതിയാപറമ്പിൽ പതാക ഉയർത്തി. പിന്നീട് നടന്ന വാർഷിക സമ്മേളനം പുത്തൂർ രൂപതാദ്ധ്യക്ഷൻ ബിഷപ് ഡോ. ഗീവർഗീസ് മാർ ദിവന്നാസിയോസ് പിതാവ് ഉത്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡണ്ട് ശ്രീ. ജോസ് പുതിയാപറമ്പിൽ അദ്ധ്യക്ഷം വഹിച്ച യോഗത്തിൽ മാനന്തവാടി രൂപതാ ഡയറക്ടർ റവ.ഫാ. സോണി വടയാപറമ്പിൽ സ്വാഗതം ആശംസിച്ചു. മാനന്തവാടി രൂപതാ വികാരിജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ മുഖ്യപ്രഭാഷണവും സംസ്ഥാന ഡയറക്ടർ റവ.ഫാ. ബെന്നി മുളയോലിൽ ആമുഖ പ്രഭാഷണവും നടത്തി. രൂപതാ പ്രസിഡണ്ട് ശ്രീ. ജോയി മേപ്പാടം, സി.ലിസ അലക്സ് എസ്.കെ.ഡി. റവ.ഫാ. സണ്ണി മഠത്തിൽ, രൂപതാ ഓർഗനൈസർ ബിനു മാങ്കൂട്ടം എന്നിവർ ആശംസകൾ അർപ്പിച്ചു. സമ്മേളനത്തിൽ വച്ച് സന്യാസസമർപ്പണത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന രൂപതാ സംസ്ഥാന ജോയിന്റ് ഡയറക്ടർ

സി. ലിസ അലക്സ് എസ്.കെ.ഡി. ക്ക് സംസ്ഥാന വൈ.ഡയറക്ടർ റവ.ഫാ. മാത്യു പുതിയാത്ത് ആശംസകളർപ്പിച്ചു. സംസ്ഥാന തലത്തിൽ മികച്ച രൂപതാ, മേഖലാ, ശാഖകൾക്കും രൂപതയിലെ മികച്ച മേഖല കൾ, ശാഖകൾ, മിഷൻമാസ ശാഖകൾ, മികച്ച കൈയ്യെഴുത്ത് മാസി കകൾ, കൊളാഷുകൾ എന്നിവയ്ക്കും സമ്മേളനത്തിൽവച്ച് സമ്മാന ങ്ങൾ വിതരണം ചെയ്തു. രൂപതാ സെക്രട്ടറി ശ്രീ. രഞ്ജിത്ത് മുതു പ്ലാക്കൽ നന്ദി പറഞ്ഞു. വാർഷികം വൻവിജയമാക്കിയ ബഹു. വൈദി കർക്കും, സിസ്റ്റേഴ്സിനും, ശാഖാ, മേഖലാ, രൂപതാ ഭാരവാഹികൾക്കും രൂപതയിലെ മുഴുവൻ മിഷൻലീഗ് അംഗങ്ങൾക്കും സി.എം.എൽ. മാനന്തവാടി രൂപതയുടെ നന്ദി.

## കെ.സി.വൈ.എം. പുതിയ നേതൃത്വത്തിന് അഭിനന്ദനങ്ങൾ

കെ.സി.വൈ.എം. പുതിയ ഭാരവാഹികൾക്ക് മിഷൻലീഗ് രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങളും പുതിയ പ്രവർത്തന വർഷത്തിൽ എല്ലാവിധ അഭിനന്ദനങ്ങളും നേരുന്നു.

## രോഗീസന്ദർശനവാരം

രോഗികൾക്ക് സ്വാന്തനമേകികൊണ്ട് അശരണർക്ക് ആശ്രയമാ യികൊണ്ട് രോഗീസന്ദർശനവാരം ആചരിക്കാൻ മേഖല ശാഖാ നേതൃ ത്വങ്ങൾ ശ്രദ്ധിക്കുമല്ലോ.

## തിരുബാലസഖ്യ ദിനാചരണം

തിരുബാലസഖ്യ ദിനാചരണം ഫെബ്രുവരി 10 തിങ്കളാഴ്ച വിവിദ പരിപാടികളോടെ നടത്തുമല്ലോ.

## ക്രിസ്തുമസ് ലഹരിവിരുദ്ധ സന്ദേശം

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വ ത്തിൽ ഡിസംബർ 22-ാം തീയതി പനമരത്തും മാനന്തവാടി ഗാന്ധി പാർക്കിലും വെച്ചു നടത്തിയ ക്രിസ്തുമസ് ലഹരിവിരുദ്ധ സന്ദേശ ത്തിൽ, അജയ് ആന്റോ കൈതാരം, ജോൺ സ്റ്റെയിൽസ് കുരിക്കാട്ടിൽ, സാന്ദ്ര മുണ്ടുനടയ്ക്കൽ, മെർലിൻ തുമ്പക്കാനായിൽ, അമൽ പള്ളത്ത്, ആൻജിസ് മരിയ സോയി എന്നിവർ പനമരത്തും മാനന്തവാടിയിലും നടത്തിയ പ്രസംഗ പരമ്പരയിൽ പങ്കെടുത്തു. ചെറുകാട്ടൂർ, നടവയൽ ശാഖകളുടെ നേതൃത്വത്തിൽ കരോൾഗാനവും ഉണ്ടായിരുന്നു. ക്രിസ്തു മസ് ലഹരിവിരുദ്ധ സന്ദേശപ്രചരണ പരിപാടി ചെറുകാട്ടൂർ ഇടവക വികാരി റവ.ഫാ. ജോർജ് തേരകം ഉദ്ഘാടനം ചെയ്തു. രൂപത എക്സി ക്യൂട്ടീവ് അംഗങ്ങൾ നേതൃത്വം കൊടുത്തു.

## രൂപതയിലെ ഏറ്റവും മികച്ച മേഖലകൾ

രൂപതയിലെ ഏറ്റവും മികച്ച മേഖലയായി ബത്തേരി മഖലയെ തിരഞ്ഞെടുത്തു. രണ്ടാം സ്ഥാനത്ത് കൽപ്പറ്റ മേഖലയും മൂന്നാം സ്ഥാനം കൊട്ടിയൂർ, മണിമൂളി മേഖലകളും കരസ്ഥമാക്കി. മേഖലകളെ നയിച്ച ഡയറക്ടറച്ചൻമാരെയും ജോ. ഡയറക്ടർ സിസ്റ്റേഴ്സിനെയും മേഖലാ ഭാരവാഹികളെയും നന്ദിയോടെ രൂപതാസമിതിയുടെ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

## 'തെനേരി' രൂപതയിലെ ഏറ്റവും മികച്ചശാഖ

മാനന്തവാടി രൂപതയിലെ ഏറ്റവും മികച്ച ശാഖയായി വീണ്ടും തെനേരി ശാഖയെ തെരഞ്ഞെടുത്തു. വ്യത്യസ്ഥമായ പ്രവർത്തനങ്ങളിലൂടെ മിഷൻ ചൈതന്യത്തിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ രൂപതയിലാകെ ശ്രദ്ധിക്കപ്പെട്ടു. ബഹുമാനപ്പെട്ട സജികോട്ടായിലച്ചന്റെ അർപ്പണ മനോഭാവവും മിഷൻലീഗിനോടുള്ള താൽപര്യവും നേതൃത്വ പാടവവും വീണ്ടും ശ്രദ്ധിക്കപ്പെട്ടു. എക്സിക്യൂട്ടീവ് അംഗങ്ങൾക്കും ശാഖാംഗങ്ങൾക്കും ഡയറക്ടറച്ചനും ജോ.ഡയറക്ടർ സിസ്റ്റർക്കും രൂപതാ സമിതിയുടെ അഭിനന്ദനങ്ങൾ.

## 'പൂളപ്പാടം' രൂപതയിലെ മികച്ച രണ്ടാമത്തെ ശാഖ

പ്രവർത്തനങ്ങളിൽ പൂളപ്പാടം ശാഖ രണ്ടാംസ്ഥാനത്ത്. വ്യത്യസ്തമായ പ്രവർത്തനങ്ങളിലൂടെ പൂളപ്പാടം ശാഖ രൂപതയുടെ രണ്ടാമത്തെ ശാഖയായി തിരഞ്ഞെടുക്കപ്പെട്ടു. നേതൃത്വം കൊടുത്ത ബഹുമാനപ്പെട്ട ബിജു മാവറയച്ചന്റെ അർപ്പണ മനോഭാവവും കുട്ടികളുടെ ഉള്ളിൽ ഇറങ്ങിചെന്നുള്ള പ്രവർത്തനങ്ങളും ഏറെ ശ്രദ്ധിക്കപ്പെട്ടു. പൂളപ്പാടം ശാഖാംഗങ്ങളെയും ശാഖാ എക്സിക്യൂട്ടീവ് അംഗങ്ങളെയും ജോ.ഡയറക്ടർ സിസ്റ്ററിനെയും ഡയറക്ടറച്ചനെയും നന്ദിയോടെ ഓർക്കുന്നു.

## മൂന്നാംസ്ഥാനത്ത് 'കല്ലോടി' ശാഖ

പ്രവർത്തനത്തിൽ കല്ലോടി ശാഖ മൂന്നാംസ്ഥാനത്ത്. ഗ്രൂപ്പ് തലത്തിലും ഹൗസടിസ്ഥാനത്തിലും വ്യത്യസ്ഥമായ പ്രവർത്തനങ്ങൾ കോർത്തിണക്കിയാണ് കല്ലോടി ശാഖ രൂപതയിൽ മൂന്നാം സ്ഥാനത്ത് എത്തിയത്. രൂപതയിലെ മികച്ച സംഘാടകനായ രൂപത ബഹു. ജോർജ് മമ്പള്ളിയച്ചനും ശാഖാഎക്സിക്യൂട്ടീവ് അംഗങ്ങൾക്കും ശാഖാംഗങ്ങൾക്കും രൂപതാസമിതിയുടെ അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

### മറ്റു മികച്ച ശാഖകൾ

കൽപ്പറ്റ, നെല്ലിയോടി, പുഴമുടി, കരിമ്പിൽ, മീനങ്ങാടി എന്നീ ശാഖകൾ മികച്ച ശാഖകളായി തിരഞ്ഞെടുക്കപ്പെട്ടു. ശാഖകളുടെ നേതൃത്വം വഹിച്ച ഡയറക്ടറച്ചന്മാരെയും എക്സിക്യൂട്ടീവ് അംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

### മികച്ച കൈയ്യെഴുത്ത് മാസികകൾ

പ്രവർത്തനവർഷത്തെ ഏറ്റവും മികച്ച കൈയ്യെഴുത്ത് മാസിക തയ്യാറാക്കിയത് കല്ലോടി ശാഖയാണ്. മനോഹരമായി ക്രമീകരിച്ച് പ്രവർത്തിച്ചവർക്ക് അഭിനന്ദനങ്ങൾ. രണ്ടാംസ്ഥാനം നെല്ലിയോടിശാഖയും, മൂന്നാംസ്ഥാനം വാളവയൽ ശാഖയുമാണ് കരസ്ഥമാക്കിയത്. പാൽച്ചുരം, കുറ്റിമൂല, ചുണ്ടക്കര, കയ്യൂന്നി, പടമല, കാവുംമന്ദം, തൃശിലേരി എന്നീ ശാഖകൾ തയ്യാറാക്കിയതാണ് മറ്റ് മികച്ച കൈയെഴുത്ത് മാസികകൾ.

### മിഷൻമാസാചരണം

മിഷൻമാസാചരണത്തിൽ തെനേരി, പുതുശേരി ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി. കല്ലോടി, മീനങ്ങാടി, പൂളപ്പാടം എന്നീ ശാഖകൾ 3-ാം സ്ഥാനവും കരസ്ഥമാക്കി. മൂലങ്കാവ്, മുതിരേരി, കൽപ്പറ്റ എന്നീ ശാഖകൾ മികച്ച പ്രവർത്തനം നടത്തിയ ശാഖകളിൽപെടുന്നു. മിഷൻമാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ വൈദികരെയും ഭാരവാഹികളെയും രൂപതാസമിതിയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

### ലഹരിക്കെതിരെ കൊളാഷ്

ലഹരിവിരുദ്ധ സന്ദേശങ്ങളുമായി രൂപത വാർഷികത്തോടനുബന്ധിച്ച് കൊളാഷ് മത്സരം നടത്തപ്പെട്ടു. മത്സരത്തിൽ പോരൂർ, ചുണ്ടക്കര, തൃശിലേരി എന്നീ ശാഖകളാണ് യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയത്. മത്സരവിജയികൾക്ക് അഭിനന്ദനങ്ങൾ അറിയിക്കുന്നു.

### മതാധ്യാപകർക്കുവേണ്ടിയുള്ള ഉപന്യാസമത്സരം വിജയികൾ

ഒന്നാംസ്ഥാനം സി. ജെസിൻ ജോസ് എഫ്.സി.സി. കല്ലോടി, രണ്ടാംസ്ഥാനം ബീന കുരീക്കാട്ടിൽ കല്ലോടി, മൂന്നാം സ്ഥാനം സി. ലിന്റ എസ്.സി.വി. പുഴമുടി, ജോസുകുട്ടി കൊട്ടേപറമ്പിൽ തലഞ്ഞി എന്നിവർ കരസ്ഥമാക്കി. നിങ്ങൾക്ക് ചെറുപുഷ്പമിഷൻലീഗ് രൂപതാനേതൃത്വത്തിന്റെ അഭിനന്ദനങ്ങളും ആശംസകളും.

### ബൈബിൾവാക്യ പഠനമത്സര വിജയികൾ

**സീനിയർ**

I^st^ ജോർജ് പള്ളിക്കമാലിൽ - കേളകം
II^nd^ അനുഷ പാറേക്കാട്ടിൽ - കല്ലുവയൽ
III^nd^ ജോഷ്ന പൊൻകാട്ടിൽ - കല്ലുവയൽ

**ജൂണിയർ**

I^st^ ഹേന പുളിമൂട്ടിൽ - തോമാട്ടുചാൽ
II^nd^ അലിന ചേറാടിയിൽ - തോമാട്ടുചാൽ
III^nd^ ടോം നിർമ്മൽ വടക്കേൽ - കേണിച്ചിറ

### കുഞ്ഞേട്ടൻ സ്കോളർഷിപ്പ്

കുഞ്ഞേട്ടൻ സ്കോളർഷിപ്പിന് കല്ലോടിശാഖാഗം മെറിൻ എളമ്പാശേരി അർഹയായി.

### പലതുള്ളിതന്ന ശാഖകൾ

കാവുംമന്ദം-200, ചിത്രഗിരി-100, കൊമ്മയാട്-200, പുതുശേരി-120, അരിഞ്ചേർമല-150, പാലാങ്കര-150, നിരവിൽപുഴ-50, പയ്യമ്പള്ളി-600, കണിയാമ്പറ്റ-250, കേളകം-200, കമ്മന-400, ധർമ്മഗിരി-250, കടൽമാട് -200, കുന്നലാടി-200, കേണിച്ചിറ-250, കരണി-50, ബെക്കി-150.

### മിഷൻഞായർ വിഹിതം തന്ന ശാഖകൾ

നരിവാലമുണ്ട-800, പാതിരിപ്പാടം-500, കാവുംമന്ദം-350, കേളകം -500, വാകേരി-100, തേൾപാറ-1000, കോട്ടത്തറ-500, ചിത്രഗിരി-200, ഭൂദാനം-150, കൊമ്മയാട്-400, അരിഞ്ചേർമല-300, പാലാങ്കര-1500, നിരവിൽപുഴ-200, പയ്യമ്പള്ളി-500, കണിയാമ്പറ്റ-250, ദ്വാരക-3000, പാടിച്ചിറ -500, കമ്മന-500, അമ്പായത്തോട്-150, കുറ്റിമൂല-200, ധർമ്മഗിരി-300, മീനങ്ങാടി-400, ചുള്ളിയോട്-1275, കടൽമാട്-300, ജൂഡ്സ്മൗണ്ട്-75, ബോയ്സ്ടൗൺ-100, അമരക്കുനി-250, ബെക്കി-200, കുന്നലാടി-200, കേണിച്ചിറ-350, കണിയാരം-2500, കരണി-200.

### മേഖലാവാർത്തകൾ

**മാനന്തവാടി** - 'കനൽ 2013' ഹൈസ്കൂളിലെ പെൺകുട്ടികൾക്ക് കനൽപ്രോഗ്രാം നടത്തി. തിരുബാലസഖ്യ കുട്ടികൾക്ക് ചിത്രരചന മത്സരം നടത്തി സമ്മാനങ്ങൾ നൽകി.

**പയ്യമ്പള്ളി** - കൊളാഷ്, കരോൾഗാനം എന്നീ മത്സരങ്ങൾ നടത്തി. അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി നടത്തി.

**കല്ലോടി** - എയ്ഞ്ചൽമീറ്റ്, അൾത്താരബാല സംഗമം നടത്തി.

**തരിയോട്** - ക്രിസ്തുമസിനൊരുക്കമായുള്ള കർമ്മപദ്ധതികൾ

തയ്യാറാക്കി. ജോസ് പൊരുന്നേടം പിതാവിന് ക്രിസ്തുമസ് കാർഡ് അയച്ചു.

**ശാഖാ വാർത്തകൾ**

*കുന്നലാടി :–* ഭവനനിർമ്മാണസഹായം 5000 രൂപ നൽകി.

*പനവല്ലി :–* കുഞ്ഞിപൈതങ്ങളുടെ തിരുനാൾ ആചരിച്ചു.

*ദീപ്തിഗിരി :–* അർദ്ധദിന സെമിനാർ നടത്തി.

*വൈത്തിരി :–* ക്രിസ്മസ് കാർഡ് നിർമ്മാണ മത്സരം നടത്തി.

*അപ്പപ്പാറ :–* വി.കൊച്ചുത്രേസ്യായുടെ തിരുസ്വരൂപ പ്രയാണം എല്ലാ ഭവനങ്ങളിലും നടത്തി.

*ഇടിവണ്ണ :–* പാവപ്പെട്ട കുടുംബത്തെ സഹായിക്കുവാൻ എല്ലാ വീടുകളിലും ടിൻ കൊടുത്തുവിട്ട് ധനശേഖരണം നടത്തി.

*കുറുമ്പാല :–* പാവപ്പെട്ട 17 വീടുകൾക്ക് 850 രൂപ വിലവരുന്ന ക്രിസ്തുമസ് കിറ്റ് നൽകി.

*വഞ്ഞോട് :–* ക്രിസ്റ്റീൻ ധ്യാനം നടത്തി.

*കൽപ്ര :–* ക്രിസ്തുമസ്ട്രീയിൽ നിന്നും ലഭിച്ച 5040 രൂപ തിരുവമ്പാടിയിലെ അനാഥാലയത്തിന് നൽകി, 10000 രൂപയുടെ വസ്ത്രങ്ങൾ ബെക്കി Loveshore ലെ അന്തേവാസികൾക്ക് നൽകി.

*ഒറ്റപ്ലാവ് :–* സി.എം.എൽ. അംഗങ്ങൾ തയ്യാറാക്കിയ ക്രിസ്തുമസ് കാർഡ് എല്ലാ ഭവനങ്ങളിലും എത്തിച്ചു. 'ഹാർമണി' കൈയെഴുത്തു മാസിക പ്രകാശനം ചെയ്തു.

*മൂലങ്കാവ് :–* ക്രിസ്തുമസ് ഗ്രീറ്റിംഗ്സ് കാർഡ് നിർമ്മാണം നടത്തി.

*പുൽപ്പള്ളി :–* ഉണ്ണീശോയുടെ പിറവിതിരുനാളിന് സഹായകമായ തിരുവചനങ്ങൾ എല്ലാ ദിവസവും നോട്ടീസ് ബോർഡിൽ എഴുതിയിട്ടു.

*കരിമാനി :–* പള്ളിപരിസരം വൃത്തിയാക്കി.

*ചുങ്കക്കുന്ന് :–* വാർഷികം നടത്തി. രൂപതാ വൊക്കേഷൻ മീറ്റിംഗിൽ ഇടവകയിൽ നിന്നും 3 കുട്ടികൾ പങ്കെടുത്തു.

*മച്ചിക്കൊല്ലി :–* മേഖലാതലത്തിൽ നടത്തിയ കരോൾഗാന മത്സരത്തിൽ ഒന്നാംസ്ഥാനം ലഭിച്ചു. സി.എം.എൽ. അംഗങ്ങൾ എല്ലാഭവനങ്ങളും സന്ദർശിച്ച് പാഴ്വസ്തുക്കൾ ശേഖരിച്ച് പള്ളിക്ക് ക്രൂശിതരൂപം മേടിക്കുവാൻ പണം നൽകി.

*കേണിച്ചിറ :–* എബിൻ തരിമാക്കലിന്റെ നേതൃത്വത്തിൽ പുൽക്കൂട് നിർമ്മിച്ചു.

*കുറ്റിമൂല :–* വാർഷികം നടത്തി. രോഗീസന്ദർശനം നടത്തി.

*പന്തിപോയിൽ :–* അമലോത്ഭവതിരുനാളിൽ രൂപതാഡയറക്ടർ ഫാ. സോണി വടയാപറമ്പിൽ ദിവ്യബലി അർപ്പിച്ചു.

*പാടിച്ചിറ :-* ക്രിസ്തുമസ് ട്രീ നിർമ്മിച്ചു. ക്രിസ്റ്റീൻ ധ്യാനം നടത്തി.
*കമ്മന :-* 'യൽദ 2013' ക്രിസ്തുമസ് കൈയ്യെഴുത്ത് മാസിക പ്രകാശനം ചെയ്തു. സമാദരം വൃദ്ധസംഗമം നടത്തി. ബഥേൽ 2013 ക്രിസ്തുമസ് സുകൃതമഞ്ജരി വിതരണം ചെയ്തു.
*കുറുമ്പാലകോട്ട :-* ദൈവവിളി പ്രോത്സാഹനത്തിനും വിദ്യാഭ്യാസ നിധിയിലേക്കും സംഭാവനനൽകി. രോഗീസന്ദർശനം നടത്തി.
*കല്ലോടി :-* അൾത്താരസംഗമം നടത്തി. ഭവനസന്ദർശനം നടത്തി. കരോൾഗാനം, നക്ഷത്രനിർമ്മാണം എന്നീ മത്സരങ്ങൾ നടത്തി.
*കാട്ടിക്കുളം :-* അർദ്ധദിന സെമിനാർ നടത്തി, ലഹരിവിരുദ്ധ കൊളാഷ് നിർമ്മിച്ചു.
*പൂളപ്പാടം :-* ദിവ്യകാരുണ്യ ആരാധന നടത്തി. ക്വിസ് മത്സരം നടത്തി. പുൽക്കൂട് നിർമ്മാണ മത്സരം നടത്തി.
*ചൂരൽമല :-* പള്ളിയും പരിസരവും വൃത്തിയാക്കി. അമലോത്ഭവതിരുനാളിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.
*തലഞ്ഞി :-* മിഷൻ ഗ്രാമങ്ങൾക്കുവേണ്ടി പുസ്തകങ്ങളും മറ്റ് ഉപയോഗസാധനങ്ങളും നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി.
*മംഗളം :-* മിഷൻഗ്രാമത്തിന് ക്രിസ്തുമസ് സന്ദേശം അയച്ചു. ക്യാൻസർ രോഗിക്ക് സഹായം നൽകി. ആദിവാസികോളനിയിൽ ക്രിസ്തുമസ് മധുരം നൽകി.
*മാനന്തവാടി T.C. :-* ജീവൻധാര പുനരധിവാസകേന്ദ്രം സന്ദർശിച്ചു. ക്രിസ്തുമസ് ആഘോഷിച്ചു ട്രീ നിർമ്മിച്ചു.
*വാഴവറ്റ :-* കരോൾഗാന മത്സരം നടത്തി. ഗവ.ഹോസ്പിറ്റലിൽ ഭക്ഷണം നൽകി.
*കാവുംമന്ദം :-* സെമിത്തേരി വൃത്തിയാക്കി.
*മരക്കടവ് :-* ക്രിസ്തുമസ് ട്രീയിൽ നിന്നും ലഭിച്ച തുക രോഗിക്ക് നൽകി.
*ചാരിറ്റി :-* ഭവനസന്ദർശനം നടത്തി. കസ്തുരീരംഗൻ റിപ്പോർട്ട് ചർച്ച ചെയ്തു.
*ഒലിവുമല :-* ജയിൽ സന്ദർശനം നടത്തി. കരോൾഗാന മത്സരം നടത്തി.
*പാറത്തോട്ടം :-* കരോൾഗാന മത്സരം നടത്തി.
*പഴൂർ :-* വചനഡയറി പരീക്ഷയിൽ പങ്കെടുത്തു. ലഹരിവിരുദ്ധ പോസ്റ്റർ നിർമ്മാണത്തിൽ മേഖലയിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കി.
*ആറാട്ടുതറ :-* കരോൾഗാന മത്സരത്തിൽ മേഖലയിൽ ഒന്നാംസ്ഥാനം ലഭിച്ചു.
*വെള്ളൂന്നി :-* ആരാധന നടത്തി. അൾത്താരബാലസംഗമത്തിൽ പങ്കെടുത്തു.

*പനഞ്ചിറ :-* ക്രിസ്റ്റീൻധ്യാനം നടത്തി, രോഗീസന്ദർശനം നടത്തി.
*ചുള്ളിയോട് :-* ലഹരി വിമുക്ത ക്രിസ്തുമസ് 2013 സ്റ്റിക്കർ ഭവനങ്ങൾക്ക് നൽകി. കേക്കുകുറി നടത്തി.
*യവനാർകുളം :-* ക്രിസ്തുമസ് ട്രീ തയ്യാറാക്കി.
*തോണിച്ചാൽ :-* വി. ഫ്രാൻസീസ് സേവ്യറിന്റെ തിരുനാൾ ആചരിച്ചു. കരോൾഗാനപരിശീലനം നൽകി.
*തരിയോട് :-* ക്രിസ്തുമസിനൊരുക്കമായി സുകൃതജപങ്ങളും, സൽകൃത്യങ്ങളും, കോർത്തിണക്കിയ ചാർട്ട് തയ്യാറാക്കി. ഗ്രൂപ്പടിസ്ഥാനത്തിൽ ക്രിസ്തുമസ് ആഘോഷപരിപാടികൾ നടത്തി.
*ധർമ്മഗിരി :-* പഴൂർ വൃദ്ധമന്ദിരം സന്ദർശിച്ചു. ലഹരിവിരുദ്ധ സന്ദേശ റാലി നടത്തി. (ടൂവീലർ) 'ഊന്നുവടികൾ' എന്ന ടെലിഫിലിമിൽ 18 സി.എം.എൽ. അംഗങ്ങൾ അഭിനയിക്കുകയും അത് പ്രദർശിപ്പിക്കുകയും ചെയ്തു.
*തവിഞ്ഞാൽ :-* നക്ഷത്ര നിർമ്മാണ മത്സരം നടത്തി. ഈശോയുടെ ജനനത്തെ അനുസ്മരിപ്പിക്കുന്ന ചിത്രപ്രദർശനം നടത്തി.
*കൊമ്മയാട് :-* എമ്മാവൂസ്‌വില്ല സന്ദർശിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി.
*അമരക്കുനി :-* കരോൾഗാനമത്സരം നടത്തി. മിഷൻഗ്രാമത്തിന് ക്രിസ്തുമസ് സന്ദേശം അയച്ചു.
*വാകേരി :-* രോഗീദിനം ആചരിച്ചു. പ്രായമായവരെയും രോഗികളെയും പള്ളിയിൽ കൊണ്ടുവന്ന് കുമ്പസാരം, വി.കുർബാന എന്നിവയ്ക്ക് അവസരം ഒരുക്കി.
*മംഗലശേരി :-* പുൽക്കൂട്, ക്രിസ്തുമസ്ട്രീ എന്നിവ നിർമ്മിച്ചു. ആരാധന നടത്തി.
*പുതിയിടം :-* സുകൃതജപതാരത്തെ തെരഞ്ഞെടുത്തു. പച്ചക്കറിത്തോട്ടം വൃത്തിയാക്കി.
*കരിമ്പിൽ :-* അൾത്താരസംഘം മീറ്റിംഗ് നടത്തി. കരോൾഗാന മത്സരം നടത്തി.
*ജൂഡ്സ്മൗണ്ട് :-* ക്രിസ്തുമസ് ട്രീ നിർമ്മിച്ചു. പുൽക്കൂട് നിർമ്മാണ മത്സരം നടത്തി.
*ആടിക്കൊല്ലി :-* കരോൾഗാന മത്സരം നടത്തി. സി.എം.എൽ. അംഗങ്ങൾ സമാഹരിച്ച തുക പെയിൻ & പാലിയേറ്റിവിലേക്ക് സംഭാവന നൽകി.

*മുട്ടിയേൽ :–* ഹൃദയത്തിലൊരു പുൽക്കൂടും, ഉണ്ണികൊന്തയും ചൊല്ലാൻ പരിശീലനം നൽകി.

*പോരൂർ :–* സീനിയർ അംഗങ്ങൾ സ്നേഹാലയത്തിൽ പുൽക്കൂട് നിർമ്മിച്ചു കൊടുത്തു.

*അരിഞ്ചേർമല :–* കുഞ്ഞിപൈതങ്ങളുടെ തിരുനാൾ ആചരിച്ചു. പുൽക്കൂട് നിർമ്മാണം നടത്തി.

*പ്രശാന്തഗിരി :–* ഏകദിന ധ്യാനം നടത്തി. വി.ഫ്രാൻസീസ് സേവ്യറിന്റെ തിരുനാൾ ആഘോഷിച്ചു.

*ഇരുളം :–* പച്ചക്കറിത്തോട്ടം വൃത്തിയാക്കി. പ്രസംഗ മത്സരം നടത്തി.

*പയ്യമ്പള്ളി :–* കൊളാഷ്, പുൽക്കൂട് എന്നിവ നിർമ്മിച്ചു.

*മൂലേപ്പാടം :–* രോഗീസന്ദർശനം നടത്തി. സിമിത്തേരി വൃത്തിയാക്കി.

*പുതുശേരി :–* ദൈവവിളിക്കുവേണ്ടി ആരാധന നടത്തി. നക്ഷത്ര നിർമ്മാണ മത്സരം നടത്തി.

*ബത്തേരി :–* ക്രിസ്റ്റീൻ ധ്യാനം നടത്തി. മേഖലയിൽ നടത്തിയ പൂക്കൾഡിസൈനിംഗ് മത്സരത്തിൽ 1–ാം സ്ഥാനം കരസ്ഥമാക്കി.

*കുറുമണി :–* ഫ്രാൻസീസ് സേവ്യറുടെ തിരുനാൾ ആചരിച്ചു. ക്രിസ്തുമസ് കിറ്റ് നൽകി. സി.എം.എൽ. ന്റെ നേതൃത്വത്തിൽ 5 ആടുകളെ 5 കുടുംബങ്ങൾക്ക് നൽകി.

നിങ്ങളുടെ സ്വന്തം,

**രഞ്ചിത്ത് മുതുപ്ലാക്കൽ**

രൂപതാ ജനറൽ സെക്രട്ടറി

## കെ. സി. വൈ. എം.

**സംസ്ഥാന കലോത്സവം - ഉത്സവ് 2013**

നവജ്യോതി ഓക്സീലിയം ഇംഗ്ലീഷ് മീഡിയം സ്കൂൾ, കോഴിക്കോട് വച്ച് 2013 ഡിസംബർ 7-ന് നടന്ന രചനാ മത്സരത്തിലും, സെന്റ് ആൽബർട്സ് കോളേജ് എറണാകുളത്തുവച്ച് 2013 ഡിസംബർ 13, 14, 15 തീയതികളിലായി നടന്ന സംസ്ഥാന കലോത്സവത്തിലും പങ്കെടുത്ത എല്ലാ കലാകാരൻമാരെയും അഭിനന്ദിക്കുകയും രൂപത സമിതിയുടെ പേരിൽ നന്ദിയർപ്പിക്കുകയും ചെയ്യുന്നു. അവരെ സജ്ജരാക്കിയ ഡയറക്ടർമാർക്കും, ആനിമേറ്റർമാർക്കും പങ്കെടുത്തവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

**രചനാ മത്സരവിജയികൾ**

| | | |
|---|---|---|
| കാർട്ടൂൺ | - നിധിൻ മാങ്കോട്ടിൽ, മഞ്ഞൂറ | B Grade |
| നോട്ടീസ് | - പ്രദീഷ് കൊല്ലൻകുന്നേൽ, ചെന്നലോട് | B Grade |
| കൊളാഷ് | - പ്രദീഷ് കൊല്ലൻകുന്നേൽ, ചെന്നലോട് | C Grade |
| മുദ്രാവാക്യരചന | - പ്രദീഷ് കൊല്ലൻകുന്നേൽ, ചെന്നലോട് | B Grade |
| പോസ്റ്റർ രചന | - നിഥിൻ മാങ്കോട്ടിൽ | B Grade |

**കലാമത്സര വിജയികൾ**

| | | |
|---|---|---|
| നാടോടിനൃത്തം | - കൊച്ചുറാണി പുളിയംമാക്കിൽ, പഴൂർ | I$^{st}$ A Grade |
| | - ബിനോയ് കല്ലിടങ്കൽ, ചേലൂർ | A Grade |
| മിമിക്രി | - ജിബിൻ മൂലൻ, ഒലിവുമല | B Grade |
| മോണോ ആക്ട് | - അലീന കല്ലേകുളം, വെള്ളൂന്നി | A Grade |
| മാർഗ്ഗംകളി | - സിൻസി ആലുങ്കൽ & പാർട്ടി പഴൂർ | I$^{st}$ A Grade |

**വാർഷികസെനറ്റ് - 2013 ഡിസംബർ 28**

2013 പ്രവർത്തനവർഷത്തെ വിലയിരുത്തുവാനും, പുതുവർഷത്തിൽ പുത്തനുർവ്വോടെ കർമ്മനിരതരാകുവാനും രൂപത വാർഷിക സെനറ്റ് 2013 ഡിസംബർ 28-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്ത

പ്പെട്ടു. കെ.സി.വൈ.എം. രൂപതാ പ്രസിഡന്റ് ശ്രീ. ജിതേഷ് മുളയ്ക്ക ക്കുന്നേൽ അധ്യക്ഷത വഹിച്ചു. കെ.സി.വൈ.എം. ജനറൽ സെക്രട്ടറി ശ്രീ. ബിബിൻ ചെമ്പക്കര സ്വാതവും, കെ.സി.വൈ.എം. രൂപതാഡയറ ക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ആമുഖപ്രഭാഷണവും നട ത്തിയ ചടങ്ങിൽ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ഡയറ ക്ടർ റവ.ഫാ. സോണി വടയാപറമ്പിൽ ഉദ്ഘാടനം ചെയ്തു. രൂപതാവാർഷിക വരവു ചിലവ് കണക്കുകൾ ട്രഷറർ, ശ്രീ. സിബിൻ പാലമൂട്ടിൽ അവതരിപ്പിച്ചു. തുടർന്ന് മേഖല റിപ്പോർട്ടുകളും രൂപതാ റിപ്പോർട്ടുകളും അവതരിപ്പിച്ച് പാസാക്കി.

**2014 പ്രവർത്തനവർഷത്തേക്കുള്ള ഭാരവാഹികളായി താഴെ പറ യുന്നവർ തിരഞ്ഞെടുക്കപ്പെട്ടു.**

പ്രസിഡന്റ് - ശ്രീ. ബിബിൻ ചെമ്പക്കര - പട്ടാണികൂപ്പ്
വൈസ് പ്രസിഡന്റ് - കുമാരി ജോത്സന ജോസ് തെക്കുംപുത്തൻപുര - മക്കിയാട്
ജനറൽ സെക്രട്ടറി - ശ്രീ. സിബിൻ പാലമൂട്ടിൽ - തലഞ്ഞി
സെക്രട്ടറിമാർ - ശ്രീ. എബിൻ ഫിലിപ്പ് മുട്ടപ്പള്ളി - തരിയോട്
കുമാരി അനീറ്റ കുളത്തിങ്കൽ - പയ്യമ്പള്ളി
ട്രഷറർ - വിനു വാണിയപ്പിള്ളി - തോമാട്ടുചാൽ
കോ.ഓർഡിനേറ്റർ - റ്റിജോ പാറയ്ക്കൽ - റിപ്പൺ
സംസ്ഥാന സിൻഡിക്കേറ്റ് - ശ്രീ. സജിൻ ജോസ് ചാലിൽ, കുമാരി ഫ്രെൻസി മണ്ണി ശേരി
സംസ്ഥാന സെനറ്റ് അംഗങ്ങൾ - ശ്രീ. ബിനോയ് പാനികുളം, ശ്രീ. ആബേൽ അന്നടി ക്കൽ, ശ്രീ. സിബിൻ പാലമൂട്ടിൽ, കുമാരി ജോസ്ന പുള്ളോലിക്കൽ

## സംയുക്ത സിൻഡിക്കേറ്റും, ഉത്തരവാദിത്വ കൈമാറ്റവും

രൂപത സമിതിയുടെ ഉത്തരവാദിത്വ കൈമാറ്റവും, സംയുക്ത സിൻഡിക്കേറ്റും 2014 ജനുവരി 5-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. ബഹു. ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കലിന്റെ സാന്നിധ്യത്തിൽ 2014 പ്രവർത്തനവർഷത്തെ ഭാരവാഹികൾ ഉത്തരവാ ദിത്വം ഏറ്റെടുത്തു. അഭിനന്ദനങ്ങളർപ്പിച്ചുകൊണ്ട് സിൻഡിക്കേറ്റ് അംഗ ങ്ങൾ സംസാരിച്ചു.

**പ്രവർത്തക അവാർഡുകൾ**

2013 വർഷത്തെ മികച്ച പ്രവർത്തനത്തിനുള്ള അവാർഡുകൾ വാർഷിക സെനറ്റിൽ വച്ച് നൽകുകയുണ്ടായി.

മികച്ച മേഖല - മണിമൂളി, തരിയോട്

മികച്ച യൂണിറ്റ് - കോട്ടത്തറ, പയ്യമ്പള്ളി
മികച്ച മേഖലാ പ്രവർത്തകൻ - ശ്രീ. ആന്റണി മങ്കടപ്ര (പുൽപ്പള്ളി മേഖല)
മികച്ച മേഖലാ പ്രവർത്തക - നീതു ജോർജ് കലമറ്റത്തിൽ (കല്പറ്റ മേഖല)
മികച്ച യൂണിറ്റ് പ്രവർത്തകൻ - ജോബി നെല്ലിക്കുന്നേൽ
മികച്ച യൂണിറ്റ് പ്രവർത്തക - അനീറ്റ കുളത്തിങ്കൽ
വിജയികൾക്ക് രൂപത സമിതിയുടെ അഭിനന്ദനങ്ങൾ.

## യൂണിറ്റ്, മേഖല ഭാരവാഹികളുടെ അഡ്രസ്സ്

യൂണിറ്റ്, മേഖല ഭാരവാഹികളുടെ അഡ്രസ്സും ഫോൺ നമ്പറും ഫെബ്രുവരി 15 നകം രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ?

## അനുമോദനങ്ങൾ

സംസ്ഥാന വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. സജിൻ ജോസ് ചാലിന് പ്രസ്ഥാനത്തിന്റെ അനുമോദനങ്ങളും ആശംസകളും.

## ആദരാഞ്ജലികൾ

മാനന്തവാടി രൂപത മുൻ വികാരിജനറാളും രൂപതാ അഡ്മിനിസ്ട്രേറ്ററുമായിരുന്ന മോൺ. ജോസഫ് കണിയാമറ്റത്തിൽ അച്ചന്റെ നിര്യാണത്തിൽ കെ.സി.വൈ.എം. മാനന്തവാടി പ്രസ്ഥാനത്തിന്റെ ആദരാഞ്ജലികൾ. കെ.സി.വൈ.എം. സംഘടനയ്ക്ക് അച്ചൻ നൽകിയിട്ടുള്ള പിന്തുണയും പ്രോത്സാഹനവും നന്ദിയോടെ അനുസ്മരിക്കുകയും ആത്മശാന്തിക്കായി കെ.സി.വൈ.എം. കുടുംബം ഒന്നുചേർന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## അംഗത്വ നവീകരണം

2014 പ്രവർത്തന വർഷത്തിൽ അംഗങ്ങളുടെ സ്വീകരണവും, പുതുക്കലും മാർച്ച് 31 ന് മുൻപ് പൂർത്തിയാക്കേണ്ടതാണ്.

## യൂണിറ്റ് വാർത്തകൾ

**വെള്ളൂന്നി യൂണിറ്റ് –** യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജോസ് കൊട്ടാരം യുവജനങ്ങൾക്കുവേണ്ടി 4 ദിവസം നീണ്ടുനിന്ന ഒരു ധ്യാനം സംഘടിപ്പിച്ചു. താമസിച്ചുകൊണ്ടുള്ള ധ്യാനത്തിൽ 100 യുവജനങ്ങൾ പങ്കെടുത്തു. സി. ദർശനയുടെ നേതൃത്വത്തിലുള്ള ടീമാണ് ധ്യാനം നയിച്ചത്. യുവജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാനും ഭക്ഷണമൊരുക്കുവാനും

ഇടവകയിലെ മാതാപിതാക്കൾ സഹകരിച്ചു. 40 ഓളം യുവജനങ്ങളുടെ സഹകരണത്തോടെ പുൽക്കൂട് നിർമ്മിക്കുകയും ക്രിസ്തുമസ് കരോൾ നടത്തുകയും ചെയ്തു.

**ഒലിവുമല യൂണിറ്റ് –** യുവജനങ്ങളുടെ സഹകരണത്തോടെ ചുണ്ട, തളിമല റോഡിലെ കുഴികൾ കല്ലിട്ട് വൃത്തിയാക്കി. ക്രിസ്തുമസിനൊരുക്കമായി എല്ലാ ദിവസവും ദിവ്യബലിയിൽ സംബന്ധിച്ചു. നക്ഷത്ര നിർമ്മാണം, പള്ളിക്കകത്തും പുറത്തുമായി രണ്ട് പുൽക്കൂടുകൾ, കരോൾ ഇവ നടത്തുന്നതിൽ യുവജനങ്ങൾ സജീവമായി സഹകരിച്ചു. വൈത്തിരി സബ് ജയിൽ സന്ദർശിച്ച് കലാപരിപാടികൾ അവതരിപ്പിച്ചു.

**പൂളപ്പാടം യൂണിറ്റ് –** യൂണിറ്റ് ഡയറക്ടർ റവ.ഫാ. സജി പുതുകുളങ്ങരയുടെ നേതൃത്വത്തിൽ 2014 പ്രവർത്തനവർഷത്തിൽ യൂണിറ്റിനെ നയിക്കേണ്ട ഭാരവാഹികളെ തിരഞ്ഞെടുത്തു. യൂണിറ്റ് കേന്ദ്രീകരിച്ച് ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ ഫണ്ട് ശേഖരണാർത്ഥം ക്രിസ്തുമസിനോടനുബന്ധിച്ച് കേക്ക് കൂപ്പൺ നറുക്കെടുപ്പ് നടത്തി. യുവജനങ്ങളുടെ നേതൃത്വത്തിൽ പുൽക്കൂട് നിർമ്മാണം, കരോൾ ഇവ നടത്തി. ആരാധനയിലും, വർഷാവസാന പ്രാർത്ഥനയിലും, ദിവ്യബലിയിലും യുവജനങ്ങൾ പങ്കുചേർന്നു.

**കൊമ്മയാട് യൂണിറ്റ് –** യൂണിറ്റിൽ മനോഹരമായ പുൽക്കൂട് യുവജനങ്ങൾ നിർമ്മിച്ചു. അൾത്താരയിലെ ആത്മീയശുശ്രൂഷകൾക്കും, വചനവായനകൾക്കും യുവജനങ്ങൾ നേതൃത്വം നൽകി.

**ദീപ്തിഗിരി യൂണിറ്റ് –** യൂണിറ്റിലെ യുവജനങ്ങളും, ഇടവകാസമൂഹവും ഒത്തുചേർന്ന് രണ്ടേനാലിൽ സംയുക്ത ക്രിസ്തുമസ് ആഘോഷം നടത്തി. യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജോസ് കപ്യാരുമലയിൽ സ്വാഗതം ആശംസിച്ചു. കെ.സി.വൈ.എം. രൂപതാഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ക്രിസ്തുമസ് സന്ദേശം നൽകി. ശ്രീ. വടക്കത്തി ഭഗവതി ക്ഷേത്രത്തിലെയും, രണ്ടേനാൽ ജുമാമസ്ജിദിലെയും ആത്മീയാചാര്യൻമാർ ആശംസകൾ നേർന്നത് ശ്രദ്ധേയമായി. യൂണിറ്റിലെ ഗായകസംഘവും കുട്ടികളും ചേർന്ന് മനോഹരമായി കരോൾഗാനങ്ങളാലപിച്ചതും, ക്രിസ്തുമസ് പപ്പമാരും, പുൽക്കൂടും, കേക്ക് വിതരണവും എല്ലാം ചേർന്ന് ക്രിസ്തുമസ് ആഘോഷം അഭിനന്ദനാർഹമായ ആഘോഷമാക്കി മാറ്റി.

**പഴൂർ യൂണിറ്റ് –** എറണാകുളത്ത് വെച്ച് നടന്ന കെ.സി.വൈ.എം. സംസ്ഥാന കലോത്സവത്തിൽ മാർഗ്ഗംകളിയ്ക്കും, നാടോടിനൃത്ത

ത്തിനും യൂണിറ്റിന് ഒന്നാം സ്ഥാനം ലഭിച്ചു. മാർഗ്ഗംകളി – ഷാനി മുത്തൻകുന്നിൽ, റ്റിൻസി വെള്ളമറ്റത്തിൽ, സിൻസി ആലുങ്കൽ, കൊച്ചു റാണി പുളിയൻമാക്കിൽ, റ്റീന വെള്ളമറ്റത്തിൽ, നീനു ചക്കാലയ്ക്കൽ, സ്റ്റെല്ല പുളിയംമാക്കിൽ, നാടോടിനൃത്തം – കൊച്ചുറാണി പുളിയംമാക്കിൽ. വിജയികൾക്ക് അഭിനന്ദനങ്ങൾ.

**ചുങ്കക്കുന്ന് യൂണിറ്റ് –** ക്രിസ്തുമസിനൊരുക്കദിനങ്ങളിൽ യുവജനങ്ങൾ വി.ബലിയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു. ഭാരവാഹികളുടെ നേതൃത്വത്തിൽ ക്യാൻസർരോഗികളെ സന്ദർശിച്ചു. യൂണിറ്റ് വാർഷികാഘോഷം നടത്തി. 3 മണിക്കൂർ നീണ്ടുനിന്ന കലാസന്ധ്യ യൂണിറ്റ് ഡയറക്ടർ റവ.ഫാ. തോമസ് മണക്കുന്നേൽ ഉദ്ഘാടനം ചെയ്തു. 2013 വർഷത്തിൽ ഇടവകയിലെ കലാ, കായിക, ബൗദ്ധിക തലങ്ങളിൽ മികവ് തെളിയിച്ച വ്യക്തികളെ ആദരിച്ച് ഉപഹാരം നൽകി. വർഷാവസാന ആരാധനയിലും, ദിവ്യബലിയിലും സംബന്ധിച്ച് യുവജനങ്ങൾ അനുഗ്രഹങ്ങൾ നേടി.

**പയ്യംമ്പള്ളി യൂണിറ്റ് –** ക്രിസ്തുമസ് സന്ദേശം മനുഷ്യഹൃദയങ്ങളിലേക്ക് പകർന്നു നൽകുന്നതിന്റെ ഭാഗമായി യുവജനങ്ങളുടെ നേതൃത്വത്തിൽ സന്ദേശയാത്ര നടത്തി. ഇടവകയുടെ എല്ലാ ഭാഗങ്ങളെയും ഉൾപ്പെടുത്തികൊണ്ടുള്ള സന്ദേശയാത്ര ഫൊറോന വികാരി റവ.ഫാ. ജോസ് മുണ്ടയ്ക്കൽ ഫ്ളാഗ് ഓഫ് ചെയ്തു. രക്ഷാകര സംഭവങ്ങളുടെ നേർകാഴ്ചകളും, ക്രിസ്തുമസ് ആശംസാവാചക കാർഡുകളും, മധുരപലഹാര വിതരണവും, കരോൾഗാനങ്ങളും, ബാന്റ്മേളവും, രാത്രിയെ ശോഭിതമാക്കിയ വർണ്ണകാഴ്ചകളുമെല്ലാം സന്ദേശയാത്രയെ മനോഹരമാക്കി. ദേവാലയത്തിൽ നിന്നും ആരംഭിച്ച യാത്ര കൊയിലേരി ടൗണിൽ എത്തിചേർന്നപ്പോൾ യൂണിറ്റ് ഡയറക്ടർ റവ.ഫാ. മരിയദാസും, കെ.സി.വൈ.എം. രൂപത ജനറൽ സെക്രട്ടറി ശ്രീ. ബിബിൻ ചെമ്പക്കരയും ക്രിസ്തുമസ് സന്ദേശം നൽകി. തുടർന്ന് ഇടവകയുടെ നാലു അതിർത്തികളിലൂടെയും കടന്ന് കൂടൽക്കടവിൽ അവസാനിച്ചു.

**ആലാറ്റിൽ യൂണിറ്റ് –** കസ്തൂരിരംഗൻ, ഗാഡ്ഗിൽ റിപ്പോർട്ടുകൾക്കെതിരെ എല്ലാ ഭവനങ്ങളും സന്ദർശിച്ച് പേരും, ഒപ്പും, പരാതികളും ശേഖരിച്ച് ഉന്നത സമിതിക്ക് സമർപ്പിക്കാൻ യുവജനങ്ങൾ നേതൃത്വം നൽകി. ക്രിസ്തുമസിനൊരുക്കമായി യുവജനങ്ങൾ വി.ബലിയിൽ സംബന്ധിച്ച് ഒരുങ്ങി. നക്ഷത്രം നിർമ്മിക്കാനും, പുൽക്കൂടൊരുക്കുവാനും യുവജനങ്ങൾ നേതൃത്വം നൽകി. പുതിയവർഷം സംഘടനയെ നയിക്കേണ്ട

ഭാരവാഹികളെ തിരഞ്ഞെടുത്തു. മേഖല പ്രസിഡന്റായി തിരഞ്ഞെടു ക്കപ്പെട്ട ജസ്റ്റിൻ താമരക്കാട്ടിന് അഭിനന്ദനങ്ങൾ.

**അമരക്കുനി യൂണിറ്റ് –** ക്രിസ്തുമസിനൊരുക്ക ദിനങ്ങളിൽ യുവജ നങ്ങൾ വി.ബലിയിൽ പങ്കുചേർന്ന് ഒരുങ്ങി. യുവജനങ്ങളുടെ നേതൃ ത്വത്തിൽ നക്ഷത്രം നിർമ്മിച്ചു. യുവജനങ്ങളുടെ കലാമികവ് പ്രകടമാ ക്കുന്ന വിധത്തിൽ രൂപകല്പന ചെയ്ത് നിർമ്മിച്ച പുൽക്കൂട് എല്ലാവ രുടെയും ശ്രദ്ധയാകർഷിച്ചു. ക്രിസ്തുമസ് കരോളിൽ യുവജനങ്ങളുടെ സാന്നിധ്യം വിലയേറിയതായിരുന്നു. ക്രിസ്തുമസ് പാതിരാ കുർബാ നയ്ക്ക് കെ.സി.വൈ.എം. രൂപതാഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ നേതൃത്വം നൽകി. മേഖലാ മീറ്റിംഗിലും, ക്രിസ്തുമസ് ആഘോഷപരിപാടികളിലും മേഖലാ ഡയറക്ടർ റവ.ഫാ. റോബിൻ പടിഞ്ഞാറയിലും ആനിമേറ്റർ സി. അനിലിറ്റും മറ്റ് ഭാരവാഹികളും സംബന്ധിച്ചു.

**ബിബിൻ ചെമ്പക്കര**
കെ.സി.വൈ.എം. ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ഡിസംബർ 28 മുതൽ 31 വരെ നടന്ന കോഴ്സിൽ 94 പേരും ജനുവരി 12 മുതൽ 15 വരെ നടന്ന കോഴ്സിൽ 101 പേരും പങ്കെടുത്തു. കോഴ്സുകളുടെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദീകർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസത്തിലെ കോഴ്സുകൾ**

| | |
|---|---|
| ഫെബ്രുവരി 9 മുതൽ 12 വരെ | - പാസ്റ്ററൽ സെന്റർ ദ്വാരക |
| മാർച്ച് 2 മുതൽ 5 വരെ | - പാസ്റ്ററൽ സെന്റർ ദ്വാരക |
| മാർച്ച് 14 മുതൽ 17 വരെ | - മണിമൂളി |
| മാർച്ച് 28 മുതൽ 31 വരെ | - പാസ്റ്ററൽ സെന്റർ ദ്വാരക |

**കത്തോലിക്കാ മാതൃസംഘടന**

രൂപതാ ഡയറക്ടർ ബഹു. മാത്യു പെരിയപ്പുറം അച്ചന്റെ നേതൃത്വത്തിൽ 2013 ഡിസംബർ 21-ന് രൂപതാ ജനറൽ ബോഡിയും വാർഷികവും നടത്തി. ഡിസംബർ 20-ാം തിയതി എല്ലാ ശാഖാ ആനിമേറ്റേഴ്നിനും വേണ്ടി നടത്തിയ സംഗമത്തിൽ രൂപതാ ആനിമേറ്റർ സി.ടെസ്സീന എസ്.എ.ബി.എസ്. ക്ലാസ്സെടുത്തു. വിഷയം 'സംഘടനയേക്കുറിച്ചുള്ള അവബോധം' എന്നതായിരുന്നു. ജനറൽ ബോഡിയിൽ 12 മേഖലകളിൽനിന്നുമായി 225 പേർ പങ്കെടുത്തു. ക്രൈസ്തവ വിശ്വാസവും പാരമ്പര്യവും കുടുംബങ്ങളിൽ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ശ്രീ. ജോസ് പള്ളത്ത് സാർ അമ്മമാർക്ക് ക്ലാസ്സെടുത്തു. രൂപതാ പ്രസിഡണ്ട് ശ്രീമതി. മോളി കരിമ്പനാക്കുഴിയുടെ അധ്യക്ഷതയിൽ ചേർന്ന പൊതു സമ്മേളനത്തിൽ രൂപതാ സെക്രട്ടറി ശ്രീമതി. കത്രിക്കുട്ടി മണ്ണൂക്കുളം റിപ്പോർട്ടും രൂപതാ ട്രഷറർ ശ്രീമതി. ഏലിയാമ്മ കുന്നത്ത് കണക്കും അവതരിപ്പിച്ചു. ബഹു. ജോർജ്ജ്

മൈലാടൂർ അച്ചൻ ഉദ്ഘാടന കർമ്മം നിർവഹിച്ചു. തുടർന്ന് ലോഗോസ് ക്വിസ്സ് വിജയികൾക്കും, സാഹിത്യ രചനാ മത്സരങ്ങളുടെ വിജയികൾക്കും, ബെസ്റ്റ് മേഖല - ശാഖാ വിജയികൾക്കും സമ്മാനങ്ങൾ നൽകി. സമ്മാന ദാനം നിർവ്വഹിച്ചത് ബഹു.ജോർജ്ജ് മൈലാടൂർ അച്ചനായിരുന്നു. മീറ്റിംഗിൽ സംബന്ധിച്ച എല്ലാവർക്കും രൂപതാ ആനിമേറ്റർ സി. റ്റെസീന നന്ദിയർപ്പിച്ചു.

**ചുങ്കക്കുന്ന് മേഖല**

2013 ഡിസംബർ 27 ന് അമ്പായത്തോട് ശാഖയിൽ വച്ച് ചുങ്കക്കുന്ന് ഫൊറോന മാതൃസംഘടനയുടെ ജനറൽ ബോഡി മീറ്റിംഗ് മേഖലാ പ്രസിഡണ്ട് ശ്രീമതി സൂസൻ ചെക്കാട്ടുകുന്നേലിന്റെ അധ്യക്ഷതയിൽ ചേർന്നു. മേഖലാ ഡയറക്ടർ ബഹു.ജോസ് വാഴക്കാല അച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. രൂപതാ ആനിമേറ്റർ സി.ടെസ്സീന എസ്.എ.ബി.എസ്., പ്രസിഡണ്ട് ശ്രീമതി മോളി കരിമ്പനാക്കുഴി എന്നിവർ അമ്മമാർക്കായി ക്ലാസ്സെടുത്തു. 10 ശാഖകളിൽനിന്നുമായി 65 പേർ പങ്കെടുത്തു. കഴിഞ്ഞ ഒക്ടോബർ മാസത്തിൽ നടത്തപ്പെട്ട രൂപതാ സാഹിത്യമത്സര വിജയികൾക്ക് സമ്മാനദാനം നടത്തി. വിശ്വാസവർഷ സമാപനത്തോടനുബന്ധിച്ച് നടത്തിയ ജപമാല പ്രാർത്ഥനയിൽ എല്ലാ ശാഖാ മാതൃ സംഘാംഗങ്ങളും സഹകരിച്ചു. ആ വകയിൽ സമാഹരിച്ച 21,000 രൂപ ഏറ്റവും പാവപ്പെട്ട മൂന്ന് അമ്മമാർക്കായി നൽകി. 10 ശാഖയിലെ സംഘടനാംഗങ്ങൾ 25,000 ജപമാല ചൊല്ലി വിശ്വാസവർഷത്തിന്റെ വിജയത്തിനായി സമർപ്പിച്ചു. മേഖല സെക്രട്ടറി കത്രിക്കുട്ടി ടീച്ചർ ഏവർക്കും നന്ദിയർപ്പിച്ചു.

**പയ്യമ്പള്ളി മേഖല**

8-1-2014-ന് മേഖലാ ഡയറക്ടർ ബഹു. ചാക്കോച്ചൻ വാഴക്കാലായുടെ നേതൃത്വത്തിൽ മേഖലാ എക്സിക്യൂട്ടീവ് ചേർന്നു. 2014 വർഷത്തിലെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് രൂപരേഖ തയ്യാറാക്കി. ജനുവരിയിൽ ആറാട്ടുതറ ശാഖയും ഫെബ്രുവരിയിൽ പടമലയും മാർച്ചിൽ പയ്യംമ്പള്ളിയും അഗതി മന്ദിരമായ കരുണാഭവനിൽ ഓരോ ദിവസം ശുശ്രൂഷ ചെയ്യാൻ തീരുമാനിച്ചു. മാർച്ച് 15 ന് പനവല്ലി ശാഖയിൽവച്ച് അർദ്ധദിന സെമിനാറും (ക്രൈസ്തവ പാരമ്പര്യം കുടുംബങ്ങളിൽ) ലേവ്യരുടെ പുസ്തകം 'ലോഗോസും' നടത്താൻ തീരുമാനിച്ചു.

**മാനന്തവാടി മേഖല**

10-01-2014 ന് മാനന്തവാടി മേഖലാ മാതൃസംഘടനയുടെ വാർഷികാഘോഷം ബോയ്സ് ടൗണിൽ വെച്ച് മേഖലാ ഡയറക്ടർ ബഹു. മാർട്ടിൻ പുതുശ്ശേരി അച്ചന്റെ നേതൃത്വത്തിൽ പ്രസിഡണ്ട് മോളി

കരിമ്പനാക്കുഴിയുടെ അദ്ധ്യക്ഷതയിൽ നടത്തി. മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ നടത്തിയ കരിമാനി, മുതിരേരി, പോരൂർ എന്നീ ശാഖകൾക്കുള്ള ട്രോഫിയും, സാഹിത്യരചനാ വിജയികൾക്കുള്ള സമ്മാനദാനവും നിർവ്വഹിച്ചു. രൂപതാ എക്സിക്യൂട്ടീവിലേക്കുള്ള മേഖലാ പ്രതിനിധിയായി മേഖലാ സെക്രട്ടറി ശ്രീമതി ഷൈനി എളുപ്പുപാറയെ തിരഞ്ഞെടുത്തു.

**കുറുമണി**

പുതിയ ദേവാലയത്തിലേയ്ക്കായി മാതൃ സംഘാംഗങ്ങൾ 7 മുത്തുക്കുടകളും തിരുനാൾ നേർച്ച ഭക്ഷണത്തിനായി അരിയും സമാഹരിച്ചു നൽകി. ഒരു സാധു കുടുംബത്തിന് ഭവന നിർമ്മാണത്തിനായി 10,000/- രൂപാ നൽകി. മേഖലാ തലത്തിൽ നടന്ന ക്രിസ്തുമസ് കരോൾ ഗാന മത്സരത്തിൽ കുറുമണിശാഖയ്ക്ക് 2-ാം സ്ഥാനം ലഭിച്ചു. ഒരു പാവപ്പെട്ട കുടുംബത്തിന് കുമ്മട്ടിക്കട നടത്തുന്നതിനുവേണ്ടി 15,000/- രൂപ സംഘടനയിൽനിന്ന് നൽകി സഹായിച്ചു.

**ഒലിവുമല**

ക്രിസ്തുമസിനൊരുക്കമായി അംഗങ്ങൾ എല്ലാ ദിവസവും ദിവ്യബലിയിൽ സംബന്ധിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. രോഗീസന്ദർശനം നടത്തി. ഡിസംബർ മാസം മുഴുവനും ഇടവകയ്ക്കുവേണ്ടി സന്തോഷത്തിന്റെ രഹസ്യം ചൊല്ലി പ്രാർത്ഥിച്ചു. 15-ാം തീയതി വൈത്തിരി സബ്ജയിൽ സന്ദർശിച്ചു.

**ചുങ്കക്കുന്ന്**

തിരുപ്പിറവിക്കൊരുക്കമായി സുകൃത ജപങ്ങളാൽ പുൽക്കൂട് നിർമ്മിച്ച് ഉണ്ണീശോയെ വരവേറ്റു. 14-12-2013 ന് മികച്ച ശാഖയെ തിരഞ്ഞെടുക്കുന്നതിന് രൂപതാ ടീം സന്ദർശനം നടത്തി. 21 -12-2013-ന് രൂപതാ ജനറൽ ബോഡി യോഗത്തിൽ പങ്കെടുത്ത് രൂപതയിൽ മികച്ച ശാഖയ്ക്കുള്ള രണ്ടാം സ്ഥാനം നേടി. 24-12-2013 -ന് ഇടവകയിലെ സാധുക്കളായ 5 കുടുംബനാഥകൾക്ക് 500/- രൂപാ വീതം ക്രിസ്തുമസ്സ് സമ്മാനമായി നൽകി. 27-12-2013-ന് അമ്പായത്തോട്ടിൽ വച്ച് നടന്ന മേഖലാ നേതൃത്വ പരിശീലനം 'ഉണർവ്വി'ൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്ത് മികച്ച ശാഖയ്ക്കുള്ള സമ്മാനം ഡയറക്ടർ ബഹു. ജോസ് വാഴക്കാലയച്ചനിൽ നിന്ന് ഏറ്റു വാങ്ങി. വനിതാ കമ്മീഷൻ നടത്തിയ സാഹിത്യ മത്സരത്തിൽ അനില നല്ലൂർ മേഖലാ തലത്തിൽ 1-ാം സ്ഥാനം നേടി. ലോഗോസ് ക്വിസിൽ കൂടുതൽ മാർക്ക് ലഭിച്ച അമ്മമാർക്ക് ക്രിസ്മസ്സ് രാത്രിയിൽ സമ്മാനങ്ങൾ ഡയറക്ടറച്ചൻ വിതരണം ചെയ്തു.

**ഇരുളം**

എല്ലാ മാസത്തിന്റെയും ആദ്യത്തെ ഞായറാഴ്ച അമ്മമാർ കാഴ്ച സമർപ്പണം നടത്തുന്നു. ലഭിക്കുന്ന തുക പാവങ്ങൾക്കും, അനാഥാല യങ്ങൾക്കും നൽകുന്നു. നവംബർ മാസം ഓസാനാംഭവൻ സന്ദർശി ച്ചു. എല്ലാ ഞായറാഴ്ചയും ആദ്യത്തെ കുർബാനയ്ക്കു ശേഷം മാതൃ സംഘാംഗങ്ങൾ ഒന്നിച്ചു ചേർന്ന് പ്രാർത്ഥന നടത്തുന്നു. ഡിസംബർ മാസത്തിൽ X'Mas Friend സമ്മാനം പണമായി ശേഖരിച്ച് ഒരു വിധവ യുടെ ഭവനത്തെ സഹായിച്ചു.

**പുഴമുടി**

2013 ഡിസംബർ 1-ാം തീയതി ഇടവക വികാരി ബഹു. ഫാ. ബിജു കോയിക്കാട്ടിലിന്റെ നേതൃത്വത്തിൽ മാതൃസംഘം രൂപീകരിച്ചു. മേഖലാ ആനിമേറ്റർ സി. ട്രീസ എസ്.എച്ച്., പ്രസിഡന്റ് ശ്രീമതി ബിജി എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

ഭാരവാഹികൾ: പ്രസിഡന്റ്- ജെസ്സി കുപ്പയിൽ, വൈ. പ്രസി ഡന്റ്-ലിസ്സാമ്മ മഠത്തിൽ, സെക്രട്ടറി-ഷിംനാ പൂതക്കുഴിയിൽ, ജോ.സെക്രട്ടറി-മോളിവാളാമറ്റം, ട്രഷറർ-മോളി ടോണി കൊരണ്ടി യാർകുന്നേൽ. കമ്മിറ്റി അംഗങ്ങൾ: വൽസമ്മ തുറുവേലിക്കുന്നേൽ, റോസിലി കൊരണ്ടിയാർകുന്നേൽ, ഷൈല കൊരണ്ടിയാർകുന്നേൽ, ജിഷ മണ്ഡപത്തിൽ, മഞ്ചു മങ്കുത്തേൽ, ബിന്ദു മഠത്തിൽ, ജെസ്സി തോട്ടത്തിൽ, സിനി നായത്ത്, റീനാ പാറൂക്കാരൻ, ഷൈനി മുണ്ടു നടയ്ക്കൽ, മിനി മുണ്ടുനടയ്ക്കൽ, ഷീബാ കുപ്പയിൽ. ആനിമേറ്റർ: സി.ആഗ്നസ് എസ്.സി.വി.

**കൽപ്ര**

ഡിസംബർ 22-ന് എക്സിക്യൂട്ടീവും തുടർന്ന് ജനറൽ ബോഡിയും നടത്തി. പുതിയ അംഗങ്ങളെ സ്വീകരിച്ചു. ഏകാങ്കം, ചെറു കഥ, പ്രസംഗം, സംഗീതം തുടങ്ങിയ കലാപരിപാടികൾ നടത്തി. ഫാ.തോമസ് കാട്ടുതുരുത്തി, സി. റോസ് വർഗ്ഗീസ് എസ്.എച്ച്. എന്നി വർ ക്രിസ്മസ് സന്ദേശം നൽകി. ഭവന സന്ദർശനവും രോഗി സന്ദർശനവും നടത്തി. പൊതു ദിവ്യകാരുണ്യ സ്വീകരണം നടത്തി. ഗാനശുശ്രൂഷക്ക് നേതൃത്വം നൽകി.

**വഞ്ഞോട്**

കിടപ്പു രോഗികളോടൊപ്പം അമ്മമാർ ക്രിസ്തുമസ്സ് ആഘോ ഷിച്ചു. കുമ്പസാരത്തിന് ഒരുക്കി വി. കുർബാന സ്വീകരിക്കാൻ സഹാ യിച്ചു. ക്രിസ്തുമസ്സ് സമ്മാനങ്ങൾ നൽകി.

**കുറുമ്പാല**

6-12-2013 ന് ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ മീറ്റിംഗ് നടത്തി. എല്ലാ മാസാദ്യ വെള്ളിയാഴ്ചകളിലും വൈകുന്നേരം 3 മണി മുതൽ അമ്മമാർക്ക് ക്ലാസ്സുകൾ സംഘടിപ്പിക്കുകയും മാതൃസംഘടനാ യോഗം ചേരുകയും ചെയ്യുന്നു. ബാലുശ്ശേരി ഇടവക വികാരി ബഹു. സന്തോഷ് ചുവപ്പുങ്കൽ അച്ചൻ ക്ലാസ്സെടുത്തു. വിശ്വാസവർഷത്തോടനുബന്ധിച്ച് രൂപത വിമൻസ് കമ്മീഷന്റെ ആഭിമുഖ്യത്തിൽ വനിതകൾക്കുവേണ്ടി നടത്തിയ സാഹിത്യ രചനാ മത്സരങ്ങളിൽ പങ്കെടുക്കുകയും മേഖലയിൽ വിജയികളാവുകയും ചെയ്തു.

**അമ്പലവയൽ**

അമ്പലവയൽ ഇടവകയിൽ മാതൃസംഘത്തിന് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. രൂപതാ ഡയറക്ടർ ഫാ. മാത്യു പെരിയപ്പുറം സെമിനാർ നയിച്ചു. ബഹു. വികാരി കുര്യൻ വാഴയിലച്ചൻ നേതൃത്വം നൽകി.

ഭാരവാഹികൾ: പ്രസിഡന്റ്-സ്മിത അടവിച്ചിറ, വൈസ്പ്രസിഡന്റ്- ജാൻസി വടാശ്ശേരി, സെക്രട്ടറി- ഷിജി റാത്തപ്പള്ളി, ജോ. സെക്രട്ടറി-മിനി മുത്തൻകുഴി, ട്രഷറർ-മിനി പുലിയിളയ്ക്കൽ, ആനിമേറ്റർ: ഡോ. സി. പൗളിൻ എസ്.എ.ബി.എസ്.

എക്സിക്യൂട്ടീവ് അംഗങ്ങൾ: ജെസ്സി കുളമ്പള്ളി, മിനി വരകുകാലായിൽ, ഡെയ്സി പുത്തൻപുരയ്ക്കൽ.

**മച്ചിക്കൊല്ലി**

ബൈബിൾ വാക്യ പഠന മത്സരം നടത്തി. വർഷാവസാനത്തോടനുബന്ധിച്ച് 31-12-2013 ന് വൈകുന്നേരം 7 മണി മുതൽ 10.30 വരെ ജാഗരണ പ്രാർത്ഥന നടത്തി.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**സോണൽ മീറ്റിംഗ്**

"അവിടുത്തെ നോക്കിയവർ പ്രകാശിതരായി, അവർ ലജ്ജിതരാവുകയില്ല" (സങ്കീ. 34:5)

ജനുവരി 3 ആദ്യവെള്ളി 74 ശുശ്രൂഷകർ സീയോനിൽ ഒത്തുചേർന്നു. 10 മണി മുതൽ 12 മണി വരെ കുരിശിന്റെ വഴി, ആരാധന എന്നിവ നടത്തി. 12 മണിക്ക് ബഹു. സിജു പുത്തൻപുര അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. ഓരോരുത്തരുടെയും വ്യക്തിത്വരൂപീകരണത്തെ കുറിച്ചും അതിൽ പരിശുദ്ധാത്മാവിനുള്ള പ്രാധാന്യത്തെക്കുറിച്ചും അച്ചൻ സംസാരിച്ചു. തുടർന്ന് 1.30 ന് ബഹുമാനപ്പെട്ട അഗസ്റ്റിൻ താന്നിയിലച്ചന്റെ നേതൃത്വത്തിൽ ടീം മീറ്റിംഗ് നടത്തി. ഓരോ ശുശ്രൂഷകനും ദൈവഹിതം നോക്കുന്നവരാകണം, എന്റെ ദൈവവുമായുള്ള ബന്ധത്തിൽ എത്ര ആത്മാർത്ഥത എനിക്കുണ്ട്, സഹിക്കുന്നതിൽ അഭിമാനിക്കണം, പ്രതികൂല സാഹചര്യങ്ങളിൽ വചനം പ്രഘോഷിക്കണം എന്നീ കാര്യങ്ങളെക്കുറിച്ച് അച്ചൻ സംസാരിച്ചു. "സമയം ദൈവത്തെപ്പോലെയാണ്, ഇത്തിരി സമയം ദൈവത്തെ നന്നായി സേവിച്ചാൽ നിത്യകാലത്തേക്ക് ദൈവത്തെ സ്വന്തമാക്കാം" സെന്റ് ബർണാർഡിന്റെ വാക്കുകൾ അച്ചൻ ഓർമ്മിപ്പിച്ചു. ടീം ധ്യാനത്തെക്കുറിച്ച് സംസാരിച്ചതിനുശേഷം ടീം മീറ്റിംഗ് അവസാനിപ്പിച്ച് ഒരുക്കശുശ്രൂഷയ്ക്കായി പോയി.

**ജാഗരണ പ്രാർത്ഥന 3-1-14**

"ഇസ്രായേലേ ഇന്നുമെന്നേക്കും കർത്താവിൽ പ്രത്യാശവയ്ക്കുക" (സങ്കീ. 131:3) പുതുവർഷത്തിൽ കർത്താവിനോടൊത്ത് ഉണർന്നിരിക്കാൻ അനേകം ദൈവമക്കൾ കടന്നു വന്നു. 6.30 ന് ജപമാലയോടെ പ്രാർത്ഥന ആരംഭിച്ചു. 7 മണിക്ക് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. ഭക്ഷണശേഷം കുരിശിന്റെ വഴി, ആരാധന എന്നിവ സീയോൻ ടീമിന്റെ നേതൃ

ത്വത്തിൽ നടത്തി. 12 മണിയ്ക്ക് വിശ്രമത്തിനായി എല്ലാവരും പോയി.

**ആദ്യശനി – ഏകദിന കൺവെൻഷൻ**

"കർത്താവ് നല്ലവനാണ് അവിടുത്തെ കാരുണ്യം ശാശ്വതമാണ്" (സങ്കീ. 100:5) 4–1–14 ആദ്യശനിയുടെ ശുശ്രൂഷകൾ 6 മണിയുടെ ജപമാല പ്രദക്ഷിണത്തോടുകൂടി ആരംഭിച്ചു. 9 മണിക്ക് സപ്ര, ജപമാല എന്നിവയോടുകൂടി ശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് ദൈവത്തിന് നന്ദിയർപ്പിച്ച് സ്തുതി ആരാധന നടത്തി. അതിനുശേഷം കർത്താവ് ചൊരിഞ്ഞ അനുഗ്രഹങ്ങൾ ഏറ്റുപറഞ്ഞ് സാക്ഷ്യശുശ്രൂഷ നടത്തി. ദൈവത്തിന്റെ അനന്തമായ കരുണയെക്കുറിച്ചും യേശുനാമത്തിന്റെ ശക്തിയെക്കുറിച്ചും ബഹുമാനപ്പെട്ട തോമസ് അറയ്ക്കൽ അച്ചൻ (നോർബർട്ടൈൻ) ക്ലാസെടുത്തു. 12 മണിക്ക് സീയോനിലെ വൈദികർ ബഹു. അഗസ്റ്റിൻ താന്നിയിൽ, ബഹു. സോണിവാഴകാട്ട്, ബഹു. മൈക്കിൾ അച്ചൻ എന്നിവർ സമൂഹബലിയർപ്പിച്ച് പ്രാർത്ഥിച്ചു. ബഹു. സോണിയച്ചൻ വചനസന്ദേശം നൽകി. ഓരോരുത്തരും ഉണർവ്വുള്ളവരായി തീർന്ന് ദൈവേഷ്ടം നിറവേറ്റുന്നവരാകണം എന്ന് അച്ചൻ ഉദ്ബോധിപ്പിച്ചു. 2.30 ന് അഭിഷേക ആരാധന, ദിവ്യകാരുണ്യ പ്രദിക്ഷണം എന്നിവ ബഹുമാനപ്പെട്ട അഗസ്റ്റിനച്ചന്റെ നേതൃത്വത്തിൽ നടത്തി. വിടുതലിന്റെ അനുഭവം സ്വീകരിച്ച് ദൈവമക്കൾ ഭവനങ്ങളിലേക്ക് യാത്രയായി.

**രണ്ടാംശനി ദമ്പതീകൂട്ടായ്മ**

11–1–14 രണ്ടാംശനി ദമ്പതീകൂട്ടായ്മ 10 മണിക്ക് ജപമാലയോടുകൂടി ആരംഭിച്ചു. ബഹുമാനപ്പെട്ട ബിനു പൈനുങ്കൽ അച്ചൻ കുടുംബജീവിതത്തെക്കുറിച്ച് ക്ലാസെടുത്തു. വി.ബലിയർപ്പിച്ച് വചനസന്ദേശം നൽകി. 3.30 ന് ശുശ്രൂഷകൾ അവസാനിച്ചു.

**രണ്ടാംശനി – പൊതുകൗൺസിലിംഗ് ദിനം**

2–ാം വെള്ളിയാഴ്ച 16 കൗൺസിലേഴ്സ് പ്രാർത്ഥിച്ച് ഒരുങ്ങി ശനിയാഴ്ച കൗൺസിലിംഗ് നടത്തി. 105 ദൈവമക്കൾ കടന്നുവന്ന് ശുശ്രൂഷകൾ സ്വീകരിച്ച് സന്തോഷത്തോടെ മടങ്ങി.

**ജാഗരണ പ്രാർത്ഥന 17–1–14**

മൂന്നാംവെള്ളിയാഴ്ച ജാഗരണ പ്രാർത്ഥന 7 മണിമുതൽ 10 മണിവരെ നടത്തി. ബാക്കിസമയം മരണമടഞ്ഞ മോൺസിഞ്ഞോർ ജോസഫ് കണിയാമറ്റത്തിൽ അച്ചനുവേണ്ടി പാസ്റ്ററൽ സെന്ററിൽ പ്രാർത്ഥിച്ചു.

**ആന്തരികസൗഖ്യ ധ്യാനം**

"പണ്ടു നശിച്ചുപോയവ അവർ വീണ്ടും നിർമ്മിക്കും പൂർവ്വാ

വശിഷ്ടങ്ങൾ ഉദ്ധരിക്കും. നശിപ്പിക്കപ്പെട്ട നഗരങ്ങൾ പുനരുദ്ധരിക്കും. തലമുറകളായി ഉണ്ടായ വിനാശങ്ങൾ അവർ പരിഹരിക്കും" (ഏശയ്യ 61/4). പുതുവർഷത്തിലെ ആദ്യ ധ്യാനത്തിൽ 81 ദൈവമക്കൾ പങ്കെടുത്ത് അനുഗ്രഹം പ്രാപിച്ചു.

**സീയോൻ ഫെബ്രുവരി മാസത്തിൽ**

| | | |
|---|---|---|
| 31 വെള്ളി | - | സോണൽ മീറ്റിംഗ്, ജാഗരണ പ്രാർത്ഥന. |
| 1 ആദ്യശനി | - | ഏകദിന കൺവെൻഷൻ. |
| 8 രണ്ടാം ശനി | - | യുവജനകൂട്ടായ്മ, ദമ്പതീകൂട്ടായ്മ, പൊതുകൗൺസിലിംഗ് ദിനം. |
| 21 മൂന്നാം വെള്ളി | - | ജാഗരണ പ്രാർത്ഥന |
| 22 നാലാം ശനിമ | - | സൗഖ്യദിനം |
| ഫെബ്രു. 16-20 | - | ആന്തരികസൗഖ്യധ്യാനം |

**ധ്യാന ബുക്കിംഗിനായി ബന്ധപ്പെടേണ്ട നമ്പർ: 04936-240922, 9495307089**

**ഫാ. അഗസ്റ്റിൻ താന്നിയിൽ**
ഡയറക്ടർ സീയോൻ സി.ആർ.സി.

# ജീസസ് യൂത്ത്

**ജാഗരണ പ്രാർത്ഥന**

രണ്ടാം വെള്ളിയാഴ്ച ജീസസ് യൂത്ത് ലീഡേഴ്സ് ഒരുമിച്ച് ചേർന്ന് 12 മണിവരെ ജാഗരണപ്രാർത്ഥന നടത്തി. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ നേതൃത്വം നൽകി. വി.കുർബാന, ഷെയറിംഗ് ഇവ ഉണ്ടായിരുന്നു.

**യുവജന ഏകദിനധ്യാനം**

രണ്ടാം ശനിയാഴ്ച രാവിലെ പ്രാർത്ഥിച്ച് ഒരുങ്ങി 9.30 ന് ശുശ്രൂഷകൾ ആരംഭിച്ചു. Praise & Worship 10 മുതൽ 11 മണിവരെ നടത്തി. തുടർന്ന് മരണത്തെ മഹോന്നതമാക്കാൻ, സ്നേഹം ജീവനേക്കാൾ വലുതാണെന്ന് ലോകത്തിന്റെ മുമ്പിൽ തെളിയിക്കാൻ ജീവനേകിയ ദൈവസ്നേഹത്തെക്കുറിച്ചുള്ള ചിന്തകൾ ഷിജോ വരിക്കനാനിക്കൽ ക്ലാസിലൂടെ പങ്കുവെച്ചു. ദിവ്യകാരുണ്യ ആരാധന ഫാ. ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ ജീസസ് യൂത്ത് ലീഡേഴ്സ് നടത്തി.

**പേരന്റ്സ് മീറ്റ്**

ജീസസ് യൂത്ത് ലീഡേഴ്സിന്റെ മാതാപിതാക്കളുടെ മീറ്റിംഗ് പാസ്റ്ററൽ സെന്ററിൽ വച്ച് 27-12-2013 വെള്ളിയാഴ്ച നടത്തി. ജീസസ് യൂത്തിലെ ലീഡേഴ്സിന്റെ മാതാപിതാക്കൾ ഇതിൽ സംബന്ധിച്ചു. ദിവ്യബലി, ആരാധന എന്നിവ ഉണ്ടായിരുന്നു.

10, 11, 12 തീയതികളിൽ നടന്ന ഓൾ കേരള സർവ്വീസ് ടീം മീറ്റിംഗിന് കോഡിനേറ്റർ വിനീഷ് കോട്ടായിൽ പങ്കെടുത്തു.

**പരീക്ഷ ഒരുക്കദിനം**

27-2-14 ന് പരീക്ഷ ഒരുക്കദിനമായി ആചരിക്കുന്നു. പരീക്ഷ വിജയത്തിനായി ആരാധനയും, ദിവ്യബലിയും ഉണ്ടായിരിക്കുന്നതായിരിക്കും. വിദ്യാർത്ഥികൾ ഇതിൽ പങ്കെടുക്കേണ്ടതാണ്.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
ജീസസ് യൂത്ത് ഡയറക്ടർ

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**അനുശോചനം**

മാനന്തവാടി രൂപതയുടെ എല്ലാമെല്ലാമായിരുന്ന മോൺ. ജോസഫ് കണിയാമറ്റത്തിലച്ചന്റെ നിര്യാണത്തിൽ മദ്യവിരുദ്ധ സമിതി അനുശോചനം രേഖപ്പെടുത്തി. അച്ചന്റെ ആത്മാവിന് നിത്യശാന്തി നേർന്ന് പ്രാർത്ഥിക്കുന്നു. അച്ചനിലൂടെ മാനന്തവാടി രൂപതയ്ക്ക് ലഭിച്ച നിരവധിയായ അനുഗ്രഹങ്ങൾക്ക് ദൈവത്തിന് നന്ദി പറയുന്നു.

**രാജു വി.സി. സംസ്ഥാന വൈസ്പ്രസിഡന്റ്**

മാനന്തവാടി രൂപതാ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ ജോ. സെക്രട്ടറി ശ്രീ. വി.സി. രാജു വല്യാറ സംസ്ഥാന വൈസ്പ്രസിഡന്റായി തെരഞ്ഞെടുത്തു. രാജു വി.സി. ക്ക് രൂപതാ സമിതിയുടെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

**സംസ്ഥാന സമ്മേളനം**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന കൗൺസിൽ സമ്മേളനം ജനുവരി 17, 18 തീയതികളിൽ എറണാകുളം ആശീർഭവനിൽ നടന്നു. രൂപതാ സമിതിയെ പ്രതിനിധീകരിച്ച് സി. ജോവിറ്റ, ശ്രീ. വി. സി. രാജു, ശ്രീ. ബേബി പേടപ്പാട്ട് എന്നിവർ പങ്കെടുത്തു. 2014–16 വർഷത്തെ സംസ്ഥാന ഭാരവാഹികളെ തെരഞ്ഞെടുത്തു.

**റീജണൽ സമ്മേളനം**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തലശ്ശേരി റീജണൽ സമ്മേളനം തലശ്ശേരി സന്ദേശഭവനിൽ നടന്നു. റീജണൽ പ്രസിഡന്റ് ശ്രീ. മാത്യു എം. കണ്ടത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ റവ. ഫാ. തോമസ് തൈതോട്ടം ആമുഖ പ്രഭാഷണം നടത്തി. റീജണൽ കമ്മറ്റി പുന:സംഘടിപ്പിച്ചു. ശ്രീ. മാത്യു എം. കണ്ടത്തിൽ പ്രസിഡന്റ്, ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ ജനറൽ സെക്രട്ടറി.

**ബോധവൽക്കരണ സെമിനാർ**

ജനുവരി 7 ന് കുപ്പാടി ഹൈസ്കൂളിൽ വിദ്യാർത്ഥികൾക്ക് സെമിനാർ നടത്തി. വയനാട് ജില്ല പഞ്ചായത്തിന്റെ സ്കൂൾ ലഹരി വിമുക്ത പരിപാടിയുടെ ഭാഗമായാണ് സെമിനാർ നടത്തിയത്. ജനുവരി 21 ന് മുള്ളൻകൊല്ലി സെന്റ് മേരീസ് ഹൈസ്കൂളിലും സെമിനാർ നടത്തി. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ സെമിനാറിൽ ക്ലാസ്സ് നയിച്ചു.

**കഴമ്പ് കോളനി**

ജനുവരി 17 ന് വൈകുന്നേരം പഴൂർ കഴമ്പ് ആദിവാസി കോളനിയിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടി പഴൂർ സെന്റ് ആന്റണീസ് യു.പി. സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബ് കാസയുടെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ ബോധവൽക്കരണ പരിപാടിക്ക് നേതൃത്വം നൽകി. ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡണ്ട് ശ്രീ. കെ.വി. ശശി സന്നിഹിതനായിരുന്നു. സി. ലിറ്റിൽ മേരി, സി. മെറിൻ എന്നിവർ നേതൃത്വം നൽകി.

**വിദ്യാർത്ഥി സംഗമം**

സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബ് കാസയുടെ സംഗമം ഫെബ്രുവരി 15 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടക്കും. അഞ്ഞൂറ് പ്രതിനിധികൾ പങ്കെടുക്കും. റീജണൽ ഡയറക്ടർ റവ. ഫാ. തോമസ് തൈത്തോട്ടം മുഖ്യ പ്രഭാഷണം നടത്തും. മത്സര വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യും.

**മികച്ച കാസ യൂണിറ്റ്**

കോർപ്പറേറ്റ് സ്കൂളുകളിലെ ലഹരിവിരുദ്ധ ക്ലബ്ബായ 'കാസ' യുടെ മികച്ച യൂണിറ്റിന് സമ്മാനങ്ങൾ നൽകും. സ്കൂളുകൾ പ്രവർത്തന റിപ്പോർട്ട് ജനുവരി 30 ന് മുമ്പായി രൂപതാ കേന്ദ്രത്തിൽ എത്തിക്കണം. ഒന്നാം സ്ഥാനത്തിന് 3000 രൂപയും ട്രോഫിയും, രണ്ടാം സ്ഥാനത്തിന് 2000 രൂപയും, മൂന്നാം സ്ഥാനം നേടുന്നവർക്ക് 1000 രൂപയും ട്രോഫിയും നൽകും.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപത പ്രസിഡണ്ട്

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരീ, സഹോദരങ്ങളേ,

"അവന്റെ പൂർണ്ണതയിൽനിന്ന് നാമെല്ലാം കൃപയ്ക്കുമേൽ കൃപ സ്വീകരിച്ചിരിക്കുന്നു."

ക്രിസ്തുമസ് ആഘോഷങ്ങളും പുതുവർഷ ആഗമനതിരക്കുകളും കഴിഞ്ഞ് തിരുനാളാഘോഷങ്ങളിലേക്ക് പ്രവേശിച്ചിരിക്കുന്ന നാം ആഘോഷത്തിരക്കിനിടയിൽ നമ്മുടെ ഉത്തരവാദിത്വങ്ങളും പരസ്നേഹ പ്രവർത്തനങ്ങളും മറക്കാതെ പ്രവർത്തനപാതയിൽ നിരതരായിരിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

നമ്മുടെ രക്ഷകനായ യേശുനാഥന്റെ ദേവാലയപ്രവേശനത്തിന്റേയും പരിശുദ്ധ കന്യകാമാതാവ് ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ട് തന്റെ സാന്നിദ്ധ്യവും മാദ്ധ്യസ്ഥവും ലോകത്തിന് വെളിപ്പെടുത്തിയതിന്റേയും ഓർമ്മ ആചരിക്കുന്ന ഈ ഫെബ്രുവരി മാസത്തിൽ നവചൈതന്യത്തോടെ പരസ്നേഹപ്രവർത്തനങ്ങളിൽ നമ്മെ നിത്യം പരിപാലിക്കണമേ എന്നും ദാരിദ്ര്യം അനുഭവിക്കുന്നവരിൽ ദൈവസ്നേഹം എത്തിക്കുവാൻ സഹായിക്കുകയും ശക്തി നൽകുകയും ചെയ്യണമേ എന്ന് പരിശുദ്ധ അമ്മയോട് നമുക്ക് പ്രാർത്ഥിക്കാം.

**സി.സി. വാർഷികം**

മാനന്തവാടി രൂപത സെൻട്രൽ കൗൺസിലിന്റെ 36-ാമത് വാർഷികം, 2014 ഏപ്രിൽ മാസം 28-ാം തീയതി ഓസാനാംഭവനിൽ വെച്ച് നടത്താൻ തീരുമാനിച്ചു. 36-മത് വാർഷികാഘോഷത്തിന്റെ പ്രത്യേകതകൾ

a. അഭിവന്ദ്യ പിതാവ് ബിഷപ് മാർ ജോസ് പൊരുന്നേടം മുഖ്യകാർമ്മികനായി ദിവ്യബലി അർപ്പിക്കുന്നു.

b. ഓസാനാംഭവന്റെ വിപുലീകരണത്തിനായി നിർമ്മിച്ച പുതിയ ബ്ലോക്കിന്റെ ഉദ്ഘാടനം നടത്തുന്നു.

c. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ദേശീയ പ്രസിഡന്റ് ബ്രദർ വി.എം.ജെ. ബാലസ്വാമി വാർഷികാഘോഷത്തിൽ പങ്കെടുത്ത് എല്ലാവരേയും അഭിസംബോധന ചെയ്യുന്നു.
d. അതിഥികളായി ബഹുവിധ നേതാക്കളും ഉദ്യോഗസ്ഥരും പങ്കെടുക്കുന്നു.

സിസി വാർഷികത്തിൽ പങ്കെടുക്കുന്ന അംഗങ്ങളുടേയും അല്ലാത്തവരുടേയും എണ്ണം 2014 ഏപ്രിൽ 10-ന് മുമ്പായി ഏസി മുഖേന സിസിയിൽ എത്തിക്കുവാൻ എല്ലാ കോൺഫറൻസ് പ്രസിഡണ്ടുമാരും ശ്രദ്ധിക്കുമല്ലോ.

**യുവജന മത്സരങ്ങൾ**

2014 ജനുവരി 11-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് സിസിതല യുവജന മത്സരങ്ങൾ നടത്തുകയുണ്ടായി. അംഗങ്ങളും അംഗങ്ങളല്ലാത്തവരും പങ്കെടുത്തു. വിജയികൾക്ക് സമ്മാനങ്ങൾ സിസി വാർഷികാഘോഷദിനത്തിൽ നൽകുന്നതാണ്.

**വിജയികൾ (അംഗങ്ങൾ)**

**ക്രിസ്തീയ ഭക്തിഗാനം**

1. കീർത്തി കൂവയ്ക്കൽ - ഒന്നാംസ്ഥാനം - സെന്റ് മേരീസ് കോൺഫറൻസ് കുറുമ്പാല, കുറുമ്പാല ഏസി

**ക്വിസ്**

1. ജിഷ ഇ.എസ്. - ഒന്നാംസ്ഥാനം - സെന്റ് അൽഫോൻസ കോൺഫറൻസ്, പുതുശ്ശേരിക്കടവ്, കുറുമ്പാല ഏസി
2. നീന മാത്യു - രണ്ടാംസ്ഥാനം - സെന്റ് അൽഫോൻസ കോൺഫറൻസ്, പുതുശ്ശേരിക്കടവ്, കുറുമ്പാല ഏസി

**അംഗങ്ങളല്ലാത്തവർ - ക്രിസ്തീയ ഭക്തിഗാനം**

1. ലിന്റോ ജോൺ - ഒന്നാംസ്ഥാനം - ഒണ്ടയങ്ങാടി, പയ്യമ്പള്ളി ഏസി
2. അഞ്ജന പോൾ - രണ്ടാംസ്ഥാനം - വാഴവറ്റ, വാഴവറ്റ ഏസി
3. ജിസ്ന കെ. - മൂന്നാംസ്ഥാനം - മരകാവ്, പാടിച്ചിറ ഏസി

**പ്രസംഗം**

1. അമൽ ജോർജ് - ഒന്നാംസ്ഥാനം - ബത്തേരി, ബത്തേരി ഏസി

**ഉപന്യാസം**

1. നിമ്യാ ജോസഫ് - ഒന്നാംസ്ഥാനം - ബത്തേരി, ബത്തേരി ഏസി
2. ഉഷ ജോർജ് - രണ്ടാംസ്ഥാനം - യവനാർകുളം, മാനന്തവാടി ഏസി
3. ഷെബിൻ ചാലിൽ - മൂന്നാംസ്ഥാനം - മീനങ്ങാടി, വാഴവറ്റ ഏസി

**ക്വിസ്**

1. ലിജോ ജോസഫ് - ഒന്നാംസ്ഥാനം - കുറുമ്പാല, കുറുമ്പാല ഏസി

2. ജെസ്നാ ജെയിംസ് – രണ്ടാംസ്ഥാനം – ഒണ്ടയങ്ങാടി, പയ്യമ്പള്ളി ഏസി

വിജയികളായ മത്സരാർത്ഥികളെ അഭിനന്ദിക്കുകയും, KRCC യിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർക്ക് ആശംസകൾ അർപ്പിക്കുകയും ചെയ്യുന്നു.

പങ്കെടുത്ത എല്ലാ മത്സരാർത്ഥികളേയും അഭിനന്ദിക്കുകയും മത്സരങ്ങൾ വിജയപ്രദമാക്കുന്നതിന് സഹകരിച്ച് ഉത്തരവാദിത്വം ഏറ്റെടുത്ത എല്ലാ ഭാരവാഹികളേയും പ്രത്യേകിച്ച് യുവപ്രതിനിധിയായ ജിൻട്രിപോൾ, സംഘാടകരായ ബ്രദ. ഷാജി ചന്ദനപറമ്പിൽ, ബ്രദ. സണ്ണി ടി.എം. മറ്റ് എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു.

**പുതിയ കോൺഫറൻസ്**

പയ്യമ്പള്ളി ഏസിയുടെ കീഴിൽ പുതിയ ജൂനിയർ കോൺഫറൻസ് രൂപീകരിച്ചു എന്നത് അഭിനന്ദനാർഹമാണ്.

**സെന്റ് ജൂഡ് (ജൂനിയർ) കോൺഫറൻസ്, ശശിമല** – പ്രസിഡന്റ്: മാസ്റ്റർ ടോണി ജെയിംസ് അയ്യംപറമ്പിൽ, ശശിമല, വൈസ് പ്രസിഡന്റ്: മിസ്സ് റോസ് മരിയ, കുടിലിൽ, സെക്രട്ടറി : മാസ്റ്റർ അമൽ സന്തോഷ് ചാവറപ്പുഴ, ജോ.സെക്രട്ടറി : മിസ്സ് ലേഖ തോമസ്, കുഴിപ്പിള്ളിൽ, ട്രഷറർ : മാസ്റ്റർ സഞ്ജയ് മാത്യു രണ്ടാമയ്ക്കൽ, ആത്മീയോപദേഷ്ടാവ് : റവ.ഫാ. മത്തായി പള്ളിച്ചാംകുടി.

പയ്യമ്പള്ളി ഏസിയിൽ നിന്നും യുവപ്രതിനിധിയായി സിസിയിലേക്ക് അരുൺ പോൾ, ശൗര്യാംതടത്തിലിനെ തിരഞ്ഞെടുത്തതായി അറിയിച്ചു.

**കോൺഫറൻസുകൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

1. വാർഷികാഘോഷത്തിന്റെ ചിലവിലേക്കായി ഓരോ കോൺഫറൻസിന്റേയും വിഹിതം 150 രൂപയാണ്. അത് എത്രയും പെട്ടെന്ന് ഏസി മുഖേന സിസിയിൽ എത്തിക്കുക.

2. ഓസാനാം ഭവന്റെ വിപുലീകരണത്തിന് ഫണ്ട് ശേഖരണത്തിന്റെ ഭാഗമായി ഓരോ കോൺഫറൻസും തനത് ഇടവകയിലെ ഒരു ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച എടുക്കുന്നതിന് ആത്മീയോപദേഷ്ടാക്കളുമായി സഹകരിച്ച് പ്രോത്സാഹിപ്പിക്കണം.

3. സിസി വർക്കിംഗ് ഫണ്ട്, റിപ്പോർട്ട്, വാർഷിക വരിസംഖ്യ, രൂപതാ ബുള്ളറ്റിൻ വാർഷിക വരിസംഖ്യയും പുതിയതായി ആർക്കെങ്കിലും ബുള്ളറ്റിൻ വേണമെങ്കിൽ അവരുടെ അഡ്രസ്സും ഏസി മുഖേന സിസിയിൽ എത്തിക്കുക.

4. യുവതലമുറയെ ക്രിസ്തീയ ഉപവി പ്രവർത്തനങ്ങളിലേക്ക്

നയിക്കുന്നതിനായി പുതിയ ജൂനിയർ കോൺഫറൻസുകൾ രൂപീകരിക്കുക, പ്രോത്സാഹിപ്പിക്കുക.

5. ട്വിന്നിംഗ് ഗ്രാന്റ് ലഭിച്ചിട്ടുള്ളതും എന്നാൽ വിദേശ കോൺഫറൻസുകൾക്ക് കത്തുകൾ അയച്ചിട്ടില്ലാത്തതുമായ കോൺഫറൻസുകൾ ഉടൻ തന്നെ കത്തുകളയച്ച് കോപ്പി സിസിയിൽ എത്തിക്കുക.

6. പ്രൊജക്ട് ലഭിച്ചിട്ടുള്ള കോൺഫറൻസുകൾ കംപ്ലീഷൻ റിപ്പോർട്ട് ഫോട്ടോകൾ സഹിതം ഏസി മുഖേന സിസിയിൽ എത്തിക്കുക. ഫോട്ടോകളിൽ ആത്മീയോപദേഷ്ടാവ് ഏസി, സിസി പ്രതിനിധികൾ എന്നിവരുടെ സാന്നിദ്ധ്യം ഉറപ്പാക്കണം.

7. സ്കോളർഷിപ്പ് ലഭിച്ച്, കംപ്ലീഷൻ റിപ്പോർട്ട് നൽകിയിട്ടില്ലാത്തവർ ഉടൻതന്നെ ഏസി മുഖേന സിസിയിൽ എത്തിക്കണം.

**ഓസാനാംഭവൻ സന്ദർശനം**

**കുറുമ്പാല ഏസി**

| | | |
|---|---|---|
| 17–2–2014 | വാ. മദർ തെരേസ | മംഗളം |
| 19–2–2014 | ക്രിസ്തുരാജ | പുതുശ്ശേരിക്കടവ് |

**മാനന്തവാടി ഏസി**

| | | |
|---|---|---|
| 21–2–2014 | സെന്റ് മേരീസ് | യവനാർകുളം |
| 23–2–2014 | ലിറ്റിൽ ഫ്ളവർ | മുതിരേരി |
| 25–2–2014 | ലിറ്റിൽ ഫ്ളവർ | പുതിയിടം |
| 27–2–2014 | വാ.മദർ തെരേസ | വിമലനഗർ, തവിഞ്ഞാൽ |
| 1–3–2014 | സെന്റ് ഫിലോമിന | ആലാറ്റിൽ |
| 3–3–2014 | ലിറ്റിൽ ഫ്ളവർ | മാനന്തവാടി |
| 5–3–2014 | മൗണ്ട് കാർമ്മൽ | തലപ്പുഴ |
| 7–3–2014 | സെന്റ് മേരീസ് | ആലാറ്റിൽ |
| 9–3–2014 | സെന്റ് സെബാസ്റ്റ്യൻ | കാട്ടിമൂല |

**മണിമൂളി ഏസി**

| | | |
|---|---|---|
| 11–3–2014 | സെന്റ് മേരീസ് | പാതിരിപ്പാടം |
| 13–3–2014 | സെന്റ് സെബാസ്റ്റ്യൻ | പാലാങ്കര |
| 15–3–2014 | സെന്റ് മേരീസ് | തലഞ്ഞി |

ഒരിക്കൽകൂടി വിൻസെൻഷ്യൻ സഹോദരങ്ങളുടെ ക്ഷേമത്തിനും പ്രവർത്തന വിജയത്തിനും പ്രാർത്ഥിച്ചുകൊണ്ട്

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

**ജൈവസാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവസാക്ഷ്യപത്ര പദ്ധതിയുടെ ഭാഗമായി ജനുവരി 9 ന് Lacon സർട്ടിഫിക്കേഷൻ ഏജൻസിയുടെ എക്സ്റ്റേണൽ ഇൻസ്പെക്ഷൻ പൂർത്തീകരിച്ചു. Lacon സർട്ടിഫിക്കേഷൻ ഓഡിറ്റർ സണ്ണി ആന്റണി ഇൻസ്പെക്ഷന് നേതൃത്വം വഹിച്ചു.

ജൈവ കർഷകരുടെ കാപ്പി, ഇഞ്ചി മുതലായ ഉത്പന്നങ്ങൾ ശേഖരിച്ച് കയറ്റുമതി ചെയ്യുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചു. 2013-14 സാമ്പത്തിക വർഷത്തിൽ ഫെയർ ട്രേഡിലൂടെ വിപണനം ചെയ്ത കാപ്പിയുടെ പ്രീമിയം തുക 8,45,262 രൂപ കർഷകർക്ക് വിതരണം ചെയ്തു.

**നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതി**

**ജൈവപച്ചക്കറി വ്യാപന പദ്ധതി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട്, തവിഞ്ഞാൽ ഗ്രാമപഞ്ചായത്തുകളിലായി നടപ്പാക്കിവരുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി ജൈവപച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു. പദ്ധതിയുടെ ഉദ്ഘാടനം എടമുണ്ട കോളനിയിൽ വച്ച് തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബിന്ദു ബാബു ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ, നബാർഡ് അസി. മാനേജർ ശ്രീ. മഹേശ്വർ, നബാർഡ് ജില്ലാ മാനേജർ ശ്രീ. സജി കുമാർ, WSSS ജനറൽ കോ-ഓഡിനേറ്റർ ശ്രീ. ജോസ് പി. എ എന്നിവർ പങ്കെടുത്തു. പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് പച്ചക്കറി വിത്ത്, ജൈവവളം, ജൈവകീടനാശിനി എന്നിവ വിതരണം ചെയ്തു.

**സന്ദർശനം**

നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന വിവിധ വികസന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി നബാർഡ് അസി. മാനേജർ ശ്രീ. മഹേശ്വർ പദ്ധതി പ്രദേശത്ത് സന്ദർശനം നടത്തി. കൂടാതെ വില്ലേജ് പ്ലാനിംഗ് കമ്മറ്റി യോഗത്തിലും അദ്ദേഹം പങ്കെടുത്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്ന പ്രവർത്തനങ്ങളിൽ അദ്ദേഹം സംതൃപ്തി പ്രകടിപ്പിച്ചു.

**വില്ലേജ് പ്ലാനിംഗ് കമ്മിറ്റി യോഗം**

നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതികൾക്ക് പ്രാദേശികമായി നേതൃത്വം വഹിക്കുന്ന വില്ലേജ് പ്ലാനിംഗ് കമ്മിറ്റി അംഗങ്ങളുടെ ഒത്തുചേരൽ 2013 ഡിസംബർ 28-ാം തീയതി ബോയ്സ് ടൗണിലെ WSSS പരിശീലന കേന്ദ്രത്തിൽ വച്ച് നടന്നു. നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയതോടൊപ്പം 2014 വർഷത്തെ പദ്ധതികൾ ആസൂത്രണം ചെയ്തു. WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ ഉദ്ഘാടനം ചെയ്തു. WSSS ജനറൽ കോ-ഓർഡിനേറ്റർ ശ്രീ. ജോസ് പി.എ., കോ-ഓർഡിനേറ്റർ ശ്രീ. റിജോ എന്നിവർ നേതൃത്വം നൽകി.

**സൊസൈറ്റി രജിസ്റ്റർ ചെയ്തു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തവിഞ്ഞാൽ, തൊണ്ടർനാട് ഗ്രാമപഞ്ചായത്തുകളിലായി നടപ്പിലാക്കിവരുന്ന സമഗ്ര ആദിവാസി വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി ഒരു വില്ലേജ് പ്ലാനിംഗ് കമ്മിറ്റി രൂപീകരിച്ച് WSSS- NABARD WADI DEVELOPMENT SOCIETY എന്ന പേരിൽ ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്തു. ശ്രീ. സുരേഷ് പാലോട്ട്, ശ്രീ. ബാബു എടമുണ്ട എന്നിവർ യഥാക്രമം പ്രസിഡന്റ്, സെക്രട്ടറി എന്നീ പദവികൾ വഹിക്കുന്നു.

**നബാർഡ് സമഗ്ര നീർത്തട വികസന പദ്ധതി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി പൊർളോം നീർത്തടത്തിലെ സ്വാശ്രയ സംഘം അംഗങ്ങൾക്കായി സോപ്പ് നിർമ്മാണത്തിൽ സാങ്കേതിക പരിശീലനം നൽകി. ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. അനിൽ കുമാർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ

WSSS ജനറൽ കോ-ഓഡിനേറ്റർ ശ്രീ. ജോസ് പി. എ. പരിശീലനം ഉദ്ഘാടനം ചെയ്തു. WSSS ആനിമേറ്റർമാരായ ശ്രീമതി ഷീന, ശ്രീമതി ആലീസ് സിസിൽ എന്നിവർ നേതൃത്വം നൽകി.

**സേവ് എ ഫാമിലി പ്രോഗ്രാം**

2013 ഡിസംബർ മാസത്തിൽ SAFP യെ സംബന്ധിച്ചിടത്തോളം നിരവധി പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ സാധിച്ചു. മുൻകൂട്ടി നിശ്ച യിച്ചിരുന്നതനുസരിച്ച് 20 കുടുംബാംഗങ്ങൾക്ക് വരുമാന വർദ്ധക പരി പാടി തുടങ്ങുന്നതിനായി തുക വിതരണം ചെയ്തു. ഫോറങ്ങളും മാസ റിപ്പോർട്ടും തയ്യാറാക്കി എറണാകുളത്തുള്ള SAFPI ഓഫിസിലേയ്ക്ക് അയച്ചു. മരകാവ്, കബനിഗിരി, പട്ടാണിക്കൂപ്പ് എന്നീ സ്ഥലങ്ങളിലെ കുടുംബങ്ങൾക്ക് വരുമാന വർദ്ധക പരിപാടി വിപുലപ്പെടുത്തുന്നതിനു വേണ്ടി 315 കോഴികളെ വിതരണം ചെയ്തു. റീജിയണൽ ആനിമേറ്റേഴ്സ് എല്ലാ മാസത്തെയും പോലെ കുടുംബങ്ങൾ സന്ദർശിക്കുകയും വരു മാന വർദ്ധക പരിപാടികൾ കണ്ട് വിലയിരുത്തുകയും ചെയ്തു. വളാ ഞ്ചേരി, മരകാവ് എന്നീ പുൽപ്പള്ളി റീജിയണിലെ സെന്ററുകളിൽ സെന്റർ ലെവൽ മീറ്റിംഗുകൾ സംഘടിപ്പിക്കുകയും കുടുംബങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. മാനന്തവാടി റീജിയ ണിലെ മുതിരേരിയിൽ പുതിയതായി തെരഞ്ഞെടുത്ത 10 കുടുംബാംഗ ങ്ങളുടെ വാർഷിക പദ്ധതിയും ആറ് വർഷത്തെ കുടുംബോദ്ധാരണ പദ്ധതിയും ശേഖരിച്ച് SAFP യെ കുറിച്ചുള്ള വിവരങ്ങളും നിർദ്ദേശ ങ്ങളും നൽകി.

**ബയോ-ഗ്യാസ് വികസന പദ്ധതി**

മുതിരേരി, കമ്മന, ചുള്ളിയാന, കേണിച്ചിറ, പടമല തുടങ്ങിയ സ്ഥലങ്ങളിൽ മൂന്ന് ബയോ-ഗ്യാസ് പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും ആറ് പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. കൊമ്മ യാട്, പാറത്തോട്ടം എന്നീ സ്ഥലങ്ങളിൽ പ്ലാന്റ് നിർമ്മാണ പ്രവർത്ത നങ്ങൾ നടന്നു വരുന്നു.

**തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം**

കേന്ദ്രസർക്കാരിന്റെ കേര വികസന ബോർഡ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി മുഖേന നടപ്പാക്കിവരുന്ന തെങ്ങ് കയറ്റ പരിശീലനം 5-ാം ഘട്ടം പൂർത്തിയാക്കി. ഇതുവരെ 110 പേർക്ക് പരിശീലനം നൽകുവാൻ കഴിഞ്ഞു. തുടർന്നും പരിശീലന പരിപാടി തുടരുന്നതാണ്, പരിശീലനത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ WSSS ഓഫീസുമായി ബന്ധപ്പെടുവാൻ താല്പര്യപ്പെടുന്നു. പരിശീലനം തികച്ചും സൗജന്യമായിരിക്കും.

**വൊഫ**

**ഫെയർ ട്രേഡ് സെമിനാർ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവ -ഫെയർ ട്രേഡ് കർഷക സംഘടനയായ വൊഫ 2013 ഡിസംബർ 12-ാം തീയതി ഫെയർ ട്രേഡിനെക്കുറിച്ചും അന്താരാഷ്ട്രതലത്തിൽ ഫെയർ ട്രേഡിന്റെ സാധ്യതകളെക്കുറിച്ചും കർഷകരെ ബോധവത്കരിക്കുന്നതിന്റെ ഭാഗമായി സെമിനാർ സംഘടിപ്പിച്ചു. ഫെയർ ട്രേഡ് ഏഷ്യ ലെയസണർ ഓഫീസർ ശ്രീ. രാജു ഗണപതി ക്ലാസെടുത്തു. വോഫ-ചെയർമാൻ ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ സെമിനാറിന് അദ്ധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻ ശ്രീ. ചാക്കോ ചെറുപ്ലാവിൽ സ്വാഗതവും, കോഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ നന്ദിയും പറഞ്ഞു. പ്രസ്തുത സെമിനാറിൽ 84 കർഷകർ പങ്കെടുത്തു.

**ഗ്രീൻ നെറ്റ് വിതരണം**

വോഫിയിൽ അംഗത്വമുള്ള കർഷകർക്ക് കാപ്പി പറിക്കുന്നതിനാവശ്യമായ ഗ്രീൻ നെറ്റ് വിതരണം ചെയ്തു. 250 രൂപ വിലയിൽ (3 X 4 മീറ്റർ) വാങ്ങിയ ഗ്രീൻ നെറ്റ് കർഷകർക്ക് 150 രൂപ സബ്സിഡി നൽകി 100 രൂപ വിലയ്ക്ക് 1000 കർഷകർക്ക് വിതരണം ചെയ്തു.

**പ്രീമിയം വിതരണം**

2013-14 സാമ്പത്തിക വർഷത്തിൽ ഫെയർ ട്രേഡിലൂടെ വിപണനം ചെയ്ത കാപ്പിയുടെ പ്രീമിയം തുക, കർഷകർക്ക് 8,45,262 രൂപ വിതരണം ചെയ്തു.

ഓരോ മേഖലയിലും വിതരണം ചെയ്ത പ്രീമിയം തുകയുടെ വിതരണം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| ബത്തേരി മേഖല | - | 5,84,232 രൂപ |
| പുൽപ്പള്ളി മേഖല | - | 76,409 രൂപ |
| കൽപ്പറ്റ മേഖല | - | 2669 രൂപ |
| മാനന്തവാടി മേഖല | - | 1,81,952 രൂപ |
| ആകെ വിതരണം ചെയ്തത് | = | 8,45,262 രൂപ |

**സന്ദർശനം**

അന്താരാഷ്ട്ര തലത്തിൽ കോഫി വിപണനവും, കോഫി ഇറക്കുമതി രംഗത്ത് ശ്രദ്ധേയമായ വോൾകഫേ ഗ്രൂപ്പിൽ നിന്നും വൊഫയിലെ കർഷകരെ സന്ദർശിച്ചു. ജപ്പാനിൽ നിന്നും സന്ദർശനത്തിനായി എത്തിയ സംഘം വൊഫയിലെ അംഗങ്ങളായ കർഷകരെ സന്ദർശിച്ചത് വേറിട്ടൊരു അനുഭവമായിരുന്നു.

**അംഗത്വ വിതരണം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവകൃഷി സാക്ഷ്യപത്ര പദ്ധതിയിലുള്ള മുഴുവൻ കർഷകർക്കും വൊഫയിൽ അംഗത്വം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ജനുവരി മാസം 31 നകം മുഴുവൻ കർഷകർക്കും വൊഫയിൽ അംഗത്വം നൽകുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**വരുമാന വർദ്ധക പദ്ധതികൾ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സാമൂഹിക മേഖലയിലെ പ്രവർത്തന സംരംഭമായ Income Generation Programme (IGP) ഡിസംബർ മാസത്തിൽ സോപ്പ്, സോപ്പ് പൊടി, ഹാർപ്പിക്, ഫിനോയിൽ, ലിക്വിഡ്, സോപ്പ് തുടങ്ങിയ 20 ൽ പരം നിത്യോപയോഗ വസ്തുക്കൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലന പരിപാടികൾ തൊണ്ടർനാട്, കണിയാരം, പൊർളോം, പനമരം, കുറുമ്പാലക്കോട്ട, കാവുംമന്ദം, പനമരം എന്നിവിടങ്ങളിൽ നടത്തി.

**ജനാരോഗ്യ സെമിനാർ**

2013 ഡിസംബർ 20–ാം തീയതി WSSS ന്റെ യും വയനാട് ഗാന്ധി ദർശൻ വേദിയുടെയും ആഭിമുഖ്യത്തിൽ WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വച്ച് ജനാരോഗ്യ സെമിനാർ നടത്തി. റവ. ഫാ. മാത്യു കാട്ടറത്ത് അദ്ധ്യക്ഷത വഹിച്ചു. മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സെമിനാർ ഉദ്ഘാടനം ചെയ്തു. ശ്രീ. എം. പി. ചന്ദ്രശേഖരൻ നായർ, ശ്രീ. രവീന്ദ്രൻ നായർ എന്നിവർ ആശംസകളർപ്പിച്ചു. 'പ്രകൃതി ജീവനം' എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. ജേക്കബ് വടക്കാഞ്ചേരി ക്ലാസ്സ് നയിച്ചു. കെ.ഒ. ജോയി സ്വാഗതവും സി. കെ. ഉണ്ണികൃഷ്ണൻ മാസ്റ്റർ നന്ദിയും രേഖപ്പെടുത്തി.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ് (KLM)

കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനം മാനന്തവാടി രൂപതയിൽ നല്ല രീതിയിൽ മുന്നോട്ട് പോകുന്നു.

**സുരക്ഷാ എൻറോൾമെന്റ്**

അഡോറേഷൻ കോൺവെന്റ് പുൽപ്പള്ളി, സെന്റ് സെബാസ്റ്റ്യൻ ചർച്ച് വാളവയൽ എന്നിവിടങ്ങളിൽ ഡിസംബർ മാസം സുരക്ഷാ എൻറോൾമെന്റ് നടന്നു.

**പുതുക്കൽ**

കേന്ദ്രഗവൺമെന്റിന്റെ 'സ്വാവലംബൻ' പദ്ധതിയായ 'സുരക്ഷ' യുടെ പുതുക്കൽ ഇടവക കേന്ദ്രീകരിച്ച് ചെയ്തുവരുന്നു. വയനാട് ജില്ലാ ക്ഷേമനിധി ഓഫീസിൽ ചെറുകിടതോട്ടം തൊഴിലാളികളുടെ ക്ഷേമനിധി പുതുക്കി.

**സ്വതന്ത്ര നിർമ്മാണ തൊഴിലാളി യൂണിയൻ**

ഈ ക്ഷേമനിധിയിൽ മെമ്പർഷിപ്പ് എടുത്തിട്ടുള്ള അംഗങ്ങൾ മാർച്ച് മാസം പുതുക്കുന്നതിനുള്ള ക്രമീകരണം ചെയ്യേണ്ടതാണ്. KLM ന്റെ വിവിധ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവർ 'അക്ഷയ' കേന്ദ്രങ്ങളുമായി എത്രയും പെട്ടെന്ന് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**പ്രത്യേക അറിയിപ്പ്**

സ്വാലംബൻ പദ്ധതിയിൽ (സുരക്ഷ) അംഗങ്ങളായിട്ടുള്ളവർ എത്രയും പെട്ടെന്ന് പുതുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. ബിജോ കറുകപ്പള്ളി**
KLM ഡയറക്ടർ

## MARY MATHA ARTS & SCIENCE COLLEGE

**Tidings December 2013 – January 2014**

- Mary Matha College went on Official Mourning for Three Days at the news of the SadDemise of its Founder - Manager, Msgr Dr Joseph Kaniamattom on 17 January. When Rev. Fr Chandy Punakkatt, the Manager announced the parting of its dear Founder-Manager, the whole College was enveloped by gloom ! Both the Manager and the Principal held meeting with the Heads of Depts followed by the Teaching and Administrative Teams to condole the Passing Away of our beloved Founder-Manager. All Activities of the College including the Out Door Events of the Arts Festival were wound up till Monday, and the College Community paid Tributes to Msgr Dr Joseph Kaniamattom during the Funeral Service on 18 January, and advertised the same in the leading Daily, Malayala Manorama. Along with the Patron and the Former Managers of the College, Smt Rosakkutty Teacher, Chairperson of the State Women's Commission, instrumental in materializing the College, was also present at the Funeral.
- The Principal attended the Golden Jubilee Alumni Meet in honour of the Former Principals & Teachers, *'Guruvandanam'* in Nirmalagiri College, Kuthuparamba on 21 December along with the Patron, Rt Rev. Dr Jose Porunnedom.
- Regi Francis, Asst Prof. & Head of Commerce attended the National Seminar on *Contemporary Issues of Research Methodology in Social Science* in the Govt College, Kalpetta, 25–26 November.
- The NSS Annual Special Camping was held at *Thudi Tribal Research Centre*, Eichome during the X'mas holidays. Sri Sabu O.J. and Ms Lisha A. coordinated.

- The College reopened on 30 December after the month-long University Semester-end Exams and the X'mas Holidays. The New Year was celebrated on 1 January in the Indoor Stadium.
- The Japan Shotokan Karate Association held the *Karate Training Camp* in the College during 4 –5 January.
- Dr P.K. Prasadan, the IQAC Coordinator led the Mock Visit in advance to the Peer Team Visit in the Pazhassi Raja College, Pulpally and at the St Pius College, Rajapuram. He attended the Doctoral Committee Meet in Zoology at the Kannur University and the Review Committee Meeting of the DST-funded Project *'Jeevani'* at the Community Radio *Mattoli*. His Research Paper co-authored with Dr Muzaffar of the UAE University is accepted for publishing in the Peer Reviewed Inter National *Journal of Biodiversity and Conservation.*
- Dr Savio James and Sri Biju Joseph attended the Workshop on *Curriculum Development and Syllabus Revision for the English Teachers of the Colleges that Offer a BA Program in Functional English* at the Kannur University, 7 January.
- Ms Rajitha Xaviour, Asst Prof. of Commerce presented a paper on the *Role of 'Uravu' in the Tourism Promotion of Wayanad* in the National Seminar on *Impact of Recent Changes in Tourism Industry* sponsored by the Dept of Collegiate Education, Govt of Kerala in the Govt College, Mananthavady, 7 December 2013, and presented a Paper on *Good Teacher-Student Relationship in Developing Successful Persons* in the National Seminar on *Student Mentoring, New Trends and Innovations in Higher Education* at the Don Bosco College, Bathery, 10 January 2014.
- The Dept of Zoology took the final Years on a *Study Tour* to the VSSC, Thumba in early January. Dr Mercy Ignatius and Sri Johnson Chirayil coordinated.
- Ms Ramya Krishnan, Asst Prof. of Commerce attended the *Multi-disciplinary National Seminar* at the Calicut University Centre in the Andrott Island in the Lakshwadeep, 12-14 January.
- The Outdoor Events in advance to the Arts Festival is held during 15, 16, and 17 January. The *Arts Festival* is scheduled for 22-24 Janu-

- The Students of the Commerce Dept came third in the *Commerce and Management* Fest at Don Bosco College, Bathery, 16 January.
- Our College Magazine, *'Pinne'* came third in the Pamban Madhavan Inter Collegiate Trophy Contest for the Best College Magazine instituted by the Kannur University. Dr Rakesh Kalia, the Staff Editor and the Student Editor, Ms Nayanthara Rajeev received the Award from the Vice Chancellor during the Award Ceremony at the Nileswaram University Campus on 22 January.
- Applications are invited for the Post of Principal, likely to be vacant by end-April: Qualifications as per UGC, University, and Govt of Kerala norms. Those interested may download the application forms from the College Website, *www.marymathacollege.org* accompanied by DD for Rs.500/- in favour of the Principal, and submit the same within 30 days from the date of the ad posted in the *University News,* New Delhi.

**Dr. Raju George**
Principal

# അറിയിപ്പുകൾ



## 1. വിൻസെൻഷ്യൻ വൈദിക വിദ്യാർത്ഥികൾ നയിക്കുന്ന ജീസസ്മിഷൻ ധ്യാനം

ഏപ്രിൽ, മെയ് മാസങ്ങളിൽ ഇടവകകൾതോറും നടത്തുന്ന കുട്ടികളുടെ മൂന്നുദിവസത്തെ ജീവിത നവീകരണ ധ്യാനവും കൂട്ടായ്മയും.

- കുഞ്ഞുമക്കളെ ദൈവാനുഭവത്തിലേക്കു നയിക്കുന്ന വചനശുശ്രൂഷകൾ
- സ്വർഗ്ഗീയാനുഭൂതി പകരുന്ന ആരാധന നിമിഷങ്ങൾ
- ദൈവികജീവനേകുന്ന ദിവ്യബലി
- ബൈബിൾ സന്ദേശം ഉൾക്കൊള്ളുന്ന Action Song, Audio-Visual Programme.
- ദൈവ-മനുഷ്യ അനുരഞ്ജന ശുശ്രൂഷ
- സാക്ഷ്യമേകുന്ന ബൈബിൾറാലി
- ആത്മീയാനുഭൂതി പകരുന്ന ഗാനശുശ്രൂഷകൾ
- സൗഹൃദം വളർത്തുന്ന സ്നേഹവിരുന്ന്

ജീസസ് മിഷൻ ധ്യാനം നടത്തുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക:

Director, Jesus Mission,
Vincentian Vidyabhavan,
P.B.No. 603,
U.C. College P.O.,
Aluva - 683102,
Phone: 9605176689, 0484-2604404, 2605147

• • • • •

## 2. കത്തോലിക്കാ കോൺഗ്രസ് ഏർപ്പെടുത്തിയിരിക്കുന്ന അവാർഡുകൾക്ക് അപേക്ഷ ക്ഷണിക്കുന്നു.

1. ഒ. എം. ജോൺ ഓലിക്കൽ അവാർഡിന് മതാധ്യാപനരംഗത്ത് 20 കൊല്ലത്തിൽ കുറയാതെ സേവനപാരമ്പര്യമുള്ള മതാധ്യാപകർക്ക് അപേക്ഷിക്കാം. രൂപതകളിൽ മതാധ്യാപന ചാർജ്ജ് വഹിക്കുന്ന ഡയറക്ടർമാർ, ഇടവകവികാരിമാർ, സൺഡേസ്കൂൾ ഹെസ്മാസ്റ്റർമാർ എന്നിവർക്ക് പേരുകൾ നിർദ്ദേശിക്കാം. തെരഞ്ഞെടുക്കപ്പെടുന്ന മൂന്ന് പേർക്ക് 5000 രൂപ വീതം ക്യാഷ് അവാർഡും പ്രശസ്തിപത്രവും നൽകും. നിർദ്ദേശിക്കപ്പെടുന്ന ആളിന്റെ മതബോധന പ്രവർത്തനത്തിന്റെ വിശദവിവരങ്ങൾ കാണിച്ചിരിക്കണം.
2. സാമൂഹ്യ, സാംസ്കാരിക, വിദ്യാഭ്യാസ, കലാസാഹിത്യ മേഖലകളിൽ മികച്ച സേവനം അനുഷ്ഠിക്കുന്ന വ്യക്തികൾക്ക് സിറിയക് കണ്ടത്തലിന്റെ സ്മരണാർത്ഥം കത്തോലിക്കാ കോൺഗ്രസ് ഏർപ്പെടുത്തിയിരിക്കുന്ന അവാർഡ് വ്യക്തികൾക്കും, പ്രസ്ഥാനങ്ങൾക്കും ശുപാർശ നടത്താവുന്നതാണ്.
3. മിഷൻലീഗ് സ്ഥാപകനേതാവ് പി.സി. എബ്രഹാം പുല്ലാട്ടുകുന്നേലിന്റെ സ്മരണയ്ക്ക് കത്തോലിക്കാ കോൺഗ്രസ് ഏർപ്പെടുത്തിയിരിക്കുന്ന നൂറ്റാണ്ടിന്റെ അൽമായ പ്രേഷിതൻ അവാർഡ് 5000 രൂപയും പ്രശസ്തി പത്രവുമാണ്. അൽമായ പ്രേക്ഷിതരംഗത്ത് മികച്ച സേവനം അനുഷ്ഠിക്കുന്ന അൽമായരുടെ പേരുകൾ നിർദ്ദേശിക്കാവുന്നതാണ്.
4. മികച്ച സാമൂഹ്യസേവനത്തിനും, സാഹിത്യകൃതിക്കും, കലാകായിക വേദികളിലെ മികച്ച സേവനത്തിനും മികവു തെളിയിച്ച് പ്രശസ്ത സേവനം അനുഷ്ഠിക്കുന്നവർക്ക് അവാർഡുകൾ നൽകുന്നു. സാഹിത്യത്തിനുള്ള നോമിനേഷനോടൊപ്പം ബന്ധപ്പെട്ട സാഹിത്യകൃതികളുടെ മൂന്നു കോപ്പികൾ കൂടി സമർപ്പിക്കണം. 2009 മാർച്ച് 31-ന് ശേഷവും 2013 മാർച്ച് 31-ന് മുൻപ് സീറോ മലബാർ കത്തോലിക്കർ രചിച്ച് ഒന്നാം പതിപ്പായി പ്രസിദ്ധീകരിച്ചിട്ടുള്ള ഒറിജിനൽ പുസ്തകങ്ങൾ മാത്രമെ അവാർഡിനു പരിഗണിക്കുകയുള്ളൂ.
5. എം.വി. ഡൊമനിക് മണ്ണിപ്പറമ്പിൽ, മോൺ. ജോൺ കച്ചിറമറ്റം, അഡ്വ. സിറിയക് കണ്ടത്തിൽ, സി.വി. വർക്കി ചത്തമ്പടം, എന്നിവരുടെ സ്മരണയ്ക്കും, കത്തോലിക്കാ കോൺഗ്രസ് ഗോൾഡൻ

ജൂബിലി സ്മാരകമായും ഏർപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പുകൾക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകന്റെ പേര്, വീട്ടുപേര്, രക്ഷകർത്താവിന്റെ പേര്, പഠിക്കുന്ന വിദ്യാലയത്തിന്റെ പേര്, ക്ലാസ്, അപേക്ഷകന്റെ ഇടവകയിലെ കത്തോലിക്കാ കോൺഗ്രസ് ശാഖ പ്രസിഡന്റിന്റെ സാക്ഷ്യപത്രം (ശാഖയില്ലാത്തിടത്ത് ഇടവക വികാരിയുടെ സാക്ഷ്യപത്രം) കഴിഞ്ഞ പബ്ലിക് പരീക്ഷയുടെ മാർക്കുലിസ്റ്റിന്റെ കോപ്പി, തുടങ്ങിയ വിവരങ്ങൾ ഉണ്ടായിരിക്കണം.

മേൽപറഞ്ഞിരിക്കുന്ന അവാർഡുകൾക്കുള്ള അപേക്ഷകൾ അഡ്വ. ബിജു പറയന്നിലം, ജനറൽ സെക്രട്ടറി, കത്തോലിക്കാ കോൺഗ്രസ്സ്, കഞ്ഞിക്കുഴി, മുട്ടമ്പലം പി.ഒ., കോട്ടയം 680004 എന്ന വിലാസത്തിൽ 10-2-2014 മുൻപ് ലഭിച്ചിരിക്കണം.

**അഡ്വ. ബിജു പറയന്നിലം**



# Programme


## Pastoral Centre, Dwaraka

**February 2014**

| | | |
|---|---|---|
| 01 S | - | Zion C R C |
| 06 T | - | CML Executive |
| 08 S | - | Cat. HDC Exam |
| 09 S -12 W | - | Marriage Preparation Course |
| 11 T | - | Marian Singles |
| 15 S | - | Jesus Youth, CMA Executive, CASA (ലഹരി വിരുദ്ധ സെമിനാർ) |
| 16 S -20 T | - | Zion Retreat |
| 22 S | - | Cat. HDC VIVA |
| 23 S | - | Cat. HDC VIVA |
| 24 M -27 T | - | Young Priests' Course |
| 28 F | - | Zion CRC |

**Fr. Mathew Periappuram**
Director, Pastoral Centre

# Bishop's Programme



***February 2014***

| | |
|---|---|
| *01 Sat ....................* | *Valad : Blessing of Chapel* |
| *02 Sun ..................* | *Elapeedika: Pastoral Visit* |
| *03 Mon ................* | *Engaged* |
| *04 Tue 14 Fri..........* | *Palai: CBCI* |
| *16 Sun -17 Mon......* | *Bangalore: Blessing of the newly construed San Thome church* |
| *18 Tue ..................* | *Consultors' Meeting* |
| *19 Wed ................* | *Kadalmad: Blessing of Presbytery* |
| *20 Thu .................* | *Panavally: Blessing of Annex and Jubilee of Franciscan Brothers* |
| *21 Fri ....................* | *Out of Station* |
| *22 Sat ....................* | *Valad: Blessing of Presbytery* |
| *23 Sun ..................* | *Lakkidi: Pastoral Visit* |
| *24 Mon ................* | *Puzhamudi: Blessing of Presbytery* |
| *24 Mon 27 Thu ....* | *Junior Priests' Course* |
| *28 Fri ....................* | *Out of Station* |

***March 2014***

| | |
|---|---|
| *01 Sat ....................* | *Engaged* |
| *02 Sun ..................* | *Panamaram: Blessing of Padre Pio Shrine* |
| *03 Mon ..................* | *Ash Monday: Minor Seminary* |

| | |
|---|---|
| *05 Wed .................* | *Thavinjal: Blessing of the newly constructed school building* |
| *06 Thu .................* | *Dwarka: Meeting of Major & Local Superiors-Woman Religious* |
| *07 Fri ...................* | *Out of Station* |
| *08 Sat ..................* | *Dwaraka : Pastoral Council* |
| *09 Sun ..................* | *Thalapuzha: Pastoral Visit* |
| *10 Mon .................* | *Meeting of Major & Local Superiors-Men Religious* |
| *11 Tue ..................* | *Engaged* |
| *12 Wed .................* | *Priests' Conference* |
| *13 Thu 14 Fri ........* | *Ernakulam : Labour Commission Meeting* |
| *15 Sat 16 Sun ........* | *Thuckalay* |
| *17 Mon .................* | *Visitors' Day* |
| *18 The .................* | *Engaged* |
| *19 Wed .................* | *Kunjhome: Foundation stone Laying of the new church* |
| *21 Fri ..................* | *Out of Station* |
| *22 Sat ..................* | *Thelpara: Blessing of Assumption School* |
| *23 Sun 29 Sat ........* | *Out of Station* |
| *30 Sun ................* | *Pathiripadam: Holy Mass* |
| *31 Mon .................* | *Visitors' Day* |